
ഗിരിദീപം



ol. 2 No. 10 APRIL 1963 13nP.

വി. കൊച്ചുത്രേസ്യായുടെ ചിന്തകൾ

ഏപ്രിൽമാസം

1. ഈശോയെ ന്യായാധിപന്മാർ വിസ്തരിച്ചപ്പോൾ തന്റെ സ്നേഹിതന്മാരുടെ എണ്ണം കുറവായിരുന്നു
2. 'എനിക്കു ദാഹിക്കുന്നു' അങ്ങയുടെ നിലവിളി എന്റെ ഹൃദയത്തെ മുറിപ്പെടുത്തി
3. ഈശോയെ ഞങ്ങളേയും കുരിശിൽ തറയ്ക്കണമെ
4. കുരിശുംവഹിച്ചു് അങ്ങെ പിഞ്ചെന്നു മരിക്കുവാൻ ഞാനാഗ്രഹിക്കുന്നു
5. നാം ഉയരുവാൻ തുടങ്ങുന്നു; ഈശോയോ എന്നാൽ എളിമയുടെ താഴ്വരയിൽ കിടന്നഴലുന്നു
6. സ്നേഹിക്കുന്നവർക്കു് സ്നേഹം അനുഭവപ്പെട്ടിട്ടില്ലെങ്കിലും, ഈശോയെ നിന്നെ സ്നേഹിക്കുന്നു എന്നു പറയുവാൻ മടിക്കരുതു്
7. സ്വാർത്ഥരഹിതരായി ജീവിക്കുവാൻ നിരന്തരം പരിശ്രമിക്കുക
8. ഈശോയെ സ്നേഹിക്കുക; അവിടുത്തെ സ്നേഹിപ്പിക്കുക ഇതായിരിക്കട്ടെ നമ്മുടെ ഏകജോലി
9. വി. കൊച്ചുത്രേസ്യാ കർമ്മലമഠത്തിൽ പ്രവേശിച്ച ദിനം (1889). നിന്നെ സ്നേഹിച്ചു് പാടുപെട്ടു മരിക്കാൻ ഞാനാഗ്രഹിക്കുന്നു
10. നിസ്സാരമായ യാതൊന്നും ആകയാൽ ഒന്നും ഉപേക്ഷിക്കാതെ സ്നേഹത്തോടെ വർത്തിക്കുക
11. നാം ആരെന്നും നമ്മുടെ യോഗ്യതകൾ എന്തെന്നും സ്വർഗ്ഗത്തിൽവച്ചേ നാം ഗ്രഹിക്കയുള്ളൂ
12. നമ്മോടുള്ള ഈശോയുടെ സ്നേഹമറിയുന്നതു് നമുക്കയയ്ക്കുന്ന കുരിശിന്റെ മുഴുപ്പിൽനിന്നത്രെ
13. പുഷ്പങ്ങളെ മുള്ളുകളുടെ ഇടയിൽനിന്നു പറിക്കേണ്ടിവന്നാലും സദാ പാട്ടുപാടിക്കൊണ്ടതു നിർവഹിക്കുക
14. അതിരും എതിരും ഇല്ലാതെ യാത്ര തുടരണമെങ്കിൽ സ്നേഹത്തെ നാം പിൻചൊല്ലണം

ഫോൺ: 41

ഗിരിദീപം

1963 ഏപ്രിൽ

ഒറ്റപ്രതി 13 നപ.

വാർഷികവരിസംഖ്യ 1 കു. 50 നപ.


വിഷയവിവരം

പുത്തൻസെമിനാരി	...	3
നമ്മുടെ വിദ്യാഭ്യാസരംഗം	....	4
കുട്ടികൾക്കു് വന്ധ്യപിതാവിന്റെ കത്തു്	....	5
അമ്മച്ചി (ജി. സി ടീച്ചർ)	..	7
ക്രിസ്തുമതം ആഫ്രിക്കയിൽ (ജോസ് തച്ചിൽ)	...	11
മലനാടു് (കവിത) (തിരുവമ്പാടിബനഡിക്ടു്)	....	13
സ്വപ്നകുമാരി (ചെറുകഥ) (തോമസ് വട്ടക്കുന്നേൽ)		14
വേദനിപ്പിക്കുന്ന യാഥാർത്ഥ്യം (ജോർജ്ജു് വലിയതാഴത്തു്, സിക്കന്ദരാബാദു്)	....	18
സുപ്രസിദ്ധമായ കോടഞ്ചേരി (വിദ്വാൻ ജെ. അബ്രാഹം)	...	20
ജോർജ്ജു് വാഷിംങ്ങ്ടൻ (കെ. ജി.)	....	25

മുഖചിത്രം:

പുതിയ സെമിനാരി

15. സമസ്തവും ദൈവത്തിനു്. ഒന്നു് നേരിട്ടെന്നും മറ്റുള്ളതു് ദൈവത്തെ അന്യരിൽ ദർശിച്ചുകൊണ്ടും എന്ന വ്യത്യാസമാത്രം
16. നമ്മെ പഠിപ്പിക്കുവാൻ ദൈവത്തിനു മറ്റുപകരണങ്ങൾ ആവശ്യമില്ല. അവിടുന്നു മനസ്സായാൽ മാത്രംമതി



ഇന്റർനൺഷ്യോ തിരുമേനി സെമിനാരി സന്ദർശിച്ചപ്പോൾ

പത്രാധിപർ: ഫാദർ ജി. കഴിക്കച്ചാലിൽ

GIRI DEEPAM

ഗിരിദീപം

ദൈവത്തിനും രാജ്യത്തിനുംവേണ്ടി

പുസ്തകം 2] 1963 ഏപ്രിൽ [ലക്കം 10

പുത്തൻ സെമിനാരി

DHARMARAM 17967

അങ്ങനെ മലബാറിന്റെ ആദ്ധ്യാത്മികപൗവർ ഹൗസ് ഉയർന്നുകഴിഞ്ഞു! ഇക്കഴിഞ്ഞ മാച്ച് 19-ാം തിയതി തലശ്ശേരിയിൽ അനേകം വൈദികരുടേയും പ്രശസ്തവ്യക്തികളുടേയും സാന്നിധ്യത്തിൽ വണ്ണശബളമായ ചടങ്ങുകളോടുകൂടി വന്ദ്യമെത്രാനച്ചൻ തിരുമനസ്സുകൊണ്ട് ഉൽഘാടനംചെയ്ത സെന്റ് ജോസഫ്സ് മൈനർസെമിനാരിയാണ് ആ പുത്തൻ പൗവർഹൗസ്. ആ വിദ്യൽകേന്ദ്രത്തിൽനിന്നാണ് ഇനിമേൽ മലബാറിന്റെ വൈദ്യുതദീപങ്ങൾ ഉയിരെടുക്കുക. മനുഷ്യന്റെ ജീവിതലക്ഷ്യം ഈ ലോകത്തിലെ നിസ്സാരനേട്ടങ്ങളല്ല, അതിനപ്പുറം കടന്നു ദൈവസന്നിധിയിൽ എത്തുപെട്ട് സ്വർഗ്ഗസൗഭാഗ്യം അനുഭവിക്കുകയെന്നതാണ്. മഹത്തായ ആ യജ്ഞത്തിൽ ആത്യന്ത്യകമായ സഹായസഹകരണങ്ങളുമായി ഓടിയെത്തുന്ന ദിവ്യപ്രകാശമാണ് വൈദികൻ. മഹോന്നതമായ ആ രംഗത്തേയ്ക്ക് വൈദികനെ ശക്തനാക്കി അയയ്ക്കുന്ന അണിയറയാണ് സെമിനാരി.

തലശ്ശേരിരൂപതയുടെ ഒരു ചിരകാലപ്രതീക്ഷ ഇത്ര വിജയകരമാംവിധം ഫലമണിഞ്ഞതിൽ അവളുടെ വത്സലസംരക്ഷകനായ വി. യൗസേപ്പുപിതാവിനു നമുക്കു നന്ദിപറയാം. അനേകമനേകം ചരിത്രസംഭവങ്ങൾക്കു ദിക്സാക്ഷിയായ അറേബ്യൻകടലിന്റെ തീരത്തു ഈ പുത്തൻസെമിനാരി പണുതുയർത്തുവാൻ നിശ്ചയിച്ച വന്ദ്യപിതാവിനേറെയും മറ്റു ഭാരവാഹികളുടേയും ഭാവനാത്മകമായ ദീർഘദൃഷ്ടി തികച്ചും ശ്ലാഘനീയമായിരിക്കുന്നു. അലയടിച്ചുലയടിച്ച് ആ ത്തിരമ്പുന്ന ജീവിതസാഗരത്തെ, അറബിക്കടലിന്റെ മണൽത്തിട്ടയിലിരുന്നു വിലയിരുത്തി പഠിക്കുവാൻ അനേകായിരം ജീവിതങ്ങളുടെ വിധാതാക്കളാവാനുള്ള സെമിനാരിവിദ്യാർത്ഥികൾക്ക് ഇതിലേറെ സുന്ദരമായ ഒരു പശ്ചാത്തലം മറെറവിടെയാണു ലഭിക്കുക! ദൈവവുമായി ഐക്യപ്പെട്ട് സുകൃതസോപാനത്തിന്റെ ചവിട്ടുപടികൾ എണ്ണിക്കയറുവാൻ ഇതിനേക്കാൾ സമുചിതമായ സ്ഥലം വേറെ ഏതാണുള്ളതു! വൈദികപരിശീലനത്തിന്റെ ബാലപാഠങ്ങൾ മനഃപാഠമാക്കുന്നതോടൊപ്പം കടിച്ചാൽ പൊട്ടുകയില്ലാത്ത ലത്തീൻവ്യാകരണവും അതിപുരാതനമായ സുറിയാനിഭാഷയും ചവച്ചരച്ചു കടിക്കുവാൻ ആവശ്യകമായ ചൂടിനു ചൂടും തണുപ്പിനു തണുപ്പും കാറിനു കാറും അനുസൃതം പ്രദാനംചെയ്യുന്ന പ്രകൃതിയിലാണ് ഈ നവീനമന്ദിരം നിലകൊള്ളുന്നതു.

ഇങ്ങനെ എല്ലാംകൊണ്ടും ഒത്തിണങ്ങിയ ഒരു സെമിനാരി കരുപ്പിടിപ്പിക്കുവാൻ തലശ്ശേരിരൂപതയിലെ എല്ലാ ഇടവകകളും എല്ലാ കുടുംബങ്ങളും ആത്മാർത്ഥമായി സഹായിച്ചിട്ടുണ്ട്; കൂടാതെ പല ഉദാരമതികളും ഉന്നതസ്ഥാപനങ്ങളും. ആ പിന്നണിസഹകരണം നൂറുശതമാനവും അർത്ഥസമ്പുഷ്ടമാക്കിക്കൊണ്ട് എല്ലാവിധ ആധുനികസജ്ജീകരണങ്ങളോടും എന്നാൽ ഒരു സെമിനാരിയുടെ അന്തസ്സിനു് അനുയോജ്യമായ ഗാംഭീര്യത്തോടുംകൂടി ബ്രഹ്മാണ്ഡമായ ഈ സെമിനാരിക്കെട്ടിടം പൂർത്തിയാക്കിയ വിദഗ്ധസ്ഥങ്ങൾ അഭിനന്ദനമർഹിക്കുന്നു. വിശിഷ്യ വെരി. റവ.ഫാദർ അഗസ്റ്റിൻ നടുവിലേക്കരറ്റ്. അദ്ദേഹത്തിന്റെ ശില്പകലാബോധവും പ്രായോഗികബുദ്ധിയും അവിശ്രമപരിശ്രമവുമാണ് ഈ സ്ഥാപനത്തെ ഇത്ര സൗകര്യപ്രദമാക്കിത്തീർത്തിരിക്കുന്നതു്. അദ്ദേഹത്തിനു് പ്രത്യേകം അഭിനന്ദനം.

ഈ വിശിഷ്ടസ്ഥാപനത്തിൽ പഠിക്കുന്നവരും, പഠിക്കുവാനുള്ളവരും ഇതിന്റെ പരിപാവനവും പരമപ്രധാനവുമായ ആദർശം സ്വജീവിതത്തിൽ തെളിയിക്കട്ടെ. അവർ കണ്ട ലോകത്തെ മെച്ചപ്പെട്ടതാക്കാൻ അവർതന്നെ തിരഞ്ഞെടുത്ത മഹത്തരമായ ആ ജീവിതാവസ്ഥ പൂവണിയാൻ ഈ വിദ്യാസദനത്തിലെ തണലും വളവും പ്രയോജനപ്പെടട്ടെ. നമ്മുടെ പിതാവായ തോമാശ്ലീഹായേയും നമ്മുടെ രണ്ടാം അപ്പസ്തോലനായ ഫ്രാൻസീസ് സേവിയറേയും നമ്മുടെ മണ്ണിലെത്തിച്ചുതന്ന അറബിക്കടലിന്റെ കുഞ്ഞുതിരകൾ ഓടിയോടി ഈ സെമിനാരിപ്പടിക്കൽ വന്നു മുട്ടുമ്പോൾ നമുക്കിനി പറയാം കടലലകളെ നിങ്ങൾ സന്തോഷിച്ചു എന്നു് നിങ്ങൾ തിരിച്ചു് അങ്ങു ദൂരെ ദൂരെ ചെല്ലുമ്പോഴും ഈ സന്തോഷവാർത്ത അറിയിച്ചു. ഞങ്ങളുടെ ആ പൂർവ്വപിതാക്കന്മാർ കൊളുത്തിയ വിശ്വാസദീപം ഈ മലബാറിലെ മലമേടുകളിൽ മാത്രമല്ല, ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലും പ്രകാശം പരത്തുവാൻ കരുത്തേകുന്നൊരു പൗവർഹൗസ് സംജാതമായിരിക്കുന്നു.

❖❖❖❖❖❖❖❖

പത്രാധിപക്കുറിപ്പുകൾ

നമ്മുടെ വിദ്യാഭ്യാസരംഗം

നമ്മുടെ വിദ്യാഭ്യാസരംഗത്തു് ഏറ്റവും വലിയ സംഭാവന നൽകി സാക്ഷരതയിൽ കേരളത്തെ മുൻപന്തിയിലെത്തിച്ചതു് ക്രിസ്ത്യൻ മിഷനറിമാരാണു്. ഇംഗ്ലീഷുവിദ്യാഭ്യാസവും പ്രാഥമിക വിദ്യാലയങ്ങളും കേരളനാട്ടിൽ ആരംഭിച്ചതു് മിഷനറിമാരുടെ ആഗമനത്തോടുകൂടിയാണല്ലോ. അവരുടെ ത്യാഗപൂർണ്ണമായ സേവനഫലമായി നിലവിൽ സ്ഥാപകൾ കേരളത്തിലാരംഭിച്ചു. അന്നത്തെ രാജാക്കന്മാരും അവരുടെ ഗവണ്മെൻറും മിഷനറിമാരെ കൈമുറന്ന സഹായിച്ചു. ഇന്നു ബുദ്ധിജീവികളായ കേരളീയർ ലോകത്തിലെ എല്ലാ പരിഷ്കൃതനാടുകളിലും മികച്ച പൗരന്മാരായി ശോഭിക്കുന്നെങ്കിൽ അതിൻറെ കാരണം ആരും അജ്ഞാതമല്ല. വർഷങ്ങൾക്കുമുറം അതിരുകാച്ചി ഗവണ്മെൻറുകളും ഡിപ്പാർട്ടുമെൻറ് മേധാവികളും ചെയ്തിട്ടുള്ള പ്രോത്സാഹനപരമായ വിദ്യാഭ്യാസസൗകര്യങ്ങളെപ്പറ്റി ഇന്നത്തെ ഭരണാധികാരികൾ വല്ലതും അറിയുന്നുണ്ടോ! ഇന്നാകട്ടെ എല്ലാ രംഗത്തും വിദ്യാഭ്യാസപ്രവർത്തകരെ നിരുത്സാഹപ്പെടുത്തുവാനുള്ള ശ്രമമാണു്. കുപ്രസിദ്ധവും കമ്മ്യൂ. ഗവണ്മെൻറിൻറെ പരാജയത്തിനിടയായതുമായ മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസബില്ലു് ഈ രംഗത്തു് ധാരാളം വൈഷമ്യങ്ങളെ വരുത്തിവച്ചിട്ടുണ്ടു്.

നമ്മുടെ വിദ്യാഭ്യാസരംഗം നാൽക്കാൽ അധഃപതിച്ചുവരുന്നെന്നു് വിദ്യാഭ്യാസമന്ത്രിയുടെയായ മുഖ്യമന്ത്രി ഈ ബഡ്ജറ്റ് സമ്മേളനത്തിൽ പ്രസ്താവിക്കുകയുണ്ടായി. നേരെയാക്കാൻ ശ്രമം നടത്തുന്നുണ്ടെന്നും അതിനൊരു ഭഗീരഥപ്രയത്നം ആവശ്യമാണെന്നും ഉടൻതന്നെ വ്യസനപൂർവ്വം നടത്തിയ പ്രസ്താവനകൾ അസംബളി രംഗത്തെ കൂട്ടത്തൽ പ്രക്ഷുബ്ധമാക്കി. സ്റ്റെയിറിൻറെ വരുമാനത്തിൽ വലിയ പങ്കു് വിദ്യാഭ്യാസത്തിനുവേണ്ടി വിനയോഗിച്ചിട്ടും 23 കോടി ഈ രംഗത്തു് സംതൃപ്തരായവർ ചുരുക്കമാണല്ലോ. പുതിയ സ്കൂളുകൾ അനുവദിച്ചു് കൂട്ടത്തൽ സൗകര്യം നൽകാൻ ഗവ.ന്റെ സാമ്പത്തിക കഴിവു് അനുവദിക്കുന്നില്ല. കേരള വിദ്യാഭ്യാസബില്ലും ശമ്പളപരിഷ്കാരവും പനമ്പള്ളി പദ്ധതിയും മാനേജുമെൻറിനെ വരിഞ്ഞുകെട്ടി ശ്വാസം മുട്ടിക്കുന്നു. അധ്യാപകരാകട്ടെ ഭൂതകാലത്തേക്കാൾ മെച്ചമായ ശമ്പളം പറ്റുന്നുണ്ടെങ്കിലും പൊതുവെ അവരും അസംതൃപ്തരാണു്. രാജ്യത്തു് ഉടനീളം കാണുന്ന ഗവ. വിദ്യാലയങ്ങളാകട്ടെ യാതൊരു സൗകര്യവുമില്ലാത്ത ജീർണ്ണിച്ച ഷെഡ്കുകളാണു്. ഇങ്ങനെ വിദ്യാഭ്യാസരംഗത്തെ അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷാകർത്താക്കൾ, മാനേജുമെൻറു് എന്നിവരടങ്ങുന്ന ഒരു പോലെ അസംതൃപ്തരാണു്. വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറുതന്നെ കുത്തഴിഞ്ഞ ഒരു പുസ്തകംപോലെ അട്ടക്കം ചിട്ടയുമില്ലാതെ ഇഴഞ്ഞു തിരിയുന്ന ഒരു യന്ത്രമായി രൂപാന്തരം പ്രാപിച്ചുകഴിഞ്ഞു.

മലബാറിലെ മലയോരങ്ങളിലാകട്ടെ പിഞ്ചുകുട്ടികൾക്കു പ്രാഥമികവിദ്യാഭ്യാസത്തിനുപോലും സൗകര്യമില്ല. പണ്ടുകാലത്തു് ആരംഭിച്ച ഏതാനും സ്വകാര്യവിദ്യാലയങ്ങൾ ഇന്നു് ആവശ്യത്തിനു കുട്ടികളും അധ്യാപകരും കെട്ടിടവുമില്ലാതെ മലബാറിൻറെ മാറിനൊരു കളങ്കമായി ലജ്ജിച്ചുനില്ക്കുമ്പോൾ, കടിയേറാസ്ഥലങ്ങളിൽ ധാരാളം പിഞ്ചുപൈതങ്ങൾ ഒരു വിദ്യാലയത്തിൻറെ കവാടം കാണാൻ കൊതിച്ചു കഴിയുന്ന കാഴ്ചയുണ്ടോ അങ്ങു് തിരുവനന്തപുരത്തിരിക്കുന്ന ജനപ്രതിനിധികളും മന്ത്രിമാരും കാണുന്നു! രണ്ടുനു കൊല്ലങ്ങളായി ആവശ്യമുള്ള സ്ഥലങ്ങളിൽ വിദ്യാലയങ്ങളനുവദിക്കുന്നതിനുപകരം അടുത്തടുത്തു് വിദ്യാലയങ്ങളനുവദിച്ചു് നിലവിലുള്ള വിദ്യാലയങ്ങളെ ബുദ്ധിമുട്ടിക്കുന്ന ചില സംഭവങ്ങളും ചരിത്രവസ്തുതകളാണു്. ആവശ്യത്തേയും ഉപകാരത്തേയും അതിലംഘിച്ചു് പാർട്ടിസ്വാധീനതയിലും വ്യക്തിമാഹാത്മ്യത്തിലും ചില സരസ്വതിക്ഷേത്രങ്ങൾ അനുവദിക്കപ്പെട്ടിട്ടുള്ള സമ്പ്രദായം മലിനമസമായ കേരളരാഷ്ട്രീയത്തിലെ ദുർഘടസ്വഭാവമായ മറ്റൊരു സ്ഥിതിവിശേഷമാണു്. സമൂഹത്തേയും നാടിനേയും സേവിക്കുന്നതിനുപകരം പാർട്ടിക്കും വ്യക്തികൾക്കും സംതൃപ്തി നല്കുവാനുള്ള പ്രവണതയും നമ്മുടെ വിദ്യാഭ്യാസരംഗത്തെ അലങ്കോലപ്പെടുത്തുന്നു. അടിയന്തിരാവസ്ഥ നിലവിലിരിക്കുന്നസ്ഥിതിയ്ക്കു കൂടുതൽ വിദ്യാലയങ്ങളനുവദിക്കുന്നതിൽ ഗവണ്മെൻറിനു സാമ്പത്തികബുദ്ധിമുട്ടുകൾ വരുത്തിവയ്ക്കുമെന്നുണ്ടെങ്കിൽ ആരും പരാതിയില്ല. എങ്കിലും മലബാർ മലകളിൽ പിന്നോക്കപ്രദേശങ്ങളെ ഇക്കൊല്ലം അവഗണിച്ചതിനെന്തു സമാധാനം പറയാനുണ്ടു്? വിദ്യാലയങ്ങൾ ആവശ്യത്തിനില്ലാത്ത മലയോരങ്ങളിൽ കെട്ടിടം നിർമ്മിച്ചു് നാനൂറും അഞ്ഞൂറും പിഞ്ചുവിദ്യാർത്ഥികളെ ഇരുത്തി പഠിപ്പിക്കുന്ന ചില സ്കൂളുകൾ അംഗീകാരത്തിനപേക്ഷിച്ചിട്ടും ഗവണ്മെൻറ് അക്കാര്യം ശ്രദ്ധിക്കാതിരിക്കുന്നതു് വലിയ തെറ്റുതന്നെ. ഇതാണൊ ജനാധിപത്യം?

സ്വകാര്യവിദ്യാലയങ്ങൾ കൂട്ടത്തൽ തകർച്ചയിലേയ്ക്കു നീങ്ങുകയാണെന്നു് കേരളനിയമസഭാസ്പീക്കർ ശ്രീ പറമ്പിത്തറ പ്രസ്താവിച്ചിരിക്കുന്നു. ഇതിനുത്തരവാദപ്പെട്ടവരുടെ ശ്രദ്ധ അടിയന്തിരമായി പതിയേണ്ടിയിരിക്കുന്നു. ജനസംഖ്യാനുപാതികമായി നോക്കുമ്പോൾ കൂട്ടത്തൽ വിദ്യാലയങ്ങളുണ്ടാകേണ്ട സ്ഥാനങ്ങളിൽ അധ്യാപകശമ്പളം മുഴുവനും സർക്കാർതന്നെ കൊടുക്കുന്നതുമുഖേന കൂട്ടത്തൽ വിദ്യാലയങ്ങൾ അനുവദിക്കപ്പെടുന്നില്ല. അധ്യാപകർക്കുവേണ്ടി മുതലക്കണ്ണീർപൊഴിച്ചുകൊണ്ടു് വിദ്യാലയങ്ങളെ കൈയടക്കുവാനായി ആരംഭിച്ച പനമ്പള്ളിപ്പദ്ധതിയെ അന്നു ചില മാനേജർമാർ സ്വാഗതംചെയ്തതു് ആത്മഹത്യാപരമായിപ്പോയി. അന്നു് സ്വകാര്യവിദ്യാലയാധികൃതർ തങ്ങളുടെ സ്ഥാപനങ്ങളുടെ ഭാവിയെപ്പറ്റി ചിന്തിച്ചിരുന്നെങ്കിൽ വിദ്യാഭ്യാസരംഗം ഇന്നു് ഇത്ര വഷളാകുമായിരുന്നൊ? ഗവണ്മെൻറു് വിദ്യാലയനടത്തിപ്പിൽ അനധികൃതമായി കൈകടത്തുമായിരുന്നൊ?

വിദ്യാഭ്യാസരംഗത്തു് ഉടനീളം നടമാടുന്ന കച്ചവടമനഃസ്ഥിതിയും ഇന്നത്തെ വിദ്യാഭ്യാസനിലവാരത്തെ അധഃപതിപ്പിക്കുന്നില്ലേ? പാവനമായ ഈ രംഗത്തു് ഇന്നനുഭവപ്പെടുന്ന എല്ലാവിധ അനീതികളും അവസാനിപ്പിച്ചേ തീരൂ.

കുട്ടികൾക്കു വന്ദ്യപിതാവിന്റെ കത്ത്



വാത്സല്യകുഞ്ഞുങ്ങളേ,


പല കാരണങ്ങളാലും വളരെ പ്രധാനപ്പെട്ട ഒരു മാസമാണ് മാർച്ചുമാസം. വാർഷികപരീക്ഷകളുടെ ഓർമ്മയാണ് നിങ്ങളുടെ മനസ്സിൽ ഇപ്പോൾ ഉണ്ടാകുന്നതെന്ന് എനിക്കറിയാം. പലരുടേയും ഭാവി നിർണ്ണയിക്കുന്നത് ഈ പരീക്ഷകളാണ്. ഉത്സാഹിച്ചു പഠിക്കുന്നവർക്ക് സന്തോഷവും മടിയന്മാർക്ക് ഉൽകണ്ഠയും ഉളവാക്കുന്നവയാണ് പരീക്ഷകൾ. നിങ്ങളെല്ലാവരും ഉത്സാഹിച്ചു പഠിക്കുന്നവരാണല്ലൊ. അതുകൊണ്ടുതൽകണ്ഠയ്ക്ക് കാരണമൊന്നുമില്ല. എല്ലാവരും പാസ്സാകുന്നതിനുവേണ്ടി ഞാൻ പ്രത്യേകം പ്രാർത്ഥിച്ചുകൊള്ളാം.



മാർച്ചുമാസം 19-ാംതു നമ്മുടെ ശുപതയെ സംബന്ധിച്ചിടത്തോളം ഒരു പ്രധാന തിയതിയാണ്. ശുപതയുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പുപിതാവിന്റെ തിരുനാൾ ദിനം അന്നാണല്ലൊ. 9 വർഷങ്ങൾക്കുമുമ്പ് ഈ ശുപതയുടെ ഭരണഭാരം ഞാൻ സ്വീകരിച്ചതും ആ തിയതിയിലാണ്. ഇക്കൊല്ലം ആ തിയതിയിൽ ഒരു പ്രധാന കാര്യം നടന്നുപെന്നുള്ളതു നിങ്ങൾ അറിഞ്ഞുകാണുമല്ലൊ. അന്നാണു നമ്മുടെ ശുപതവക പുതിയ മൈനർസെമ്മിനാരിയുടെ ഉൽഘാടനം നടന്നതു്.

തലശ്ശേരിയിൽ കടൽക്കരയിൽ ഏറ്റവും സൗകര്യമുള്ള ഒരു സ്ഥലത്താണ് സെമ്മിനാരി ക്കെട്ടിടം സ്ഥിതിചെയ്യുന്നതു്. എല്ലാവിധ സൗകര്യങ്ങളോടുംകൂടിയ ഈ സെമ്മിനാരിക്കെട്ടിടം നമ്മിക്കുന്നതിനു് 3 ലക്ഷത്തിലധികം ശുപാചെലവായിട്ടുണ്ട്. സാധാരണ സെമിനാരികളിൽ ലഭിക്കാത്ത പലസൗകര്യങ്ങളും. നമ്മുടെ സെമ്മിനാരിയിലുണ്ടെന്നു പറയുന്നതിൽ തെറ്റില്ല. എന്നും കടലിൽ കുളിക്കുവാനുള്ള സൗകര്യം ഇവയിൽ ഒന്നുമാത്രമാണ്.

സെമ്മിനാരിയുടെ ഉൽഘാടനം നടന്ന ദിവസംതന്നെ സെമ്മിനാരി ചാപ്പലിൽവെച്ചു് മലബാറുകാരായ 5 ശമ്മാശന്മാർക്കു് വൈദികപട്ടം നല്കുകയുണ്ടായി.




സെമിനാരിയുടെ സ്റ്റഡിഹാളും സ്റ്റാഫ് കോർട്ടേഴ്സും

ാരാളും വൈദികരും ജനങ്ങളും ഈ ചടങ്ങിൽ സംബന്ധിച്ചിരുന്നു. അന്നു വൈദികപദവിയിലേയ്ക്കുയർത്തപ്പെട്ടവരിൽ രണ്ടുപേർ ചെമ്പേരി ഇടവകക്കാരും രണ്ടുപേർ തിരുവമ്പാടി ഇടവക്കാരും ഒരാൾ നടവയൽ ഇടവകക്കാരനുമാണു്. ഈ നവവൈദികരെ പ്രദാനംചെയ്ത ഇടവകകൾ എത്രയോ ഭാഗ്യപ്പെട്ടവ! ഈ നവവൈദികരുടെ മാതാപിതാക്കൾ എത്രയോ അനുഗ്രഹീതർ! സ്വന്തം മകനെ ഒരു വൈദികനായി കാണുക എന്നതിനേക്കാൾ വലിയൊരു ഭാഗ്യം മാതാപിതാക്കൾക്കു ഈ ലോകത്തിൽ ലഭിക്കുവാനില്ല! ഈ ഭാഗ്യം നിങ്ങളിൽ ആരുടെയെല്ലാം മാതാപിതാക്കൾക്കു ലഭിക്കും? അതു നിങ്ങളേയും അവരേയും വളരെയധികം ആശ്രയിച്ചിരിക്കുന്നുവെന്നു പറയാതെ നിവൃത്തിയില്ല.

എന്നു പണ്ടൊരു വല്യച്ചൻ പറഞ്ഞതു എത്ര പരമസത്യം! ശരിയാണു്, വൈദികജീവിതം ക്ലേശങ്ങൾ നിറഞ്ഞ ഒന്നുതന്നെയാണു്. എന്നാൽ ക്രിസ്തുവിന്റെ രക്ഷാകരജോലിതന്നെ തുടരുന്ന വൈദികനു് അനുഭവപ്പെടുന്ന ആദ്ധ്യാത്മികസന്തോഷവും സംതൃപ്തിയും എത്ര വലിയതാണെന്നു് അനുഭവിച്ചുതന്നെ അറിയേണ്ടതാണു്.

ദൈവവിളിയുള്ള എല്ലാ കുട്ടികൾക്കും പ്രവേശനം നല്കുന്നതിനുവേണ്ടിയാണു ഇത്രവലിയ ഒരു സെമിനാരി പണിയിച്ചിരിക്കുന്നതു്. നമ്മുടെ ശ്രുപതയിൽ ഇപ്പോൾ 10 ഹൈസ്കൂളുകളുണ്ടു്. അവയിൽ ഒമ്പതും പൂർണ്ണഹൈസ്കൂളുകളാണു്. നമുക്കു് ആവശ്യമുള്ളിടത്തോളം വൈദികവിദ്യാർത്ഥികളെ നമ്മുടെ ശ്രുപതയിൽനിന്നുതന്നെ കിട്ടുമെന്നാണു് എന്റെ പ്രതീക്ഷ. ദൈവവിളിയുള്ള കുട്ടികൾ കഴിയുന്നതും വേഗം എന്റെ പേക്കോ പെ. ബ. റെക്ടറച്ചന്റെ പേക്കോ അപേക്ഷകൾ അയയ്ക്കുക. ജീവിതാന്തസ്സു് തെരഞ്ഞെടുക്കുക എന്നുള്ളതു വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണു്. ദൈവം വിളിക്കുന്ന വഴിയിൽ കൂടി പോയാൽ മാത്രമെ ഉദ്ദിഷ്ടസ്ഥാനത്തു എത്തുവാൻ സാധിക്കുകയുള്ളൂ. ഓരോരുത്തർക്കും ഓരോ പ്രത്യേക ദൈവവിളിയുണ്ടു്. വൈദികനാകുവാൻ വിളിക്കപ്പെടുന്നവൻ കുടുംബജീവിതത്തിൽ പ്രവേശിക്കുകയോ, കുടുംബജീവിതത്തിനു വിളിക്കപ്പെടുന്നവൻ വൈദികാന്തസ്സിൽ പ്രവേശിക്കുകയോ ചെയ്യുന്നതു് അപകടമാണു്. ഒരാളുടെ ദൈവവിളി എന്താണെന്നു് എങ്ങനെയാണു് അറിയുക? ഇതു വലിയ പ്രയാസമുള്ള കാര്യമല്ല. നമ്മുടെ ആഗ്രഹങ്ങളേയും ചാച്ചിലുകളേയും കുമ്പസാരത്തിൽ ഒരു വൈദികന്റെ പക്കൽ വെളിപ്പെടുത്തിയാൽ അദ്ദേഹം ഈ കാര്യത്തിൽ വേണ്ട നിർദ്ദേശങ്ങൾ നല്കുന്നതാണു്. ശരിയായ വിവരങ്ങൾ അദ്ദേഹത്തിനു് നല്കിയിട്ടുണ്ടെങ്കിൽ അദ്ദേഹം ഇക്കാര്യത്തിൻ നല്കുന്ന ഉപദേശം സംശയംകൂടാതെ സ്വീകരിക്കാവുന്നതാണു്.

ദൈവവിളിയെ സംബന്ധിച്ചു് കൂടുതൽ നിർദ്ദേശങ്ങൾ ദൈവവിളിധ്യാനത്തിൽ സംബന്ധിച്ചാൽ ലഭിക്കുന്നതാണു്. ഉയിർപ്പുതിരുനാൾ കഴിഞ്ഞുവരുന്ന ആഴ്ചയിൽ നമ്മുടെ പുതിയസെമിനാരിയിൽവെച്ചു്



സെമിനാരി മറ്റൊരുദൃശ്യം

ഈ മാസം 13-ാംനു ആലുവാസെമ്മിനാരിയിൽവെച്ചു് അമ്പതോളം ശമ്മാശന്മാർക്കു് വിവിധ പട്ടങ്ങളും രണ്ടുപേർക്കു് വൈദികപട്ടവും നല്കുകയുണ്ടായി. ആലുവാസെമ്മിനാരിയിൽതന്നെ നമ്മുടെ ശ്രുപതസ്സുവേണ്ടി ഏറിൽപരം വൈദികവിദ്യാർത്ഥികൾ പഠിക്കുന്നുണ്ടെന്നുള്ളതു് സന്തോഷകരമാണു്. റോമിൽവെച്ചും കംഗലാപുരത്തുവെച്ചും നമ്മുടെ ഓരോ ശമ്മാശന്മാർ അടുത്തകാലത്തു വൈദികപദവിയിലേയ്ക്കുയർത്തപ്പെടുകയുണ്ടായി എന്നുള്ളതും പ്രസ്താവയോഗ്യമാണു്.

ശ്രുപത സ്ഥാപിച്ചശേഷം ആദ്യമായി സെമ്മിനാരിയിൽ പ്രവേശിച്ചവരാണു ഇപ്പോൾ വൈദികസ്ഥാനത്തേയ്ക്കുയർത്തപ്പെട്ട ഒമ്പതുപേർ. 9 കൊല്ലത്തെ ദീർഘമായ പഠനത്തിന്റേയും പ്രാർത്ഥനയുടേയും പരിത്യാഗത്തിന്റേയും ഫലമായിട്ടാണു് ഇവർ ഇന്നു ഈ മഹനീയപദവിയിൽ എത്തിയിട്ടുള്ളതു്. "അനുനാകാനും പ്രയാസം; അച്ചനായാലും പ്രയാസം"

അമ്മച്ചി

ജി. സി. ടീലാർ

(തുടർച്ച)

പിള്ളേർ പള്ളിക്കൂടത്തിൽനിന്നും വരികയാണു്. കൂട്ടത്തിൽ ഇളയ തോമ്മാക്കുഞ്ഞിനു് 7 വയസ്സേയുള്ളൂ പ്രായം. കുഞ്ഞൗസേപ്പു് അവനെ അടുക്കൽവിളിച്ചു തലോടിക്കൊണ്ടു ചോദിച്ചു: "എന്റെ മോനു് നല്ലോണം വെശക്കുന്നുണ്ടോ?" അവൻ പറഞ്ഞു: "അങ്ങനെ നല്ലോണം വെശക്കണം മറവില്ല. ഇപ്പഴൊക്കെ എമ്പിടി എമ്പിടി ചോറുണ്ണുണ്ടു്." അരിയുടെ പോക്കു് അയാൾ കണ്ടുപിടിച്ചു, അയാൾ വിവേകത്തിന്റെ പടിവാതില്ക്കൽ ചെന്നു മുട്ടുകയുംചെയ്തു.

അന്നുതന്നെ അയാൾ കുഞ്ഞുറോസിനെ വിളിച്ചിട്ടു പറഞ്ഞു: "എന്റേടീ, നിന്നോടു ഞാൻ തോറ്റിരിക്കുന്നു. നമുക്കിനി ഒറ്റ താക്കോലു മതി. അതു നിന്റെ കൈയിൽ ഇരുന്നുകൊള്ളട്ടെ. വീട്ടിലെ ചെലവു നിന്റെ യുക്തംപോലെ ചെയ്തുകൊള്ളുക." ഇത്രയും പറഞ്ഞിട്ടു്, അയാൾ താക്കോൽ അരയിൽ നിന്നും അഴിച്ചെടുത്തു് കുഞ്ഞുറോസിന്റെ കൈയിലേയ്ക്കു കൊടുത്തു.



കുഞ്ഞുറോസിന്റെ ജീവിതത്തിൽ ഒരു വലിയ പരിവർത്തനമുണ്ടാക്കിയ സംഭവമായിരുന്നു അതു്. അതിൽപിന്നെ കുഞ്ഞുറോസ് പഴയ കുഞ്ഞുറോസല്ല. ആ കുടുംബത്തിന്റെ റാണിയാണു് താനെന്നു് അവൾക്കൊരു ബോധ്യമുണ്ടായി. ദാസ്യമനസ്ഥിതി അവളിൽ നിന്നും വിട്ടുപിരിഞ്ഞു. കുടുംബത്തിന്റെ അഭിവൃദ്ധിക്കും ക്ഷേമത്തിനും വേണ്ടി പ്രവർത്തിക്കേണ്ടതു തന്റെ കടമയാണെന്നുള്ള വിചാരം അവളുടെ മനസ്സിൽ തറഞ്ഞുകയറി. ദിവസം രണ്ടിടങ്ങഴി അരിയുടെ ചെലവു് ഒന്നരയാക്കി കുറയ്ക്കാമോ എന്നായി അവളുടെ ചിന്ത. കുടുംബാശ്വര്യത്തിലേയ്ക്കുള്ള ആദ്യത്തെ ചുവടുവയ്പായിരുന്നു അതു്.

സ്ത്രീകൾ വരവറിയാതെ ചെലവു ചെയ്യുന്നു എന്നൊരാരോപണം പരക്കെയുണ്ടു്. പക്ഷെ ഒരു കുടുംബത്തിന്റെ വരവെന്താണെന്നു ഭാര്യയെ ബോധ്യപ്പെടുത്താൻ ഭർത്താവു വല്ലപ്പോഴും മിനക്കെടാറുണ്ടോ? തന്റെ സ്വന്തം കാര്യങ്ങൾക്കുവേണ്ടി ധാരാളം പണം ചെലവുചെയ്യുന്ന ഭർത്താവു് ഭാര്യയ്ക്കുവേണ്ടിയുള്ള ഒരു സോപ്പിനുപോലും പണമില്ലെന്നു പറയുമ്പോൾ അതപ്പടിയേ വിശ്വസിക്കാനുള്ള ഭോഷത്തം ഒരു സ്ത്രീക്കുണ്ടാകയില്ല, നേരേമറിച്ചു്

നടത്തപ്പെടുന്ന ധ്യാനത്തിൽ നിങ്ങൾക്കും സംബന്ധിക്കാമല്ലൊ. ഭക്ഷണവും താമസസൗകര്യങ്ങളും സൌജന്യമായി ലഭിക്കുന്നതുകൊണ്ടു് സാമ്പത്തികവിഷമതകളുള്ളവർക്കും ഈ ധ്യാനത്തിൽ സംബന്ധിക്കുവാൻ പ്രയാസമില്ല. ധ്യാനത്തിൽ സംബന്ധിക്കുവാൻ ആഗ്രഹമുള്ളവർ നേരത്തെ പള്ളികളിലേയ്ക്കു അയച്ചിരുന്ന സർക്കുലറിലെ നിർദ്ദേശപ്രകാരം അപേക്ഷകൾ അയച്ചിരിക്കുമല്ലൊ. അയച്ചിട്ടില്ലാത്തവർ ഉടനെതന്നെ ബ. വികാരിയച്ചനെക്കണ്ടു വിവരം അറിയിക്കുക.

ഈ നോമ്പുകാലം ഭക്തിയോടുകൂടി ആചരിക്കുവാൻ എല്ലാവരും ഉത്സാഹിക്കണം.. അവധിക്കാലമായതുകൊണ്ടു് ദിവ്യപൂജയിൽ കൂട്ടതലായി സംബന്ധിക്കുവാനും സൗകര്യമുണ്ടല്ലൊ. നമ്മുടെ ദിവ്യരക്ഷകന്റെ പീഡാനുഭവങ്ങളെ ഓർമ്മിച്ചുകൊണ്ടു് ചെറിയ ത്യാഗങ്ങളും ആശയടക്കങ്ങളും അനുഷ്ഠിക്കണം. വലിയ ആഴ്ചയിലെ ചടങ്ങുകളിൽ കൂട്ടതൽ ഭക്തിയോടുകൂടി സംബന്ധിക്കണം. ഇപ്രകാരമൊക്കെ ചെയ്യുന്ന നല്ല കുഞ്ഞുങ്ങളെയാണു് വൈദികാനന്തസ്സിൽ പ്രവേശിക്കുവാൻ ദൈവം വിളിക്കുന്നതു്. നിങ്ങളിൽ പലർക്കും ആ ഭാഗ്യം ലഭിക്കട്ടെയെന്നു ഞാൻ ആശംസിക്കുന്നു.

അടുത്തുവരുന്നതായിട്ടുള്ള തിരുനാളിന്റെ മംഗളങ്ങൾ എല്ലാവർക്കും ആശംസിച്ചുകൊണ്ടും നല്ലദൈവം നിങ്ങളെ എല്ലാവരേയും യാതൊരുമായി അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടും

സ്നേഹാശിസ്സുകളോടെ
നിങ്ങളുടെ വത്സലപിതാവു്

+ Sebastian Valloppilly

തലശ്ശേരി
25-3-'63

വിരവു ചുരുക്കം; കുറഞ്ഞ തുകകൊണ്ട് രണ്ടു പേരും സുഖമായി കഴിയണമെന്ന ജ്ഞാനോദയമാണ് ഭാര്യയുണ്ടാകുന്നതെങ്കിൽ, തീച്ചയായും അവൾ സ്വന്തം ആവശ്യങ്ങളിൽ ലുബ്ധും കാണിച്ചുതുടങ്ങും. അതിനു ഭർത്താവിന്റെ നിർദ്ദേശമേ ആവശ്യമില്ല. സ്നേഹമുള്ളിടത്തേ ത്യാഗമുണ്ടാവൂ, വിശ്വാസമാകുന്ന വേരിൽ നിന്നും പൊട്ടിക്കിളിർക്കുന്നതാണ് സ്നേഹം.

കുഞ്ഞുറോസിനെപ്പോലെ പ്രവർത്തിക്കുന്ന അനേകംപേർ വനിതകളുടെ കൂട്ടത്തിലുണ്ട്. അവർ ഭർത്താക്കന്മാരെ വഞ്ചിക്കുന്നു എന്നു പറയുന്നതിനേക്കാൾ അവരുടെ വിസ്തൃതത്തെ ചൂഷണം ചെയ്യുന്നു എന്നു പറയുന്നതായിരിക്കും ഉത്തമം. സാമ്പത്തികമായ കാര്യങ്ങളിൽ ഭാര്യയെ അവിശ്വസിക്കുന്ന ഒരാൾക്ക് കുടുംബസമാധാനം പാലിക്കുവാൻ സാധിക്കയില്ലെന്നു തീച്ച. അൽത്താരയിൽ ശുശ്രൂഷചെയ്യുന്നവൻ അൾത്താരകൊണ്ടു ജീവിക്കണമെന്നാണ് വി. പൗലോസിന്റെ ഉൽബോധനം. അതുകൊണ്ട് കുടുംബത്തിന്റെ അൾത്താരയിൽ ശുശ്രൂഷ ചെയ്യുന്ന സ്ത്രീ ആ കുടുംബംകൊണ്ടു ജീവിക്കണം, ആ ജീവിതം വഞ്ചനയുടേയൊ ചൂഷണത്തിന്റേയൊ ആയിരിക്കുക സാദ്ധ്യമല്ല.

അമ്മച്ചിയുടെ ഉപദേശമനുസരിച്ചു പ്രവർത്തിച്ച കുഞ്ഞുറോസിനു വിജയംകിട്ടി എന്നതൊരു സത്യം. എന്നാലും മോഷണം നടത്തുവാൻ ഉപദേശിക്കുന്നതു ശരിയോ? മോഷണം എന്നാലെന്തു"? രാജമ്മ തന്നോടുതന്നെ ചോദിച്ചു. അന്യന്റെ മുതൽ അവന്റെ അനുവാദംകൂടാതെ കൈക്കലാക്കുന്നതാണു മോഷണം. കുഞ്ഞുറോസ് ആരാണ്"? സ്വന്തം അപ്പനേയും വീടിനേയും ത്യജിച്ച് ഒരു പുരുഷനെ തന്റെ സകലമായി സ്വീകരിച്ച ഭാര്യ. ഭർത്താവിന്റെ വീടാണ് അവളുടെ വീട്. ഭർത്താവിന്റെ മാതാപിതാക്കൾ അവളുടെ മാതാപിതാക്കൾ. ഭർത്താവിന്റെ സ്വത്ത് അവളുടെ സ്വത്ത്. അതിനാൽ കുഞ്ഞുറോസിൽ മോഷണക്കുറ്റം ചുമത്തുക സാധ്യമല്ല.

നീചവും നിന്ദ്യവുമായിരിക്കുന്ന അവളുടെ ഭർത്താവിന്റെ പ്രവൃത്തി. ഭാര്യയുടെ ആവശ്യങ്ങളെപ്പറ്റി യാതൊരു ചിന്തയുമില്ലാത്ത ഭർത്താവിനെ കേവലം ഒരു മൂഢനായി പരിഗണിക്കുന്നതായിരിക്കും ഉചിതം. നമ്മുടെ ചില വീടുകളിൽ തേനീച്ചകളെ വളർത്തുന്നുണ്ടല്ലൊ. പുഷ്പങ്ങളിലൂടെ പറന്നുനടന്നു തേൻ ശേഖരിക്കുകയാണു തേനീച്ചകളുടെ ജോലി. കൂട്ടിൽ തേൻ നിറയുമ്പോൾ, അതു പകർന്നെടുക്കുവാൻ മനുഷ്യരാരും തേനീച്ചകളുടെ അനുവാദത്തിനുവേണ്ടി കാത്തുനില്ക്കാറില്ല. സമ്പാദ്യത്തിൽമാത്രം ഉന്നം വച്ചു ജീവിക്കുന്ന ലുബ്ധൻ തേനീച്ചയേക്കാൾ മെച്ചമല്ല.

രാജമ്മ പുഞ്ചിരിക്കൊണ്ടിട്ടു പറഞ്ഞു: "ഞാനൊരു കാര്യമോക്കെയാണമ്മച്ചീ. റബർ തോട്ടങ്ങളുള്ള ഒരു സ്ഥലം. എല്ലാവരുംതന്നെ ധനാഢ്യന്മാരാണ്. ശീമമദ്യങ്ങൾക്കുവേണ്ടി ത്തന്നെ അവിടത്തെ പുരുഷന്മാർ ഭീമമായ തുക ചെലവാക്കും. അവിടത്തെ കുടുംബറാണികൾക്കു വെറും വേലക്കാരികളുടെ സ്ഥാനമെയുള്ളൂ. പുരുഷന്റെ സ്വാർത്ഥാഭിലാഷങ്ങളുടെ പൂർത്തീകരണത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ട ഒരധഃകൃതജീവിയാണ് സ്ത്രീ എന്നാണവരുടെ സിദ്ധാന്തം. അതിനാൽ സ്ത്രീത്വത്തെ ബഹുമാനിക്കുക എന്ന ആശയം അവരുടെ വിജ്ഞാനകോശത്തിലില്ല. സ്ത്രീകൾക്ക് എല്ലാം ചുമതലകളാണ്. അവകാശങ്ങളൊന്നുമില്ല താനും. പുരുഷന്മാരുടെ ഔദാര്യംകൊണ്ട് അവർ ജീവിക്കുന്നു എന്നുമാത്രം..

പക്ഷെ പുരുഷന്മാരുടെ അവകാശങ്ങളെല്ലാം കണ്ണുമടച്ചു സമ്മതിച്ചുകൊടുക്കുന്ന കൂട്ടത്തിലല്ല അവിടത്തെ സ്ത്രീകൾ. പുരുഷന്മാർ തങ്ങളുടെ മേന്മകളെപ്പറ്റി കണ്ഠക്ഷോഭം ചെയ്യുമ്പോൾ അവർ ഒന്നു പുഞ്ചിരിക്കുമാത്രം ചെയ്യും. പുരുഷന്മാർ തങ്ങളുടെ കുഴപ്പത്തുകഴിഞ്ഞിട്ടു പോകുന്നതു മദ്യഷാപ്പുകളിലേയ്ക്കു്. ആ സമയം അവർ പാഴാക്കാറില്ല. ഒന്നും രണ്ടും റബർഷീറ്റ് അവരെടുത്തു് ഒളിച്ചുവെയ്ക്കും. അങ്ങനെ ആഴ്ചയിൽ പത്തും ഇരുപതും റബർഷീറ്റ് സമ്പാദിക്കുന്നവരുണ്ട്. തക്കം നോക്കി ചില കോൽക്കച്ചവടക്കാർ അവരുടെ പക്കൽ എത്തിക്കൊള്ളും.

വീട്ടമ്മമാരുടെ പെരുത്ത ഉപകാരികളായിട്ടാണ് അവർ പ്രത്യക്ഷപ്പെടുക. പുരുഷന്മാരില്ലാത്ത സമയംനോക്കി വീടിന്റെ പരിസരത്തിലെത്തുവാനും, പരകണ്ണുമറിയാതെ വീട്ടമ്മമാരുടെ മടിശീല വീർപ്പിക്കാനും ഉദ്യമിക്കുന്ന ഹൃദയാലുക്കളെ അവർ എങ്ങനെ ആദരിച്ചാൽ മതിയാവും! അപകടത്തിന്റെ വക്കത്തു ചവിട്ടിനിന്നുകൊണ്ടുള്ള കച്ചവടമല്ലെ! രണ്ടുകൂട്ടരുടേയും ഇടയ്ക്കു തീയാണ്. പുകയുടെ മറവിൽ കോൽക്കച്ചവടക്കാരൻ തൂക്കത്തിൽ പകുതി കുറച്ചുപറയുന്നതു് വീട്ടമ്മയുടെ ശ്രദ്ധാവിഷയമേയല്ല. മാക്രിറുനിരക്കിൽനിന്നും പകുതിയേ താഴ്ന്നുള്ളുവെങ്കിൽ, അതു കോൽ

★ കൊത്തുരുപങ്ങൾ ★

സുപ്രസിദ്ധ കലാകാരനായ ശ്രീ. അഗസ്റ്റിൻ പത്ത്യാല പള്ളികൾക്ക് അത്യാവശ്യമായ രൂപങ്ങളും കുരിശുകളും ഏറ്റവും ഭക്തിസംവർദ്ധകവും മനോഹരവുമായി നല്ലയിനം തടികൊണ്ടു ചെയ്തുകൊടുക്കുന്നു. സുന്ദരമായ കലാസൃഷ്ടികൾ! മിതമായ ചാർജ്ജ്!

കൂടുതൽ വിവരങ്ങൾക്ക്:

ശ്രീ അഗസ്റ്റ്യൻ പത്ത്യാല

ആർട്ടിസ്റ്റ്

പള്ളിക്കുസമീപം

P. O. ആലക്കോട്—തളിപ്പറമ്പ്.

വാഹകന്റെ ഒരു ഔദാര്യപ്രകടനമാണ്. എന്തു കിട്ടിയാലും വീട്ടമ്മ അതൊരു ലാഭമായേ പരിഗണിക്കൂ.

ഇങ്ങനെയാണ്, ഭാര്യയ്ക്ക് എണ്ണയോ സോപ്പോ വാങ്ങുവാൻ പണം തികയുകയില്ലെന്നു കള്ളത്തുക്കം പറയുന്ന ഭർത്താവിന്റെ പണസഞ്ചിക്കുകീഴെനിന്നു തുരപ്പനെലി പണിയുന്നതു്. ഇതുമൂലം രണ്ടുവിധത്തിലുള്ള നഷ്ടങ്ങൾ സഹിക്കേണ്ടിവരുന്നു. സാധനങ്ങളുടെ ശരിയായ വില കിട്ടാതെപോകുന്നു എന്നതൊന്നു്; വീട്ടമ്മമാർ മോഷണം അഭ്യസിക്കുന്നു എന്നതു് മറ്റൊന്നു്. ഒരു വേലക്കാരൻ മോഷണം നടത്തി എന്നു തെളിഞ്ഞാൽ അവന്റെ ശമ്പളത്തിൽ പിടിക്കുമായിരിക്കും. ഒരു ഭാര്യ മോഷ്ടാവാണെന്നു തെളിഞ്ഞാലൊ? അവൾക്ക് ആരും ശമ്പളം കൊടുക്കുന്നില്ല. അതുകൊണ്ടു് ശമ്പളത്തിൽ പിടിച്ചു തുക ഈടാക്കുവാൻ സാധ്യവുമല്ല.

അമ്മച്ചി പറഞ്ഞ കുഞ്ഞൗസേപ്പിനെപ്പോലെ ചില ഭർത്താക്കന്മാരുണ്ടു്. അടുക്കളയിൽമാത്രമെ അവർ ഭാര്യമാർക്കു സ്വാതന്ത്ര്യം കൊടുക്കുകയുള്ളൂ. മറുള്ളതെല്ലാം പൂട്ടിക്കെട്ടി അവർ നടന്നുകൊള്ളും. പക്ഷേ ഇത്തരക്കാരെ ഒരു പാഠം പഠിപ്പിക്കാൻ കുറെ കഞ്ഞുറോസുമാർ ഇല്ലാതെ വരില്ല. ഭാര്യമാർ മോഷ്ടിക്കുന്നെങ്കിൽ അതു ഭർത്താക്കന്മാരുടെ കുറ്റംകൊണ്ടു ആയിരിക്കും എന്നാണു് എന്റെ അഭിപ്രായം. ആരാണു മോഷ്ടിക്കുന്നതു്? ഇല്ലാത്തവൻ. എന്തിനു മോഷ്ടിക്കുന്നു? സ്വന്തം ആവശ്യങ്ങൾ നിർവഹിക്കുവാൻ. രണ്ടുകൂട്ടർ മോഷ്ടിക്കുകയില്ല: ആവശ്യത്തിനു വേണ്ടുന്നവയെല്ലാം സ്വന്തമായുള്ളവനും, ആവശ്യങ്ങൾ വളരെ കുറഞ്ഞിരിക്കുന്നവരും.

ഇനി ഒരു വീട്ടമ്മയുടെ കാര്യം എടുക്കുക. സ്വന്തം ആവശ്യങ്ങൾക്കുവേണ്ടി ഭർത്താവു വാരിക്കോരി ചെലവുചെയ്യുന്നതു ഭാര്യ കാണുന്നു. ഒരുകുപ്പി ബ്രാണ്ടിക്കു 18 രൂപായാണു വില. അത്തരം രണ്ടു കുപ്പിവേണം, ഒരുദിവസം നമ്മുടെ ഓക്കൻ കുഞ്ഞൗതയ്ക്ക്. പലരെ സല്ക്കരിക്കുവാനും അയാൾക്കു മടിയില്ല. എന്നാൽ അതേസമയം, ഞായറാഴ്ച പള്ളിയിൽ ഉടുത്തുകൊണ്ടുപോകാൻ ഒരു നല്ല തുണിയില്ലാതെ കുട്ടിയമ്മ ക്ലേശിക്കുന്നു. ഒരു തുണി അല്ലെങ്കിൽ ഒരു കവണി വാങ്ങിച്ചുതരണേ എന്നു യാചിച്ചാൽ ഓക്കനൗതയുടെ മറുപടി എന്താണെന്നു കേൾക്കണൊ? നീ എന്തു കൊണ്ടുവന്നിട്ടാണിതു ചാടണതു്? വീട്ടിൽചെന്നപ്പനോടു പറ, തുണി മേടിച്ചുതരാൻ. നിന്നെയൊക്കെ ഉടുപ്പിക്കാൻ എന്നെക്കൊണ്ടു പറ്റുകേല,

"വീട്ടിൽ ഒരു വേലക്കാരിയുണ്ടെങ്കിൽ, അടുക്കളജോലി ചെയ്യുന്നതിനുതന്നെ അവൾക്കു 10 രൂപാ ശമ്പളവും അന്നവസ്ത്രാദികളും കൊടുക്കണം. എന്നാൽ വീട്ടമ്മയ്ക്ക് അത്തരം പോലും അവകാശമില്ലെന്നു വരുമോ? അവൾ സ്വന്തം വീട്ടിൽപോയി തുണി വാങ്ങിച്ചുകൊണ്ടുവന്നിട്ട് ഭർത്താവിന്റെ ഗൃഹത്തിൽ ജോലി ചെയ്യണമെന്നു് നീതിബോധത്തിന്റെ എ. ബി. സി. ഡി. അറിയാവുന്നവൻ പറയുകയില്ല. അതിന്റെ എ. ബി. സി. ഡി. അറിയാത്തവൻ പറയും. പക്ഷേ അവന്റെ മുമ്പിൽ കുനിയുന്ന ഭാര്യയുണ്ടാകുമോ?

"ഓക്കനൗതയെ എതിർത്തൊരക്ഷരം പറഞ്ഞിട്ടില്ല കുട്ടിയമ്മ. അവൾക്കു പുത്തൻമുറിയും ചട്ടയും കവണിയും ഉണ്ടായി. സ്വന്തം വീട്ടുകാർക്കു ചെലവൊന്നുമുണ്ടായുമില്ല. ഓക്കനൗത വിവേകത്തോടുകൂടി പ്രവർത്തിച്ചിരുന്നെങ്കിൽ കുട്ടിയമ്മ ഏറ്റം ഉത്തമയായ ഭാര്യയായിരുന്നേനെ. രണ്ടു കുപ്പിയിൽ ഒരു കുപ്പി അയാൾ ഭാര്യക്കുവേണ്ടി ഉപേക്ഷിച്ചിരുന്നെങ്കിൽ, കുട്ടിയമ്മയുടെ സ്നേഹത്തിനു ഭംഗംവരുകയില്ലായിരുന്നു. അതുകൊണ്ടു് പണമുള്ളവൻ ഭാര്യയ്ക്കുവേണ്ടിക്കൂടി അതു ചെലവാക്കട്ടെ.

"ലളിതമായ ജീവിതം ഇഷ്ടപ്പെടുന്നവർക്കും മോഷ്ടിക്കേണ്ട ആവശ്യം ഉണ്ടാകയില്ല. കുഞ്ഞു

വക്കി മറെറാരാളുടെ പറമ്പിലാണു താമസിക്കുന്നതു്. രാവിലെ കഞ്ഞി കഴിഞ്ഞു് കുഞ്ഞുവക്കിയും കത്രിയും വേലയ്ക്കുപോകും. കുഞ്ഞുവക്കിക്കു രണ്ടു രൂപായാണു കൂലി. കത്രിക്കു് ഒന്നര. അങ്ങനെ ആകെ മൂന്നര. രണ്ടു കുട്ടികളുമുണ്ടവക്കു്: ദിവസം മൂന്നുരൂപാ അവർ കുടുംബത്തു ചെലവാക്കും. സുഖമായ ഭക്ഷണമാണു്. ദിവസം അരരൂപാ അവർ മിച്ചംവയ്ക്കും. മാസം 15 രൂപായായി. ആണ്ടിൽ 180രൂപാ. ലക്ഷപ്രഭുക്കളുടെ വീട്ടിലുള്ളതിനേക്കാൾ സമാധാനമാണു് ആ കുടുംബത്തിൽ. കുഞ്ഞുവക്കി മദ്യപാനം ചെയ്യുകയില്ല. ദിവസം എത്ര വരവു്. എത്ര ചെലവു് എന്നു രണ്ടുപേർക്കും അറിയാം. 2 രൂപാ എന്റേതെന്നു കുഞ്ഞുവക്കിയോ, $1\frac{1}{2}$ രൂപാ എന്റേതെന്നു കത്രിയോ, വമ്പു പറയുകയില്ല. $3\frac{1}{2}$ രൂപാ നമ്മുടേതെന്നു രണ്ടുപേരും കരുതും.

"ചിലപ്പോൾ കത്രി കീറിയ ചട്ടയിട്ടു നടക്കുന്നതു കണ്ടിട്ടുണ്ടു്", അതിൽ ഒരു സങ്കടവും അവൾ പ്രദർശിപ്പിക്കാറില്ല. അല്പം ദാരിദ്ര്യമാണെങ്കിലും അന്യരെ ആശ്രയിക്കാതെ തങ്ങൾ കഴിഞ്ഞുകൂട്ടുന്നല്ലോ എന്നാണവളുടെ അഭിമാനം. ഒരിക്കൽ മൂത്ത ചെറുക്കൻ മുതലാളിയുടെ പ്ലാവിൽനിന്നും ഒരു ചക്ക ഇട്ടുകൊണ്ടുവന്നു പുരക്കകത്തു സൂക്ഷിച്ചുവച്ചു. കത്രി, പണികഴിഞ്ഞുവന്നപ്പോൾകണ്ടതു മകൻ മോഷ്ടിച്ചു കൊണ്ടുവന്ന ചക്ക. കത്രിക്കു കലികയറി. മകനെ ശിക്ഷിക്കുവാൻ അവൾ വടിയെടുത്തു. കുഞ്ഞുവക്കി അനുകമ്പാകുലനായി പറഞ്ഞു: ആദ്യത്തേതല്ലെ, അവൻ അറിയാതെ ചെയ്തതാ. ക്ഷമിക്കു്. അതൊന്നും കത്രി സമ്മതിച്ചു കൊടുത്തില്ല. അവൾ പറഞ്ഞു അവൾ കേട്ടിട്ടുള്ള ഒരു തത്വം: ചെറുനാളിൽ ചുണങ്ങാ കട്ടാൽ ചെറുവിരലറക്കണം.

കള്ളച്ചെറുക്കന്റെ തലയിലേക്കുതന്നെ അവൾ ചക്ക പിടിച്ചു കൊടുത്തിട്ടു പറഞ്ഞു: നടക്കടാ, കൊച്ചുഞ്ഞുമുതലാളിയുടെ വീട്ടിലേക്കു്. മകൻ മുമ്പിൽ അമ്മ പുറകെ. മുതലാളിയുടെ വീട്ടിലുള്ളവരെല്ലാം ആ കാഴ്ചകണ്ടു് അത്ഭുതപ്പെട്ടുപോയി. ഇത്ര സത്യസന്ധമായി ജീവിക്കുന്ന ഒരു കുടുംബത്തോടു നീതി പ്രവർത്തിക്കേണ്ടതാണെന്നു മുതലാളിക്കു തോന്നി. അവരുടെ വീടിനുചുറ്റുള്ള 10 സെൻറു സ്ഥലം അയാൾ കുഞ്ഞുവക്കിയുടെ കുടുംബത്തിനു വിട്ടുകൊടുത്തു. അതിന്റെ അത്തിക്കുള്ളിൽവന്ന ആ പ്ലാവും. അപ്പോൾ കത്രി പറഞ്ഞു. ഇല്ലാത്തതു മോഷ്ടിക്കുവാനല്ലാ, ഉള്ളതുകൊണ്ടു തൃപ്തിപ്പെടുവാനാണു നാം പഠിക്കേണ്ടതെന്നു്.

ഏതായാലും ഒരു രാജ്യത്തിൽ ഉള്ളവരും ഇല്ലാത്തവരും കാണും. അതിനു പരിഹാരം കാണുക എളുപ്പമല്ല. എന്നാൽ ഒരു കുടുംബത്തിൽത്തന്നെ ഉള്ളവനും ഇല്ലാത്തവനും എന്ന അവസ്ഥ ക്ഷന്തവ്യമല്ല. ഭർത്താവു് ഉള്ളവനെപ്പോലെയും ഭാര്യ ഇല്ലാത്തവളെപ്പോലെയുമാണു ജീവിക്കുന്നതെങ്കിൽ ആ വീട്ടു് കള്ളന്മാരുടെ ഒരു ഗ്രഹയായിത്തീരുമെന്നു തീച്ചു്, കള്ളം കാണിക്കുന്ന അമ്മയെ അനുകരിക്കുവാൻ മക്കളുമുണ്ടാകും.

ലീലാമ്മയെപ്പററി മതിപ്പോ?

അവർ എന്നെപ്പററി എന്തായിരിക്കും വിചാരിക്കുന്നതു്! ഇത്രമാത്രം സാമാർത്ഥ്യമുള്ള ഒരു പെൺകുഞ്ഞിനെ അവർ ഇതിനുമുമ്പു കണ്ടിട്ടുണ്ടായിരിക്കയില്ല. ചിലർ പറയുന്നു, എന്റെ മിടുക്കെല്ലാം അപ്പന്റെറയോ അമ്മയുടെയോ വശത്തുനിന്നു കിട്ടിയതായിരിക്കുമെന്നു്. അതെന്തൊരബദ്ധം! അപ്പനും അമ്മയ്ക്കും എന്റെ പകുതി മിടുക്കുണ്ടായിരുന്നോ? ഞാനൊരു പ്രത്യേക സൃഷ്ടിയാണു്. ഞാനൊരു വഴിക്കിറങ്ങിയാൽ എത്ര പേരാണെന്നെ കുറുകറ നോക്കുന്നതു്. അല്പം നിറപ്പകിട്ടുകൂടെ ഉണ്ടായിരുന്നെങ്കിൽ ഞാൻ മിസ് ഇൻഡ്യ എന്നു പറഞ്ഞു് ആളുകൾ ബഹളം കൂട്ടിയേനേം. എന്നാലും തൊലി നോക്കിയല്ലെ ഓരോരുത്തരും സൗന്ദര്യം കണക്കാക്കുന്നതു്. അതു വളരെ കഷ്ടംതന്നെ. സാമർത്ഥ്യം നോക്കി വിധി പറയുവാൻ ആളുണ്ടാകട്ടെ, അപ്പോൾ കാണാം എന്റെവില കുതിച്ചു കയറുന്നതു്. ഏതായാലും അമ്മച്ചിയും രാജമ്മയും എന്റെ ചരിത്രമോർത്തു പരന്നിരിക്കയായിരിക്കും. ഈ കൂൾഡ്രിങ്ക് കൊടുത്തവരെ ഒന്നു തണുപ്പിക്കട്ടെ.

(തുടരും)

ജാതിക്കാതൈകൾ

വില്പാനുണ്ടു്

ഏറ്റവുംകൂടുതൽ ആദായകരമായ നാണ്യവിളവു് എന്നു് പ്രസിദ്ധിനേടിയ 'ജാതിക്ക'യുടെ തൈകൾ കുറഞ്ഞവിലയ്ക്കു് എപ്പോഴും വില്പാനുണ്ടു്. ചുരുങ്ങിയ ചെലവിൽ കേരളത്തിൽ എല്ലാ സ്ഥലത്തും എത്തിച്ചുകൊടുക്കും.

ഭാരത് നേഴ്സറി,
കുമ്മാനം P. O.
കോട്ടയം – 5

ക്രിസ്തുമതം ആഫ്രിക്കയിൽ

ജോസ് തച്ചിൽ

ഒരുകാലത്തു് കത്തോലിക്കസഭ ആഴമായി തഴച്ചുവളർന്ന മണ്ണാണു് ആഫ്രിക്കയുടേതു്. എന്നാൽ പിൽക്കാലങ്ങളിൽ സാഹചര്യങ്ങളുടെ നിർദ്ദാക്ഷിണ്യപ്രവർത്തനംമൂലം സഭ അവിടെ നാമാവശേഷമായി. എന്നുവരികിലും, നീണ്ട പല ശതാബ്ദങ്ങൾക്കുശേഷം, ഇന്നു് അഭിനവമായ തേജസ്സോടും ഊർജ്ജസ്വലതയോടും കൂടി കിളിർത്തുപൊങ്ങുകയാണു് കത്തോലിക്കസഭ അവിടെ. നാലാം നൂറ്റാണ്ടിൽ സഭാമാതാവിന്റെ തിരുമാറിൽ വി. ആഗസ്തീനോസിനെപ്പോലുള്ള രത്നങ്ങൾ ചാർത്തിയ ആഫ്രിക്ക, പിന്നീടുള്ള അനേകം നൂറ്റാണ്ടുകളിൽ അവളെ നിഷ്ക്രുണം തള്ളിക്കളയുകയാണുണ്ടായതു്. എന്നാൽ ഇതിനെല്ലാം സ്ഥായിയായ പരിഹാരം വരത്തക്കവിധത്തിലാണു് ഇന്നു് സഭ അവിടെ മുന്നോട്ടു കുതിച്ചുപായുന്നതു്. കഴിഞ്ഞ 60 സംവത്സരക്കാലംകൊണ്ടു് കത്തോലിക്കരുടെ എണ്ണം 5 ലക്ഷത്തിൽനിന്നും 230 ലക്ഷമായി അവിടെ ഉയർന്നിട്ടുണ്ടെന്നു പറഞ്ഞാൽ ഒരുപക്ഷെ പലരും അതു വിശ്വസിക്കയില്ലായിരിക്കാം. സഭാധികാരികളുടേയും അത്മായരുടേയും അക്ഷീണ പ്രയത്നത്തിന്റെ ഫലമാണീയുയർച്ച. ഒരുപക്ഷെ യൂറോപ്യൻ രാജ്യങ്ങളെപ്പോലെ ആഫ്രിക്കയും കുറേ സംവത്സരങ്ങൾക്കുശേഷം, അവിടെ ഇപ്പോഴുള്ള 850 ലക്ഷം അക്രൈസ്തവരുടെ മാനസാന്തരത്തോടെ ഒരു കത്തോലിക്കരാജ്യമായിത്തീർന്നേക്കും.

രൂപതകളും ഇടവകകളും അവിടെ ദൈനംദിനം വർദ്ധിച്ചുകൊണ്ടാണിരിക്കുന്നതു്. ഏതദ്ദേശീയ വൈദികരും എണ്ണത്തിൽ കൂടിവരുന്നുണ്ടു്. അടുത്തകാലത്തു് പല ആഫ്രിക്കൻ വൈദികരേയും മെത്രാൻപദവിയിലേയ്ക്കു് പരിശുദ്ധപിതാവു് ഉയർത്തുകയുണ്ടായി. 1960ൽ ആഫ്രിക്കയിലെ ഏതദ്ദേശീയ മെത്രാന്മാരുടെ എണ്ണം 42 ആയിരുന്നു. എന്നാൽ, പിന്നീടുള്ള രണ്ടു വർഷങ്ങൾകൊണ്ടു് അതു് 70 ആകുകയുണ്ടായി. ഭാഗ്യസ്മരണാർഹനായ 12-ാംപീയൂസ് മാർപ്പാപ്പാ 1957ൽ ആഫ്രിക്കാക്കായ്ക്കെഴുതിയ "വിശ്വാസദാനം" എന്ന ചാക്രികലേഖനത്തിൽ ആഫ്രിക്കയുടെ അഭിനന്ദനീയമായ അഭിവൃദ്ധിയെ ആത്മാർത്ഥമായി പുകഴ്ത്തിയിട്ടുണ്ടു്.

സാമൂഹികവും രാഷ്ട്രീയവുമായ സരണികളിലും സഭ അഗ്രസ്ഥാനമാണിപ്പോൾ സമലങ്കരിക്കുന്നതു്. കഴിഞ്ഞ പത്തു സംവത്സരക്കാലത്തിനിടയ്ക്കു് ആഫ്രിക്കയുടെ വിവിധഭാഗങ്ങളിൽ പല ഭരണാധിപന്മാരും ജനതാമദ്ധ്യത്തിൽ പൊങ്ങിവന്നിട്ടുണ്ടു്. ഇവരിൽ മിക്കവരും വിദ്യാഭ്യാസം നടത്തിയതു് കത്തോലിക്കസ്കൂളുകളിലാണു്. ആകെയുള്ള 35 ഭരണാധിപന്മാരിൽ 13 പേർ മുസ്ലീംങ്ങളും 20 പേർ ക്രിസ്ത്യാനികളുമാണു്. ഈ ക്രിസ്ത്യാനികളിൽ 14 പേർ കത്തോലിക്കരാണെന്നതും പ്രത്യേകം പ്രസ്താവ്യമാണു്. സാമൂഹികരംഗങ്ങളിലുള്ള സഭയുടെ പ്രവർത്തനം തികച്ചും പ്രശംസനീയമാണു്. കഴിഞ്ഞ 10വർഷക്കാലത്തു് ആഫ്രിക്കൻസഭാധികാരികൾ പുറപ്പെടുവിച്ച പ്രസ്താവനകൾ എല്ലാം ശേഖരിക്കുകയാണെങ്കിൽ അതു് ആഫ്രിക്കൻജനതയുടെ അവകാശങ്ങളും ചുമതലകളും പൂർണ്ണമായി ഉൾക്കൊള്ളുന്ന ഒരു ചാർട്ടർ ആയിരിക്കും. ആനുകാലികപ്രശ്നങ്ങൾക്കുള്ള സ്ഥായിയായ പരിഹാരമാർഗ്ഗം നമുക്കതിൽ കാണാൻ സാധിക്കും. സാമൂഹികമായ കാര്യങ്ങളിൽ മാത്രമല്ല, സാമ്പത്തികവും സാംസ്കാരികവുമായ രംഗങ്ങളിൽപോലും അഭിവൃദ്ധിക്കുതകുന്ന നിർദ്ദേശങ്ങൾ നിരവധിയാണു്. നിർദ്ദേശങ്ങൾ നല്കുക മാത്രമല്ല, ഈ രംഗങ്ങളിൽ മുന്നിട്ടു പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ടു് കത്തോലിക്കസഭ ആഫ്രിക്കയിൽ. വിവിധ രംഗങ്ങളിൽ പരിശീലനം നല്കുവാനുള്ള സ്കൂളുകൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, ട്രേഡ്യൂണിയനുകൾ കൃഷിവലന്മാരുടെ സംഘടനകൾ തുടങ്ങിയ അനേകം കാര്യങ്ങൾ ആഫ്രിക്കൻസഭയുടെ സജീവത്വം ഉച്ചൈസ്തരം ഉദ്ഘോഷിക്കും.

എന്നാൽ അത്ര സുഗമവും മാർദ്ദവവുമായൊരു മാർഗ്ഗമല്ല ആഫ്രിക്കയിലെ കത്തോലിക്കസഭയുടെ മുമ്പിൽ നീണ്ടുനിവർന്നു കിടക്കുന്നതു്. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഭരണാധിപന്മാർ സഭയ്ക്കു് അംഗീകാരവും സഹിഷ്ണുതയും വാഗ്ദാനം ചെയ്തിട്ടുണ്ടെങ്കിലും, പല ക്ലേശങ്ങളും സഭയ്ക്കിപ്പോൾ അഭിമുഖീകരിക്കേണ്ടതായിട്ടാണിരിക്കുന്നതു്. ചില ഭരണാധിപന്മാരുടെ സ്വാർത്ഥത, ഭരണീയരുടെ സങ്കുചിതമനഃസ്ഥിതി, സാമ്പത്തികരംഗത്തുള്ള ന്യൂനത

കൾ, ഭൗതികവാദത്തിന്റെ അടിയൊഴുക്ക്, നിരീശ്വരത്വത്തിന്റെ മാരകപ്രവണതകൾ, എന്നിവ സഭയുടെ നിരങ്കുശമായ വളർച്ചയ്ക്ക് വിഘാതമായി നില്ക്കുകയാണ്. ആഫ്രിക്കയിൽ സഭ നവോത്ഥാനം ചെയ്തിട്ടുണ്ടെങ്കിലും പ്രശ്നങ്ങളുടെ എണ്ണവും വലുപ്പവും കണക്കിലെടുക്കുമ്പോൾ ഉൽക്കണ്ഠയോടുകൂടി മാത്രമെ ആഫ്രിക്കയെ ഏതൊരു കത്തോലിക്കനും വീക്ഷിക്കുവാൻ കഴിയുകയുള്ളൂ.

ഇതിനെല്ലാം സമർത്ഥമായ പ്രതിവിധി ഒന്നുമാത്രമാണ്. ആഫ്രിക്കയുടെ വിവിധ ഭാഗങ്ങളിലുള്ള ഭരണാധിപന്മാർ, ലൗകിക രംഗങ്ങളിൽപോലും തങ്ങളുടെ ജനങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി ക്രിസ്തുമതം നല്കുന്ന സഹായം മനസ്സിലാക്കണം. ഭൗതികവാദത്തിനോ നിരീശ്വരത്വത്തിനോ മനുഷ്യനു ഹൃദയസംതൃപ്തിയും സമാധാനവും സൗഭാഗ്യവും നിറഞ്ഞ ജീവിതവും പ്രദാനംചെയ്യാൻ ഒരുവിധത്തിലും കഴിവില്ലെന്ന യാഥാർത്ഥ്യം അവരുടെ ഹൃദയത്തിൽ ആഴമായി പതിയണം, ഭൗതികവാദത്തിൽകൂടി സാമ്പത്തികവും ശാസ്ത്രീയവുമായി മുന്നേറിയെന്നു വിമ്പടിക്കുന്ന രാജ്യങ്ങളിൽ അസാന്മാർഗ്ഗികതയും അസമാധാനവുമാണ് സർവത്ര വ്യാപിച്ചിരിക്കുന്നതെന്നു് അവർക്കു ബോധ്യം വരേണ്ടിയിരിക്കുന്നു. മാനുഷികമൂല്യങ്ങളും ദൈവവിശ്വാസവും അവിടെ ചവുട്ടിമെതിക്കപ്പെടുകയാണെന്നു അവർ ഗ്രഹിക്കണം. സർവതോന്മുഖമായ ഉൽകർഷത്തിന്റെ പാരമ്യത്തിലേയ്ക്ക് മനുഷ്യനെ നയിക്കുന്ന ഏകശക്തി ക്രിസ്തുമതമാണെന്നു് അവർക്കു കാണാൻ ഇടവന്നാൽ നമുക്ക് പ്രത്യാശയ്ക്കുള്ള വകയായി.

എന്നാൽ ഭരണാധിപന്മാരിൽ ഈ ചിന്താഗതി രൂപമെടുക്കുവാൻ അത്ര എളുപ്പമല്ല എന്നുവേണം പറയുവാൻ, ക്രിസ്ത്യൻഭരണാധിപന്മാരെപ്പോലെതന്നെ മുസ്ലീംഭരണാധികാരികളും സഹിഷ്ണുതയോടെയാണ് സഭയെ വീക്ഷിക്കുന്നതെങ്കിലും, സഭയെപ്പറ്റി ഗാഢമായൊരു ജ്ഞാനം അവർക്കില്ല.

കത്തോലിക്കസഭ നിർജ്ജീവമായൊരു സംഘടനയല്ല. മനുഷ്യന്റെ അനുദിനജീവിതവുമായി അതിനു് ഗാഢമായ ബന്ധമുണ്ട്. ചില ആധുനിക തത്വസംഹിതകൾ ചെയ്യുന്നപോലെ, മനുഷ്യന്റെ വികാരങ്ങൾക്കും അഭിമാനങ്ങൾക്കും സഭ വളം വച്ചുകൊടുക്കുന്നില്ല. കർമ്മമുഖരിതമായ ജീവിതത്തിന്റെ മാഹാത്മ്യവും നിസ്വാർത്ഥസ്നേഹത്തിന്റെ മനോഹാരിതയും, മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി സ്വജീവിത സൗകര്യങ്ങളെ ബലികഴിയ്ക്കേണ്ടതിന്റെ ആവശ്യകതയുമാണ് അവർ എപ്പോഴും ഉൽഘോഷിക്കുന്നതു്. വ്യക്തികളുടെ ജീവിതം മെച്ചമാക്കി അതുവഴി രാഷ്ട്രത്തിൽ സമാധാനവും സന്തുഷ്ടിയും ഉളവാക്കുവാൻ അവൾക്കു കഴിയുമെന്നു് ലോകം മനസ്സിലാക്കിവരുന്നുണ്ട്. രാഷ്ട്രത്തിന്റെ അവിഭാജ്യഘടകങ്ങളായ വ്യക്തികളും കുടുംബങ്ങളും സ്വാർത്ഥതാല്പര്യങ്ങൾ വെടിഞ്ഞു്, സഹജീവികളുടെ ഉദ്ധാരണത്തിനും സൗഭാഗ്യത്തിനുമായി പരിശ്രമിച്ചാലേ ഒരു രാഷ്ട്രം ഉൽക്കർഷോന്മുഖമാകയുള്ളുവെന്നു് സഭ എന്നും പഠിപ്പിച്ചിട്ടുണ്ട്. ക്രിസ്തുവിന്റെ ദിവ്യസന്ദേശം പ്രവൃത്തിപഥത്തിലാക്കുകയാണെങ്കിൽ സൗഭാഗ്യം ഉളവാകുമെന്നു് തിരുസ്സഭയ്ക്കു് നന്നായിട്ടറിയുകയുംചെയ്യാം.

മനുഷ്യന്റെ ആദ്ധ്യാത്മികകാര്യങ്ങളിൽ മാത്രമല്ല, സഭയുടെ ശ്രദ്ധ പതിഞ്ഞിരിക്കുന്നതു്, മനുഷ്യജീവിതത്തെ ഏതെങ്കിലും വിധത്തിൽ സ്പർശിക്കുന്ന എല്ലാ വിഷയങ്ങളിലും അവൾക്കു താല്പര്യമുണ്ട്. സഭയ്ക്കു രാഷ്ട്രത്തിൽ കൈകടത്തുവാൻ എന്തധികാരമുണ്ടെന്നു ചോദ്യം പൂർവാധികം ശക്തിയോടെ ഉയർന്നുപൊങ്ങുന്ന ഒരന്തരീക്ഷത്തിലാണ് നാമിന്നു ജീവിക്കുന്നതു്. ഭരണത്തിന്റെ അടിസ്ഥാനമൂല്യമായ, 'ഭരണം സേവനമാണ്' എന്ന തത്വം മനുഷ്യരാശിക്കു് പ്രദാനംചെയ്തതു് ക്രിസ്തുവല്ലാതെ മറ്റാരാണ്? സഹജീവികളെ സേവിക്കുകയും അവരുടെ സുഖസൗകര്യാദികൾ വർദ്ധിപ്പിക്കുകയുമാണ് ഭരണാധിപന്മാരുടെ മുഖ്യചുമതലയെന്നു് കത്തോലിക്കസഭ എന്നും പഠിപ്പിച്ചിട്ടുണ്ട്. ദൈവം തന്നെ മനുഷ്യശരീരം സ്വീകരിച്ചു് ഭൂമിയിൽ ആഗതനായതു് സഹജീവികളെ സേവിക്കാനല്ലെ?

ഭരണാധിപന്മാർക്കു മാത്രമല്ല, ഭരണീയർക്കും ആവശ്യകമായ നിർദ്ദേശങ്ങൾ കത്തോലിക്കസഭ നല്കുന്നുണ്ട്. ഒരു രാഷ്ട്രത്തിന്റെ ഉൽക്കർഷം അധിഷ്ഠിതമായിരിക്കുന്നതു് ജനങ്ങളുടെ പ്രയത്നത്തിനുള്ള അഭിരുചി, പൊതുജനങ്ങളുടെ വ്യഗ്രത, അവരുടെ സന്മാർഗ്ഗനിലവാരം എന്നിവയിലാണ്. ദൈവത്തിന്റെ സ്ഥാനവും അവകാശങ്ങളും കത്തോലിക്കസഭ ശക്തിയുക്തം പോരാടി സംരക്ഷിക്കുന്നപോലെതന്നെ, ദൈവസുതരായ മനുഷ്യരുടെ അവകാശങ്ങളും കടമകളും സഭ എന്നും സംരക്ഷിക്കുന്നു.



മലനാട്

തിരുവമ്പാടി ബനഡിക്ട്

വിളവിതിനദ്ധ്യാന വണ്ണ്ചിത്രം

xx xx xx

അകലെ വിദൂരമാം നാട്ടിൽനിന്നും
സകലവുമുപേക്ഷിച്ചു പോന്ന മർത്യർ
അണിയണി നില്ക്കുന്ന കുന്നുകളിൽ,
പണിയുവാനെത്തി പ്രയത്നശീലർ
തളരാത്ത കൈകളും മെയ്കളുമായ്
ഇതുമെന്യേ മണ്ണുമായ് മല്ലടിച്ചു.
പുതുമണ്ണിൻ ഗന്ധ മുയർന്നുപൊങ്ങി
പുതിയ കിനാക്കൾ വിടർന്നുവന്നു.
പുളകമണിഞ്ഞ ശിരസ്സുയർത്തി
മുളകുകൊടികൾ വളർന്നുവന്നു
കരളിൻ കിനാവുപോൽ നെൽച്ചെടികൾ
കതിരിട്ടുനിന്നു വയലുകളിൽ
ഒരു പുതുജീവനുയിരെടുത്തു.
ഒരു നവോന്മേഷം വളർന്നുവന്നു
പഴയ വനങ്ങൾ മറഞ്ഞുമാറി
പുതിയ കിനാക്കൾ വളർന്നുവന്നു.

അകലെ, യലയാഴിക്കപ്പുറത്തായ്
പകലവൻ നിന്നുമറയുവാനായ്
കുരുവികൾ പുന്നാര പാട്ടുപാടി,
തെരുതെരെ വാനിൽ പറന്നുചുറ്റി
ഒരു ചൂടുനിശ്വാസമെന്നപോലെ
ഒരു കുളിർ തെന്നൽ കടന്നുപോയി.
ഇരുളിൻമറ നീക്കി നീലവാനിൻ-
ചെരുവിലായ, മ്പിളി യെത്തിനോക്കി.
അലയടിച്ചെത്തി മധുരമായി,
അകലത്തെ പള്ളി മണിനിനാദം!
അതിനോടൊത്തെത്തിയി നാടിതിന്റെ
കദനത്തിന്നോമ്മകൾ ഹൃത്തടത്തിൽ!!
വളരെ പണിപ്പെട്ടു നേടിവെച്ച

ഒരു രാഷ്ട്രത്തിന്റെ ശോഭനമായ ഭാവി അധിഷ്ഠിതമായിരിക്കുന്നതു് പ്രധാനമായും ജനങ്ങളുടെ സാന്മാഗ്ഗികനിലവാരത്തിന്മേലാണു്. സാമ്പത്തികവും ശാസ്ത്രപരവുമായി മുന്നണിയിൽ നിന്നാലും സാന്മാഗ്ഗികമായി അധഃപതിച്ചാൽ ഏതൊരു രാജ്യവും കാലത്തിന്റെ ഒഴുക്കിൽ നശിച്ചു നാമാവശേഷമാകുമെന്നു്, പ്രാചീന റോം, ഗ്രീസ് എന്നീ രാജ്യങ്ങൾ നമ്മെ പഠിപ്പിക്കുന്നുണ്ടു്. ഒരു രാജ്യത്തിന്റെ സന്മാഗ്ഗനിലവാരം മെച്ചമാകുന്നതു് അവിടത്തെ ജനങ്ങളുടെ കുടുംബജീവിതം മെച്ചപ്പെട്ടുമ്പോളാണു്. വിവാഹത്തിന്റെ പരിശുദ്ധിയേയും മഹനീയതയേയും പറ്റിയുള്ള ബോദ്ധ്യം ജനങ്ങളിൽ മുളയെടുത്താൽ ആരോഗ്യമുള്ളൊരു രാഷ്ട്രം പടുത്തുയർത്തപ്പെടുമെന്നതു് നിർവിവാദമാണു്. ഈ സരണിയിലും കത്തോലിക്കസഭ അവളുടെ വിപുലമായ അനുഭവസമ്പത്തു് നമുക്കു തരുന്നുണ്ടു്. ആഫ്രിക്കൻ ജനതയ്ക്കു് ഈ അടുത്തകാലത്തു് പരിശുദ്ധപിതാവു് 23-ാം ജോൺമാപ്പാപ്പാ നല്കിയ ഒരു റേഡിയോസന്ദേശത്തിൽ ഈ സംഗതി സമർത്ഥമായി പ്രകടമാകുന്നുണ്ടു്. വിദേശശക്തികളുടെ ഭരണത്തിൽനിന്നും സ്വാതന്ത്ര്യംനേടി രാജ്യഭരണം സ്വകരങ്ങളിലേന്തിയ ആഫ്രിക്കയിലെ പുതിയ രാജ്യവിഭാഗങ്ങൾക്കു് 1961 നവമ്പർ 6-ാംനു നല്കിയ സന്ദേശത്തിൽ, കുടുംബജീവിതത്തിന്റെ മാഹാത്മ്യം മാപ്പാപ്പാ ഊന്നിപ്പറയുന്നു. പരസ്പരസ്നേഹവും വിശ്വാസവും സേവനതല്പരതയുമായിരിക്കണം കുടുംബാംഗങ്ങളെ കൂട്ടിക്കെട്ടുന്ന പൊന്നുംനൂൽ എന്നു പ. പിതാവു് ഉൽബോധിപ്പിക്കുന്നു.

തിരുസ്സഭയെപ്പറ്റിയുള്ള സമഗ്രമായ ഒരറിവിന്റെ അഭാവമാണു് ആഫ്രിക്കയിലെ പുതിയ ഭരണാധിപന്മാരിൽ ദൃശ്യമാകുന്നതു്. സഭയുടെ ആന്തരികസത്തയും അന്തർലാവണ്യവും അവർക്കു കാണിച്ചുകൊടുക്കുകയെന്നതാണു് ആഫ്രിക്കയിലെ കത്തോലിക്കരുടെ, പ്രത്യേകിച്ചു വൈദികരുടെ ഇന്നത്തെ ചുമതല. വേറെ ഏതൊരു ഭൂവിഭാഗത്തിനെന്നപോലെ ആഫ്രിക്കയ്ക്കും യോജിച്ച ഒന്നാണു് ക്രിസ്തുമതമെന്നു് ആഫ്രിക്കൻ കത്തോലിക്കർ മുള്ള



സ്വപ്നകുമാരി

തോമസ് വട്ടക്കുന്നേൽ

കൊട്ടത്തലച്ചിമലയുടെ പിന്നിൽനിന്നു് സൂര്യഗോളം സാവധാനം ഉയരുകയായിരുന്നു. ഒരു മാസത്തോളം നീണ്ടുനിന്ന അതിഭയങ്കരമായ ഒരു വഷ്കാലം അവസാനിച്ചുവെന്നു് തോന്നി. നീലാകാശം സച്ഛ്നമ്മലമായിരുന്നു. കാർമേഘത്തിന്റെ കളങ്കം എങ്ങുമില്ല. പച്ചിലക്കാട്ടുകളിൽ തപസ്സുചെയ്തിരുന്ന പറവകൾ ചിറകുനിവർത്തി ചുണ്ടുവിടർത്തി പാടിക്കൊണ്ടു് സ്വതന്ത്രവിഹായസ്സിൽ പറന്നുയർന്നു. പുതുവെയിലിൽ പുളകമണിഞ്ഞ പ്രകൃതീദേവി ഇളംകാറ്റിൽ ഗൃത്തംവെയ്ക്കുകയാണു്. എങ്ങും ആഹ്ലാദത്തിന്റെ പൊട്ടിച്ചിരികൾ കേൾക്കാം.

കൊയ്ത്തരിവാളും കൈകളിലേന്തി നാലഞ്ചു പെണ്ണുങ്ങൾ പുല്ലുമുറിക്കാൻ പോവുകയാണു്. മാതയും കോതയും ആഹ്ലാദിച്ചുകൊണ്ടാണു് നടപ്പു്! ഇടക്കിടെ അവരിൽനിന്നു പൊട്ടിച്ചിരികൾ ഉയർന്നുകൊണ്ടിരുന്നു. തന്നെപ്പറ്റിയാണു് അവർ പറഞ്ഞുകൊണ്ടിരിക്കുന്നതെന്നു് അന്നമ്മയ്ക്കറിയാം. എങ്കിലും അവൾ ശ്രദ്ധിക്കുന്നില്ലായിരുന്നു. കൊയ്ത്തരിവാളും കവിളിൽ ചേർത്തുപിടിച്ചു്, ഊറിച്ചിരിച്ചുകൊണ്ടു് സാമന്ദം നടന്നുനീങ്ങുന്ന അന്നമ്മ തികച്ചും ഭാവനാലോകത്തിലാണെന്നു തോന്നും. ആ മുഖാരവിന്ദം പുഞ്ചിരിയുടെ തരംഗങ്ങൾകൊണ്ടു് പ്രസന്നമായിരുന്നു. ഇരുണ്ടുമൂടിക്കിടന്ന അന്തരീക്ഷത്തിൽ വീർപ്പുമുട്ടിക്കൊണ്ടിരുന്ന സ്വപ്നങ്ങൾ ആ പുതുവെയിലിൽ ചാഞ്ചാടുകയായിരിക്കുമോ?

അങ്ങകലെ പ്രകൃതിയുടെ വക്ഷസ്സിൽ മുഴച്ചുനില്ക്കുന്ന ആ കുന്നിൻപുറത്തെ മരതരുവകൾ അവരെ മാടിവിളിക്കുകയാണു്. ഇളംകാറ്റിൽ തുളുമ്പിനില്ക്കുന്ന ഒരു പുല്ലുമല! പച്ചിലക്കാട്ടുകളും കൊച്ചു തോട്ടുകളും കടന്നു് അവർ തരുമുമലയിലെത്തി. എല്ലാവരും പുല്ലുമുറിക്കാൻ തയ്യാറെടുക്കുകയാണു്. മാതയും കോതയും മുണ്ടൊന്നു ചുരുക്കുത്തി. അന്നമ്മ തലയിൽ തുണികെട്ടി; അരിവാൾ കൈയിലെടുത്തു. എല്ലാവരും കുനിഞ്ഞു. ഇക്കിളിക്കൊണ്ടതുപോലെ മല ഒന്നിളകിയൊ? പുല്ലിൻകറ്റകൾ വായുവിലൂടെ പച്ചക്കിളികൾപോലെ പറന്നുതുടങ്ങി. എല്ലാവരും പുല്ലുമുറിച്ചു നീങ്ങുകയാണു്.

അന്നമ്മയ്ക്കു് അന്നൊരുത്സവമായിരുന്നു. അവളുടെ മുഖത്തെ ചിരി മാഞ്ഞിട്ടില്ല. അവൾ എന്തൊ ഒരു സ്വപ്നങ്ങൾ കാണുകയാണു്.

ജീവിതത്തിൽ ആദ്യമായി അന്നമ്മ ഒരാളെ സ്നേഹിച്ചു. പാപ്പച്ചൻ! സുമുഖനായ ഒരു യുവാവു്. ജീവനേക്കാൾ ഉപരിയായി അവൾ പാപ്പച്ചനെ സ്നേഹിച്ചു. ഉൽക്കടമായ ആ സ്നേഹവായ്പു് പാപ്പച്ചൻ അറിഞ്ഞിരുന്നില്ല. ഒരിക്കൽപോലും അതു പ്രകടിപ്പിക്കുവാൻ അന്നമ്മയ്ക്കു ധൈര്യമില്ലായിരുന്നു. വീടു് കുറെ ദൂരമായതിനാൽ അപൂർവമായിട്ടെ അവർ കണ്ടുമുട്ടാറുള്ളൂ. അവിചാരിതമായി വല്ലപ്പോഴും കണ്ടുമുട്ടുമ്പോൾ നൈസർഗ്ഗികമായ ഒരു മന്ദഹാസത്തോടെ അയാൾ നടന്നുപോകും. പിന്നിടതൊന്നും അയാൾ തിരിഞ്ഞുനോക്കാറില്ല. വിജനമായ അന്തരീക്ഷത്തിലാണെങ്കിൽ അന്നമ്മ കുറെസമയം പാപ്പച്ചനെ നോക്കിനില്ക്കും. കണ്ണിൽ കവികളും കരളിൽ കിനാവുകളുമായി പാപ്പച്ചനെ നോക്കിനില്ക്കാൻ അന്നമ്മയ്ക്കു രസമാണു്. ആ രൂപം കണ്ണിൽനിന്നു മറയുമ്പോൾ അന്നമ്മ തിരിഞ്ഞുനടന്നുകൊണ്ടു് ദീർഘമായി ഒന്നു നിശ്വസിക്കും. ഒരു കൊടുംകാറ്റിന്റെ വേഗത ആ നിശ്വാസത്തിനുണ്ടു്. പിന്നാലൊരാൾ തന്നെ അത്യധികം സ്നേഹിക്കുന്നുവെന്നു് ആ നെടുവീർപ്പുകൾ പാപ്പച്ചനോടു പറയുമൊ?

താരുണ്യം തളിരിട്ടുനില്ക്കുന്ന അന്നമ്മയ്ക്കു കല്യാണാലോചനകൾ തുരുതുരെ വന്നുകൊണ്ടിരുന്നു. ഏതെ

വക്കു കാണിച്ചുകൊടുക്കണം. ദൈവം വെളിപ്പെടുത്തിയതും നേരിട്ടു സ്ഥാപിച്ചതുമായ സഭയാണു് ക്രിസ്തുമതമെന്നു് അന്യമതസ്ഥരേയും ബോധ്യപ്പെടുത്താൻ അവർക്കു കടമയുണ്ടു്. സത്യസഭയായ കത്തോലിക്കസഭയ്ക്കു മാത്രമെ ആഫ്രിക്കയുടെ സത്താപരമായ മൂല്യങ്ങളെ സംരക്ഷിക്കാനും ആഞ്ഞടിക്കുന്ന നിരീശ്വരതത്വത്തേയും ഭൗതികവാദത്തേയും ചെറുത്തുനിന്നു് ആഫ്രിക്കയെ രക്ഷിക്കാനും കഴിവുള്ളുവെന്നു ആഫ്രിക്കയിലെ ഭരണാധിപന്മാർക്കു ബോധ്യംവന്നാൽ വിജയം സുനിശ്ചിതമായി. ഈ ബോധ്യം അവരിൽ അങ്കുരിപ്പിക്കാൻ മാനുഷികശക്തിക്കുമാത്രം കഴിഞ്ഞെന്നുവരികയില്ല. അതുകൊണ്ടു് പരിശുദ്ധപിതാവു് നമ്മോടാവശ്യപ്പെടുകയാണു്, "ആഫ്രിക്കയിലെ പുതിയ ഭരണാധിപന്മാർ, ലൗകികരംഗങ്ങളിൽപോലും തങ്ങളുടെ ജനങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി ക്രിസ്തുമതം നല്കുന്ന സഹായം മനസ്സിലാക്കുന്നതിനുവേണ്ടി, തീക്ഷ്ണതാപൂർവം പ്രാർത്ഥിക്കുക!" എന്നു്.

ല്ലും ഭിക്ഷകളിൽനിന്നാണ് അവൾക്ക് കല്യാണാലോചനകൾ വരുന്നതു'! എല്ലാം അവൾ നിരസിച്ചു. പെണ്ണുകാണാൻ വരുന്നവർ പെണ്ണിനെ കാണാതെ തിരിച്ചുപോയി. ആരെങ്കിലും വരുന്നതു കണ്ടാൽമതി അന്നമ്മ എവിടെയെങ്കിലും പോയി ഒളിച്ചിരിക്കും. കതകിന്റെ കോണിലും പത്തായത്തിനിടയിലുമൊക്കെ ഏലിച്ചേടത്തി നടന്നുനോക്കും. ഇത്താക്കുചേട്ടനും കൊണ്ടുപിടിച്ചു തിരയും. എവിടെയും അന്നമ്മയെ കാണുകയില്ല. വന്നവർ സ്ഥലംവിട്ടാൽ അന്നമ്മ രംഗത്തു വന്നുനിന്നു ചിരിക്കുന്നതു കാണാം. കോപംകൊണ്ടു് ഇത്താക്കുചേട്ടൻ മകളെ തല്ലിയിട്ടുണ്ടു്. ഏലിച്ചേടത്തി കുത്തുവാക്കുകൾ പറയും.

"ഇനി നിന്നെ കെട്ടാൻ വാറെൽമുതലാളിടെ മകൻ വരുമെടീ..." ആ ശകാരവർഷം നാലഞ്ചുമണിക്കൂർ നീണ്ടുനില്ക്കും. അതിനിടയ്ക്കു് ഇടിവെട്ടുംപോലെ ഏലിച്ചേടത്തി മകളെ അലട്ടുക പതിവാണു്, അന്നമ്മ തിരിച്ചെന്തെങ്കിലും പറഞ്ഞാൽ അതിന്റെ എണ്ണം വർദ്ധിക്കും. ചക്രവാളംവരെ അതിന്റെ ശബ്ദം മുഴങ്ങിക്കേൾക്കാം. പാവം അന്നമ്മ! അവളൊന്നും പറയാറില്ല. പേടിച്ചുപേടിച്ചു് അവളിതുമാത്രം പറയും:

"എനിക്കിപ്പോൾ കല്യാണമൊന്നും വേണ്ട."

അതു കേൾക്കുമ്പോൾ ഏലിച്ചേടത്തിയുടെ കലി വർദ്ധിക്കുകയേയുള്ളു. 'പുരനിറഞ്ഞുനില്ക്കുന്ന ഒരു പെണ്ണിനു കല്യാണം വേണ്ടപോലും!' ഏലിച്ചേടത്തി വലിച്ചൊരാട്ടാട്ടി. അന്നമ്മയുടെ മുഖത്തെല്ലാം തുപ്പൽ തെറിച്ചു. മുറുക്കിത്തുപ്പൽ!

"താഴെനന്തിനാടൊ വെറുതെ ഞങ്ങളെയാകുന്നു കേറിയെ? തനിക്കിതൊരു തൊഴിലാണൊ?" വീട്ടിൽവച്ചു പറഞ്ഞതുപോരാഞ്ഞിട്ടു് പലതും വഴിയിൽവച്ചു് ഇത്താക്കുചേട്ടനെ ശ്വാസം മുട്ടിക്കുന്നുണ്ടു്.

"പെണ്ണിനു മനസ്സില്ലെപ്പിന്നെ ഞാനെന്തു ചെയ്യാനാ?" ഇത്താക്കുചേട്ടൻ തലയുംതാങ്ങി ഒഴിഞ്ഞുമാറും. ഓരോ ആട്ടുകൊട്ടത്തിട്ടെ അവരൊക്കെ സ്ഥലംവിടുകയുള്ളു. വളർന്നുനില്ക്കുന്ന തന്റെ മകൾക്കൊരു ഭർത്താവുണ്ടായിക്കാണാൻ കൊതിച്ച ആ ശുദ്ധഹൃദയനു കിട്ടുന്നതു് ആട്ടാണു്!

നിരാശാഗ്രസ്തനായി ഒരുദിവസംമുഖവുംകുനിച്ചു നടന്നുപോകുന്ന ഇത്താക്കുചേട്ടനെ വഴിയിൽവച്ചു് പോത്തൻചേട്ടൻ കണ്ടുമുട്ടി. പണ്ടേ സുഹൃത്തുക്കളാണവർ. പരസ്പരം കൈപിടിച്ചുകുലുക്കിക്കൊണ്ടു് അവർ കുശലാന്വേഷണം നടത്തി. വിട്ടുകാര്യങ്ങളും നാട്ടുകാര്യങ്ങളുമടങ്ങിയ സുദീർഘമായ പതിനാലുവർഷത്തെ ഒരു നീണ്ടചരിത്രം അവർ വിവരിച്ചു. വർത്തമാനത്തിനിടയ്ക്കു് ഇത്താക്കുചേട്ടൻ ചോദിച്ചു:

"മാത്തുക്കുട്ടിയുടെ കല്യാണം കഴിഞ്ഞൊ?"

"ഇല്ല..." എന്തൊ ആലോചിക്കുന്നതിനിടയ്ക്കാണു് പോത്തൻചേട്ടൻ മറുപടിപറഞ്ഞതു്. അയാളുടെ മൂത്തമകനാണു് മാത്തുക്കുട്ടി. 30 വയസ്സായെങ്കിലും ഇതുവരെയെങ്കും കല്യാണം നടന്നിട്ടില്ല.

"അന്നമ്മയല്ലെ മൂത്തമകൾ?" സംശയഭാവത്തോടെ പോത്തൻചേട്ടൻ തിരക്കി.

"അതെ"

"കല്യാണമൊക്കെ കഴിഞ്ഞൊ?"

"ഇല്ല" അല്പനേരത്തെനിശബ്ദതയ്ക്കുശേഷം ഇത്താക്കുചേട്ടൻ ഒരു പ്രശ്നമുന്നയിച്ചു. "അന്നമ്മയെ മാത്തുക്കുട്ടിയെക്കൊണ്ടു് നമുക്കു കല്യാണം നടത്താം." ഒന്നു ചിരിച്ചിട്ടു് അയാൾ അഭിപ്രായം ചോദിച്ചു:

"എന്താ?"

"തരക്കേടില്ല" പോത്തൻചേട്ടൻ പറഞ്ഞു. "അതുതന്നെ ഞാനും ആലോചിക്കുകയായിരുന്നു."

"എന്നാ പെണ്ണുകാണാൻ വരുന്നു?" ഇത്താക്കുചേട്ടൻ ചോദിച്ചു.

"നാളെയാട്ടെ"

"അതുപോരാ, ഇന്നുതന്നെ വരണം."

"എന്നാലാട്ടെ"

കല്യാണക്കാര്യത്തെപ്പറ്റി സംസാരിച്ചുകൊണ്ടു് അവർ നടന്നു. പോത്തൻചേട്ടനു് അന്നു നല്ല ഉത്സാഹമായിരുന്നു. നാടായനാടെല്ലാം പെണ്ണുനോക്കിനടന്നിട്ടു് ഒരു പരദേശത്തിപ്പെണ്ണിനെപ്പോലും കിട്ടാതിരുന്നതന്റെ മകനു് ഇത്താക്കുചേട്ടൻ പെണ്ണുകൊടുക്കാൻ തയ്യാറായിരിക്കുന്നു! അയാൾ എങ്ങനെ സന്തോഷിക്കാതിരിക്കും? ഒരു റാക്കുകാച്ചുകാരന്റെ വീട്ടിലേയ്ക്കു് ഇത്താക്കുചേട്ടനെ ക്ഷണിച്ചു് പോത്തൻചേട്ടൻ ഒരു വിരുന്നുനടത്തി! മൂക്കറ്റം കുടിച്ചു പിമ്പിരിയായി അവർ റോഡിലേക്കിറങ്ങി. പോത്തൻചേട്ടൻ പൂരപ്പാട്ടു പാടിക്കൊണ്ടു് ആടിയാടി നടന്നു. ഇത്താക്കുചേട്ടനും ഏതാണ്ടൊക്കെ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു.

"എടീ! കഴവേറി....നിന്നെ ഞാനിന്നു കെട്ടിക്കുടീ...." ഇത്താക്കുചേട്ടൻ വിളിച്ചുകൂവി.

തന്റെ പദ്ധതി വിജയിക്കുന്നതിൽ പോത്തൻചേട്ടൻ സന്തോഷിച്ചു.

ഒരു വയസ്സനേയും കെട്ടിവലിച്ചുകൊണ്ടുവരുന്ന ഇത്താക്കുചേട്ടനെ കണ്ടപ്പോൾ അന്നമ്മ പുരയ്ക്കകത്തൊളിച്ചിരുന്നു. എങ്കിലും പോത്തൻചേട്ടൻ അന്നമ്മയെ കണ്ടു! അന്നമ്മയെ അയാൾക്കു വളരെ ഇഷ്ടപ്പെട്ടു, ചെറുക്കനേയുംകൂട്ടി നാളെ വരാമെന്നുപറഞ്ഞിട്ടു് പോത്തൻചേട്ടൻ യാത്രയായി.

പിറ്റെദിവസം രാവിലെതന്നെ മാത്തുക്കുട്ടിയും പോത്തൻചേട്ടനും പെണ്ണുകാണാൻ വന്നു. അന്നമ്മ തിണ്ണയിലിരുന്നു തുവ്വല തൈയ്ക്കുകയായിരുന്നു. അവർ വന്നതു് അവൾ അറിഞ്ഞതേയില്ല. മധുരതരമായ ഒരു നേരിയ സംഗീതം അവളുടെ ചുറ്റും നൃത്തംവയ്ക്കുന്നുണ്ടായിരുന്നു. മാത്തുക്കുട്ടി ശബ്ദമുണ്ടാക്കാതെ അന്നമ്മയുടെ പുറകിൽ ചെന്നുനിന്നു. അവൻ സംഗീതം കേൾക്കുകയാണു്. ഇത്താക്കുചേട്ടനും ഏലിച്ചേടത്തിയും അടുക്കളവാതില്പ്പുറത്തുനിന്നു് അടക്കംപറയുന്നതു കണ്ടപ്പോൾ പോത്തൻചേട്ടൻ ക്ഷണിക്കാതെതന്നെ അങ്ങോട്ടുപോയി. ആഭ്രാഡപൂർവമായ ഒരു കല്യാണത്തിന്റെ സുദീർഘമായ ചർച്ച അവിടെ നടക്കുകയായിരുന്നു.

ഇത്തവണ ഏതുയാളും മകളുടെ എതിർപ്പിനെ വകവച്ചുകൊടുക്കുവാൻ ഇത്താക്കുചേട്ടൻ തയ്യാറില്ല. ഒരു പൂർവകാലസുഹൃത്തിന്റെ മകനെ മകൾക്കു ഭർത്താവായി ലഭിക്കുന്നതു് ഏലിച്ചേടത്തിക്കും സന്തോഷമാണു്. അന്നമ്മയുടെ എതിർപ്പിനെ വകവയ്ക്കാതെ അവർ ആ കല്യാണം നടത്തും. അതിനുവേണ്ടി എത്ര ഭയങ്കരമായ എതിർപ്പിനേയും അടിച്ചമർത്താൻ അവർ ഒരുങ്ങിക്കഴിഞ്ഞു

ഉപകാരസ്മരണ



N. N.

സ്ത്രീധനവും ആഭരണവുമൊന്നും പോത്തൻചേട്ടൻ ചോദിച്ചില്ല. എങ്കിലും ആയിരത്തഞ്ഞൂറു രൂപയുടെ മുതൽ കൊടുക്കാമെന്നു് അവരേറ്റു. കല്യാണത്തിന്റെ തിയതിവരെ അവർ നിശ്ചയിച്ചുകഴിഞ്ഞു. അന്നമ്മ ആ കല്യാണത്തിനു സമ്മതിക്കുമോ?

അന്നമ്മയുടെ പുറകിൽ വില്ലു വളച്ചതുപോലെ കുനിഞ്ഞുനിന്നു് മാത്തുക്കുട്ടി സംഗീതം കേൾക്കുകയാണു്. ജീവിതത്തിൽ ആദ്യമായാണു് ഇത്തരമൊരു സംഗീതം അവൻ കേൾക്കുന്നതു്! ആ സംഗീതത്തിന്റെ ഉറവിടത്തിലേയ്ക്കു് അവന്റെ തല പതുക്കെ അടുക്കുന്നതു അവൻതന്നെ അറിഞ്ഞില്ല. എന്തൊരു രസം! ആ ഗാനമാധുര്യത്തിൽ അവൻ അലിഞ്ഞുചേരുകയാണു്...

അന്നമ്മ തുവ്വാലയിൽ സൂചികോർത്തു കൈ മുകളിലേയ്ക്കു വലിച്ചു. മാത്തുക്കുട്ടി ഒന്നു പൊങ്ങിച്ചാടി! അറുകൊല കൂകുന്നതുപോലെ അയാൾ ഒന്നരണ്ടലറി! അന്നമ്മയുടെ കൈയിലിരുന്ന സൂചി അവന്റെ കണ്ണിൽ കുത്തിക്കേറിയതാണു്! കണ്ണു തകർന്നു് അവനു തോന്നി. വേദന സഹിക്കാനൊക്കുമോ?

"ന്റമ്മച്ചിയോ..." ഭൂമി കുലുക്കിക്കൊണ്ടു് മാത്തുക്കുട്ടി തന്റെ വേദന പ്രകടിപ്പിച്ചു. അന്നമ്മ ഞെട്ടിവിറച്ചുപോയി. കൈപൊക്കിയപ്പോൾ എവിടെയൊ മുട്ടിയെന്നല്ലാതെ അന്നമ്മക്കൊന്നും മനസ്സിലാകുന്നില്ല. ആ ചെകുത്താൻ എവിടെനിന്നും വന്നുവെന്നു് അന്നമ്മയ്ക്കുതമുണ്ടായി, കാലനെ കണ്ട കുറുമരിയെപ്പോലെ അവൾ മിഴിച്ചുനിന്നു.

ഒരു ബഹളം കേട്ടപ്പോൾ ഇത്താക്കുചേട്ടനും ഏലിച്ചേടത്തിയുമൊക്കെ ഓടിമുൻവശത്തു വന്നു. മാത്തുക്കുട്ടി പടിയിറങ്ങിപ്പോകുന്നതാണു് അവർ കണ്ടതു്!

"എന്തുപറ്റിയെടാ?..." ഇത്താക്കുചേട്ടൻ പരിഭ്രമത്തോടെ വിളിച്ചുചോദിച്ചു! ഏലിച്ചേടത്തിയെ വിറയ്ക്കുന്നുണ്ടു്.

"നിങ്ങടെയൊക്കെ ഒടുക്കത്തെപ്പണിയാണേ... എന്നെ കൊന്നേ.... ഞാൻ ചത്തേ..." എന്നൊക്കെപ്പറഞ്ഞു കണ്ണും തിരുമ്മിക്കൊണ്ടു് മാത്തുക്കുട്ടി സ്ഥലംവിട്ട. പൊത്തൻചേട്ടൻ യാത്രപോലും പറയാതെ പുറകെ പോയി

ഏറ്റവും ദയനീയമായ വിധത്തിലാണു് ആ കല്യാണാലോചന മാറിപ്പോയതു്. അന്നമ്മയുടെ അതിതീക്ഷ്ണധിക്കാരത്തിൽ രണ്ടു രക്ഷിതാക്കൾ കുപിതരായി. അതിൽപിന്നെ ആ കുസൃതിപ്പെണ്ണിനു യാതൊരു കല്യാണാലോചനയും അവർ നടത്തിയില്ല. ആരും അങ്ങോട്ടു ചെന്നതുമില്ല. ഏകാന്തതയിലിരുന്നു പാപ്പച്ചനെ സ്വപ്നംകണ്ടു അന്നമ്മ ദിവസങ്ങൾ തള്ളിനീക്കി. ദിവസങ്ങൾ, മാസങ്ങൾ എല്ലാം വിതുമ്പിക്കൊണ്ടു കടന്നുപോവുകയാണു്. വർഷങ്ങൾ അഞ്ചു കഴിഞ്ഞു, അന്നമ്മയുടെ വയസ്സു് 23 ആയി. അവളുടെ ആശകൾ പൂവണിയുമൊ? അവൾ ഇനി എത്രനാൾ കാത്തിരിയ്ക്കേണ്ടിവരും?

അന്നമ്മയുടെ ജീവിതത്തിൽ സൗഭാഗ്യത്തിന്റെ ഒരു വേലിയേറ്റമുണ്ടായി! അവളുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാകാൻ പോകയാണു്. മകന്റെ പെണ്ണന്വേഷിച്ചിറങ്ങിയ മക്കോസുചേട്ടൻ അന്നമ്മയുടെവീട്ടിലും വഴിപിഴച്ചുവന്നുകേറി! മക്കോസുചേട്ടനിലൂടെ അന്നമ്മ പാപ്പച്ചനെ കണ്ടു, അവളുടെ ഹൃദയേശ്വരനായ പാപ്പച്ചന്റെ പിതാവാണു് അദ്ദേഹം. പാപ്പച്ചന്റെ സുഖവിശേഷങ്ങൾ അദ്ദേഹത്തോടു ചോദിക്കണമെന്നവളാശിച്ചു. പക്ഷെ ചോദിക്കാൻ അവൾക്കു ധൈര്യമുണ്ടായില്ല. നോക്കുന്നിടത്തെല്ലാം പാപ്പച്ചനുണ്ടെന്നു് അന്നമ്മയ്ക്കു തോന്നി. അവൾ അടുക്കളയിലേയ്ക്കു് പാഞ്ഞുചെന്നു് വേഗം കാപ്പിയും ചോറുമൊക്കെ തയ്യാറാക്കി. ഏലിച്ചേടത്തിയെ തട്ടിയിട്ടു് അവൾതന്നെയാണു് മക്കോസുചേട്ടന്റെ മുമ്പിൽ വിഭവങ്ങൾ നിരത്തിയതു്. അന്നമ്മയുടെ ഉത്സാഹം കണ്ടപ്പോൾ ഏലിച്ചേടത്തിയും ഇത്താക്കുചേട്ടനും അത്ഭുതപ്പെട്ടുപോയി.

മക്കോസുചേട്ടനു് അന്നമ്മയെ ഇഷ്ടപ്പെട്ടു. സ്ത്രീധനം 5000 രൂപാ വേണമെന്നു പറഞ്ഞപ്പോൾ ഇത്താക്കുചേട്ടൻ നടുങ്ങി. 2500 രൂപായും 15 പവന്റെ ആഭരണവും കൊടുക്കാമെന്നു് അയാൾ പറഞ്ഞു. മനസ്സില്ലാമനസ്സോടെ മാക്കോസുചേട്ടൻ അതിനു വഴങ്ങി. കല്യാണം ഉടനെ വേണമെന്നു് മക്കോസുചേട്ടൻ പറഞ്ഞപ്പോൾ അന്നമ്മയ്ക്കു കോരിത്തരിപ്പുണ്ടായി. അടുത്ത വ്യാഴാഴ്ച ഒരു കല്യാണത്തിനു് പള്ളിയിലേയ്ക്കു വന്നേക്കാൻ പറഞ്ഞുകൊണ്ടാണു് മക്കോസുചേട്ടൻ വിടവാങ്ങിയതു്.

മുപ്പത്തു ഭാരവും പേറി ഇഴഞ്ഞുവരുന്ന ഒരൊച്ചിനെപ്പോലെ ആ വ്യാഴാഴ്ച വന്നു. രാവിലെതന്നെ അന്നമ്മ കുളിച്ചൊരുങ്ങി. നല്ല സാരിയും ബ്ലൗസുമണിഞ്ഞു, മുഖത്തു പൗഡറുമിട്ടു് ലജ്ജാവനമുഖിയായി, മുഖത്തു തത്തിക്കളിക്കുന്ന മന്ദഹാസവുമായി അവൾ പള്ളിയിൽപോയി. ഇത്താക്കുചേട്ടനും വേറെ രണ്ടുപെണ്ണുങ്ങളും ആ 'സ്വപ്നകുമാരി'ക്കുപിടി സേവിച്ചിരുന്നു. പള്ളിയകത്തുവച്ചു് പാപ്പച്ചനെ കണ്ടപ്പോൾ അന്നമ്മയുടെ കരൾ തുടിക്കുകയായിരുന്നു.

ഭാവനയുടെ മണിവേദിയിലെ ഒരു പൊലിസാത്തതാരം! അതെ, ആ പാപ്പച്ചന്റെ അരികിലേയ്ക്കു് അവൾ ആനയിക്കപ്പെട്ടു. സ്വപ്നങ്ങൾ യാഥാർത്ഥ്യമാവുകയാണു്. സ്വർഗ്ഗത്തിൽനിന്നു പുഷ്പങ്ങൾ വർഷിക്കപ്പെടുന്നതായും മാലാഖമാർ പാട്ടുപാടുന്നതായും അന്നമ്മയ്ക്കു തോന്നി. അവളുടെ ശരീരമാകെ ഇക്കിളി

കൊണ്ടു നിറഞ്ഞു വികാരിയച്ചന്റെ സാന്നിധ്യത്തിൽ ആ കല്യാണം ഉറച്ചു. അതിനി മാറുകയില്ല.

ദിവസങ്ങൾ ഇഴഞ്ഞുനീങ്ങുകയാണെന്നു് അന്നമ്മയ്ക്കു തോന്നി. സ്ത്രീധനംവകയിൽ 2500 രൂപാ എത്തിച്ചുകൊടുക്കേണ്ട ദിവസം നാളെയാണു്. ഒറ്റ രൂപാപോലും ഇത്താക്കുചേട്ടന്റെ കൈവശമില്ല! മകളുടെ കല്യാണത്തിനുവേണ്ടി നീക്കിവച്ചിരുന്ന രൂപാ മുഴുവൻ ചെലവായിക്കഴിഞ്ഞിരുന്നു. ഇത്താക്കുചേട്ടൻ ആകെ കറങ്ങി. കല്യാണത്തിന്റെ തിയതിയും അടുത്തുവരികയാണു്. തെരുതെരുത്തിലും അയാൾക്കു കാശുണ്ടായില്ല. തെരുവു മുറിച്ചു പണമുണ്ടാക്കിത്തരാമെന്നു അയാൾ ശപഥംചെയ്തു. മക്കോസുചേട്ടൻ അതിനു സമ്മതിച്ചു; കല്യാണത്തിന്റെ അവധിയും നീട്ടിവച്ചു.

തെരുവു മുറിക്കാറായി. മഴയും തുടങ്ങി. മഴ മാറാനുള്ള മട്ടില്ല! അതു തകർത്തടിച്ചു പെയ്യുകയാണു്. ഒരു ജലപ്രളയമുണ്ടാകുമെന്നു് അന്നമ്മ ഭയപ്പെട്ടു. താനതിലൂടെ ഒഴുകിപ്പോകുന്നതായി അവൾക്കു തോന്നി. ആ മഴ ഒരു മാസത്തോളം നീണ്ടുനിന്നു. സൂര്യനെ കാണാൻ എല്ലാവരും കൊതിക്കുകയാണു്

പെട്ടെന്നു് മാനം തെളിഞ്ഞു; മഴക്കാറു നീങ്ങി പുതുവെയിൽ പരന്നൊഴുകുകയാണു്. എല്ലാവരും ആഹ്ലാദിച്ചു. ഇളംസൂര്യനെ നോക്കി കൈകൂപ്പിക്കൊണ്ടു് "ഇനി മഴ പെയ്യരുതേ"യെന്നു് അന്നമ്മ പ്രാർത്ഥിക്കുകയായിരുന്നു

മാതയും കോതയും പുല്ലുമുറിക്കാൻവന്നു. വേറെയും അഞ്ചുപത്താളുണ്ടു്. അന്നമ്മയുടെ നേതൃത്വത്തിൽ അവർ പുല്ലുമലയിലേയ്ക്കു പോയി. അന്നമ്മയുടെ ശരീരം ഉരുക്കുപോലെ ഉറച്ചതാണു്! വേലചെയ്യുന്നതിൽ അവൾക്കു യാതൊരു മടിയുമില്ല. ഉച്ചയ്ക്കുമുമ്പെ ഒരു കുന്നുപോലെ അന്നമ്മ പുല്ലു മുറിച്ചുകൂട്ടി. മാതയും കോതയും അടക്കം പറഞ്ഞു. പാപ്പി പൊട്ടിച്ചിരിച്ചു. അന്നമ്മ അതൊന്നും ശ്രദ്ധിക്കുന്നില്ല: അവരുടെ കൈയിൽനിന്നു് പുല്ലിൻകറകൾ പച്ചക്കിളികൾപോലെ പറന്നുവീഴുകയാണു്.

സമയം ഉച്ചയോടടുത്തുകാണും. അന്നമ്മ നിവർന്നുനിന്നൊന്നു ശ്വസിച്ചു. നെറ്റിയിലെ വിയർപ്പുകണങ്ങൾ വടിച്ചെറിഞ്ഞുകൊണ്ടു് അവൾ പടിഞ്ഞാറേയ്ക്കു് ഒന്നു നോക്കി. അവിടെ കാർമേഘങ്ങൾ ഉരുണ്ടുകൂടുകയാണു്! ഒറ്റനിമിഷംകൊണ്ടു് ഉഗ്രമായ ഒരു കൊടുംകാറ്റിൽ അതു കൊട്ടത്തലച്ചിമലയിലാകെ വ്യാപിച്ചുകഴിഞ്ഞു

"നശിച്ച ഒരു മഴ..." അന്നമ്മ മഴയെ ശപിച്ചുകൊണ്ടു് പുല്ലു വാരിക്കെട്ടി വാറ്റുപുരയിലേയ്ക്കോടി. കഷ്ടം! വാറ്റുപുര തകർന്നുകിടക്കുന്നു!

അന്നമ്മയുടെ കരളിൽ എവിടേയോ പിച്ചാത്തികൊണ്ടതുപോലെ തോന്നി! കഷ്ടം ആ കിനാവുകൾ തകരുകയാണോ?

ആ മഴ തോരാതെ 15 ദിവസം നീണ്ടുനിന്നു. മുറിച്ചിട്ട പുല്ലു് നനഞ്ഞുചീഞ്ഞു. മുറിക്കാനുള്ളതു മുഴുപ്പോയി. അങ്ങനെ പത്തുപെട്ടി തൈലം ഇത്താക്കുചേട്ടനു നഷ്ടപ്പെട്ടു. ആ അവധിക്കും മക്കോസുചേട്ടനു പണംകൊടുക്കാൻ ഇത്താക്കുചേട്ടനു കഴിഞ്ഞില്ല.

കൃതജ്ഞത

ഉദ്ദിഷ്ടകാര്യം വി. കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥതയാൽ സാധിച്ചതിനു ഉപകാരസ്മരണ.

മോൺസിഞ്ഞോർ ജെ. പുത്തേട്ടു്

പ്രതീക്ഷകളോടെയല്ലെങ്കിലും മക്കോസുചേട്ടനെ കാണാൻ ഇത്താക്കുചേട്ടൻ ചെന്നു. അയാൾ ക്ഷോഭിച്ചിരിക്കുകയായിരുന്നു. ഇഞ്ചി പറിക്കുന്നതുവരെ ക്ഷമിക്കണമെന്നു് പറഞ്ഞു് ഇത്താക്കുചേട്ടൻ അവധിക്കു യാചിച്ചു.

"സ്ത്രീധനം തരാതെ ഈ കല്യാണം നടത്താമെന്നാണോ തന്റെ ഉദ്ദേശം?" മക്കോസുചേട്ടൻ മുഖത്തടിക്കുംപോലെ ചോദിച്ചു.

"അല്ല..." ഇത്താക്കുചേട്ടൻ നിന്നു പരുങ്ങി. എന്താണു് പറയേണ്ടതെന്നു് അയാൾക്കു് ബോധമില്ല. ഒരുതരത്തിൽ അയാൾ പറഞ്ഞൊപ്പിച്ചു. "ഒരവധികൂടെ...."

"ഇനിയും അവധിയൊ?" അതൊരു ഗർജ്ജനമായിരുന്നു.

"അതെ, അവധി...ഒരവധികൂടെ ഇഞ്ചിയും മുളകും പറിക്കട്ടെ."

മക്കോസുചേട്ടൻ മുഖമടച്ചൊരാട്ടുകൊടുത്തു. എന്നിട്ടു ചെകുത്താനെപ്പോലെ നിന്നട്ടഹസിച്ചു.

"ഇനിയും അവധി ഇഞ്ചിപറിക്കുന്നതും മുളകു പറിക്കുന്നതും...ഹഹഹ...." മുഖം ബീഭത്സമാക്കിക്കൊണ്ടു് അയാൾ അലറി." നാളെ പത്തുമണിക്കകം സ്ത്രീധനം വകയിൽ 2500 രൂ. തരാത്തപക്ഷം ആ കല്യാണം ഞാൻ ഉപേക്ഷിച്ചിരിക്കുന്നു" കൈവലിച്ചടിച്ചു് ഒരു ശബ്ദമുണ്ടാക്കിക്കൊണ്ടു് അയാൾ മുറിക്കകത്തേയ്ക്കു പോയി. ഉഗ്രമായ ആ ശബ്ദത്തിലൂടെ ഇത്താക്കുചേട്ടന്റെ പ്രതീക്ഷകൾ പൊട്ടിത്തകരുകയായിരുന്നു.

വേദനാപൂർണ്ണമായ ദിവസങ്ങൾ ഓടി അകലുകയാണു്. ആ കിനാവുകൾ തകർന്നു അന്നമ്മ കരയുകയാണു്. അവൾ ഹൃദയം നൊന്തു കരഞ്ഞു.

പാപ്പച്ചൻ വേറൊരു പെണ്ണിനെ കെട്ടാൻപോകുന്നു. അവൾ സുന്ദരിയാണു്. 5000 രൂ. അവനു സ്ത്രീധനം കിട്ടി!

പാപ്പച്ചൻ ഒരു പണക്കൊതിയനാണൊ? വാറ്റിൽ മുതലാളിക്കു പണം മതിയാകയില്ലെ?

പള്ളിയിൽവെച്ചു് പാപ്പച്ചൻ ലിസിയുടെ കൈത്തിൽ മിന്നുകെട്ടുന്നതു് അന്നമ്മ നോക്കിനിന്നു. അവളുടെ കണ്ണുകൾ നിറഞ്ഞില്ല. ആ ഹൃദയം നടുങ്ങിയില്ല, അവൾ ആ ദമ്പതികൾക്കു ഭാവുകങ്ങൾ ആശംസിക്കുകയായിരുന്നു. അവസാനമായി പാപ്പച്ചനെ ഒന്നുകൂടി നോക്കിയിട്ടു് അന്നമ്മ പള്ളിയുടെ പുറത്തിറങ്ങി. ഭൂമി കുലുക്കിക്കൊണ്ടു് ഒരു കൊടുങ്കാറ്റു് അലറിവരുന്നുണ്ടെന്നു് അവൾക്കു തോന്നി. ആ കൊടുങ്കാറ്റിൽപെട്ടു് തന്റെ ജീവിതം തകരുമൊ! അവൾ റോഡിലേക്കോടി!!!

★ വേദനിപ്പിക്കുന്ന യാഥാർത്ഥ്യം ★

ജോജ്ജ് വലിയതാഴത്ത്, സിക്കന്തരാബാദ്

കേരളത്തിലെ ഒരു കത്തോലിക്കമാസികയുടെ പത്രാധിപർ ഈയിടെ തന്റെ സുഹൃത്തായ ഒരു സാഹിത്യകാരനു് ഇപ്രകാരമെഴുതി:

മാസികയുടെ 18 ലക്കങ്ങൾ പ്രസിദ്ധീകരിച്ചു. ആകെ നാലായിരം രൂപാ നഷ്ടമുണ്ടു്. ഇനി എന്താണു ചെയ്യുക? മാസിക പ്രസിദ്ധീകരിക്കണമൊ?"

ആ മാന്യപത്രാധിപരുടെ ഹൃദയംനീറിയുള്ള ഈ കത്തിനെപ്പറ്റി കത്തോലിക്കസമുദായം കാര്യമായി ചിന്തിക്കേണ്ടതാണു്. വേറൊരു കത്തോലിക്ക പത്രാധിപർ എഴുതുന്നു: പ്രതിമാസം അമ്പതുരൂപാ നഷ്ടം സഹിച്ചാണു് മാസിക നടത്തിക്കൊണ്ടുപോകുന്നതെന്നു്.

സാമാന്യം നല്ല പേരുള്ള ഒന്നു രണ്ടു പ്രസ്സുകളിലേയ്ക്കു് ചില പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിനെപ്പറ്റി എഴുതിച്ചോദിച്ചപ്പോൾ അവരുടെ, മറുപടിയിലും സൂചിപ്പിച്ചിരുന്നു, അവിടെനിന്നും പ്രസിദ്ധീകരിക്കുന്ന മാസികകളഭിമുഖീകരിക്കുന്ന സാമ്പത്തിക നഷ്ടത്തെപ്പറ്റി!

ഇക്കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ കേരളത്തിലെ ഇതരസമുദായങ്ങളും രാഷ്ട്രീയകക്ഷികളും അവരുടേതായി പല മികച്ച വാരികകളും മാസികകളും ആരംഭിച്ചു് ഉറച്ച അടിസ്ഥാനത്തിൽ നടത്തിവരുന്നു. ലോകത്തിലേയ്ക്കും ഏറ്റവുമധികം സംഘടനാബലവും കെട്ടുറപ്പും സാമ്പത്തികശേഷിയുമുള്ള ഒരു സമുദായമാണു് കത്തോലിക്കരുടേതു്. കേരളത്തിലും അവരുടെ സ്ഥിതി വ്യത്യസ്തമല്ല. വിദ്യാഭ്യാസത്തിൽ അവർ മറ്റുള്ളവരുടെയെല്ലാം മുൻപന്തിയിലാണു്. വിദ്യാഭ്യാസസ്ഥാപനങ്ങളുടെ കുത്തകാവകാശംതന്നെ കത്തോലിക്കർക്കായിരുന്നു. പ്രസിദ്ധീകരണങ്ങളുടെ പ്രയോജനത്തെപ്പറ്റി ഏറ്റവുമധികം പ്രസംഗിക്കുന്നവരും കത്തോലിക്കർതന്നെ, എന്നിട്ടും എന്താണനുഭവം? വേദനയോടും ലജ്ജയോടുംകൂടി മാത്രം അനുസ്മരിക്കുവാൻ കഴിയുന്ന ആ അനുഭവങ്ങളാണല്ലൊ ലേഖകനാരംഭത്തിൽ രേഖപ്പെടുത്തിയതു്!

കേരളത്തിലെ കത്തോലിക്കസമുദായത്തിനെന്തു പിണഞ്ഞു എന്നു ചിലപ്പോൾ ഹൃദയവേദനയോടെ ഓർത്തുപോകുകയാണു്! നാം വിദ്യാലയങ്ങൾ സ്ഥാപിച്ചു നടത്തുന്നു! കമ്മ്യൂണിസ്റ്റുകൾ പുസ്തകങ്ങളെഴുതി നമ്മുടെ കുട്ടികളെ കമ്മ്യൂണിസം പഠിപ്പിക്കുന്നു നമ്മുടെ വിദ്യാലയങ്ങൾക്കുള്ളിൽ! വെളിയിൽ അവ ക്കു വായിച്ചു രസിക്കുവാൻ സമർത്ഥന്മാരായ കമ്മ്യൂണിസ്റ്റുകൾ അവരുടെ പത്രമാസികകൾ നല്കുന്നു. അതൊന്നും ഗ്രഹിക്കുവാൻ നമ്മുടെ ആളുകൾക്കു കഴിയുന്നില്ലെന്നു തോന്നുന്നു! ഗ്രഹിച്ചാൽതന്നെ അതിനെ തടയുവാൻ ഒന്നും ചെയ്യുന്നില്ല. കായ്കുങ്കൾ അങ്ങനെ വഷളായി കമ്മ്യൂണിസ്റ്റുകാർ രാജ്യം ഭരിക്കാൻ തുടങ്ങിയപ്പോൾ എല്ലാവരുമൊന്നുണർന്നു. പിന്നീടു് അവശ്യം വേണ്ടിവന്ന വിമോചനസമരത്തിനു വാരിക്കോരിച്ചെലവാക്കാൻ നമ്മുടെ സമുദായത്തിനു പണമുണ്ടായിരുന്നു! രാപകൽ ഒരുപോലെ അതിനുവേണ്ടി ത്യാഗം സഹിച്ചു നടക്കാൻ സമയമുണ്ടായി. അതിനുമുമ്പും ഇപ്പോഴും കത്തോലിക്കപ്രസിദ്ധീകരണങ്ങൾക്കുവേണ്ടി ചെലവാക്കാൻ പണമൊ അവ വായിക്കുവാൻ സമയമൊ നമുക്കില്ല!!

വിമോചനസമരം കഴിഞ്ഞു. കേരളത്തിലെ കത്തോലിക്കജനത വീണ്ടും സുഷുപ്തിയിലായി. കലാപരമായ മാർഗ്ഗങ്ങളിലൂടെ മതവിരോധികൾ നമ്മുടെ യുവജനങ്ങടെ ചാക്കിട്ടു പിടിക്കുമ്പോൾ, അവരെ ആ അപകടത്തിൽനിന്നു രക്ഷിക്കുവാനുള്ള ഉത്തമ സഹായമാർഗ്ഗം അവലംബിക്കാതെ "ചാക്കിന്റെ വായ് കെട്ടാനുള്ള കയറു് നമ്മുടെ കൈയിലാണെന്നു"" പറഞ്ഞു് അലസമായി നോക്കിയിരിക്കുകയാണു കത്തോലിക്കസമുദായം.

കണ്ടാലറിവാൻ സമർത്ഥനല്ലെങ്കിൽ നീ
കൊണ്ടാലറിയുമതിനില്ല സംശയം!"

നമുക്കു് ആവശ്യത്തിലധികം ആഴ്ചപ്പതിപ്പുകളും മാസികകളുമുള്ളതാണു കുഴപ്പത്തിനു കാരണമെന്നു അഭിപ്രായമുണ്ടു് ചിലക്കു്. ഞാൻ അതിനോടു യോജിക്കുന്നില്ല. പ്രസിദ്ധീകരണങ്ങളുടെ എണ്ണം വർദ്ധിക്കുന്നുണ്ടെങ്കിൽ, സമുദായത്തിന്റെ വളച്ചയെയല്ലെ അതു് സൂചിപ്പിക്കുന്നതു്? കേരള കത്തോലിക്കസമുദാ

യം മുഴുവൻ ഒരു പത്രത്തിൽനിന്നുമാത്രം ആശയങ്ങൾ ഗ്രഹിക്കുന്ന കാലം കഴിഞ്ഞുപോയി. (ഒരു പത്രം നമുക്കുണ്ടായിരുന്ന കാലത്തു്, അതും വലിയ നഷ്ടം സഹിച്ചാണല്ലൊ ഇഴഞ്ഞുമുന്നോട്ടു നീങ്ങിയിരുന്നതു്!) കത്തോലിക്കസമുദായമിന്നു വളരെയേറെ വളർന്നു പന്തലിച്ചു ഫലംപുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നതിനാൽ, പത്രമാസികളുടെ എണ്ണവും വണ്ണവും അതനുസരിച്ചു വർദ്ധിയ്ക്കേണ്ടതാവശ്യമാണു്.

അപ്പോൾ പിന്നെയെന്താണു കുഴപ്പം? നായരോ ഈഴവനോ നടത്തുന്ന ഒരു പ്രസിദ്ധീകരണത്തിന്റെ സ്ഥിതിയാലോചിക്കുക. അതെത്ര താണ നിലവാരത്തിലുള്ളതാണെങ്കിൽപ്പോലും സ്വന്ത കടിഞ്ഞൂൽസന്താനത്തെപ്പോലെ അവർ അതിനെ താലോലിച്ചുകൊണ്ടുനടക്കുന്നതു കാണാം. സാമാന്യം നല്ല നിലവാരത്തിലുള്ള ഒരു കത്തോലിക്ക പ്രസിദ്ധീകരണത്തെപ്പറ്റിപ്പോലും നമ്മുടെയാളുകളുടെ ചിന്താഗതി എന്താണു്?

"ഓ, അതിൽ വായിക്കാനെന്തിരിക്കുന്നു?" എന്തൊരു പുച്ഛഭാവം!

സ്വന്ത മതത്തെപ്പറ്റിയും സമുദായത്തെപ്പറ്റിയും എഴുതുന്നതും വായിക്കുന്നതും, തങ്ങളുടെ ഉന്നതസ്ഥാനത്തിനു ലാഘവം വരുത്തുമെന്ന ധാരണയാണെന്നുതോന്നുന്നു നമ്മുടെ പലവിദ്യാസമ്പന്നന്മാർക്കുമുള്ളതു്. അതിന്റെ ഫലമായി കത്തോലിക്ക പത്രമാസികകളുടെ നേരെ അവക്കോരവഗണനയും. വലിയ വിദ്യാഭ്യാസമൊന്നുമില്ലാത്തവരുടെ കാര്യം പിന്നെ പറയേണ്ടതില്ലല്ലൊ. ഈദൃശ വിചിത്ര ചിന്താഗതി, നമ്മുടെ കത്തോലിക്ക ജനതയ്ക്കേയുള്ളു കേട്ടോ! വിശ്വവിഖ്യാതരും പണ്ഡിതകേസരികളും ബുദ്ധിജീവികളുമായ രാജാജി, കെ.എം. മുൻഷി മുതലായവരാണു് അവരുടെ "ഭവാൻ സം ജേർണൽ" തുടങ്ങിയ മതമാസികകളിൽ തുടച്ചയായി പണ്ഡിതോചിതമായ ലേഖനങ്ങൾ എഴുതുന്നതും, അവയെ പ്രചരിപ്പിക്കുവാൻ പ്രയത്നിക്കുന്നതും. രാജാജിയുടെ രാമായണം തർജ്ജിമ തമിഴ് സാഹിത്യത്തിൽ അതിപ്രശസ്തമായൊരു കൃതിയാണു്. അങ്ങനെയൊക്കെ സ്വന്ത സമുദായത്തിനും മതത്തിനും വേണ്ടി പ്രവർത്തിക്കുന്നതിൽ ആ ബുദ്ധിജീവികൾക്കും പണക്കാർക്കും യാതൊരഭിമാനക്ഷയവുമില്ല; അനവധാനതയുമില്ല.

കേരളകത്തോലിക്കരിൽ സാമ്പത്തികമായും വിദ്യാഭ്യാസപരമായും നല്ല കഴിവുള്ളവർ അഭിമാനപൂർവം ശ്രമിക്കുകയാണെങ്കിൽ ഇന്നു നമ്മുടെ പ്രസിദ്ധീകരണങ്ങൾ എല്ലാംതന്നെ നല്ല നിലയിൽ നടത്തപ്പെടുവാൻ കഴിയുമെന്നാണെന്റെ പക്ഷം. ഞാനീയഭിപ്രായം അല്പാംകൂടി വിശദീകരിക്കാം. കേരളത്തിലെ എല്ലാ കത്തോലിക്കരൈദികരും, എന്തെങ്കിലും ഉദ്യോഗമുള്ള എല്ലാ അൽമേനികളും രണ്ടു മാസികയെങ്കിലും മുടങ്ങാതെ വരിസംഖ്യ കൊടുത്തു വരുത്തി വായിക്കുകയാണെങ്കിൽ ആയിനത്തിൽതന്നെ നമ്മുടെ പ്രസിദ്ധീകരണങ്ങളുടെ പ്രചാരവും സാമ്പത്തികശേഷിയും ഇന്നത്തെക്കാൾ വളരെ വർദ്ധിക്കുമല്ലൊ. ശമ്പളക്കാരല്ലാത്തവരിൽതന്നെ, മാസം നൂറു രൂപയിൽ കൂടുതൽ വരുമാനമുള്ളവരെല്ലാവരും മുടങ്ങാതെ വരിസംഖ്യകൊടുത്തു ഒരാഴ്ചപ്പതിപ്പും ഒരു മാസികയുമെങ്കിലും വരുത്തട്ടെ. അതിനു വേണ്ടിവരുന്ന സംഖ്യ എത്രയോ തുച്ഛം! ധനുടെ ഒരു പ്രതിവാര പത്രത്തിനു ആണ്ടിൽ അഞ്ചോ ആറോ രൂപയേയുള്ള വരിസംഖ്യ. മാസികയ്ക്കു ഏകദേശം രണ്ടു രൂപയും! ദൈവം നല്കിയ ബുദ്ധിയും വിദ്യയും വിത്തവും കുറേയെല്ലാം അവിടുത്തെ തിരുസ്സുതന്നും ജനതയ്ക്കുംവേണ്ടി ചിലവാക്കുവാൻ നമുക്കൊരു കടമയില്ലേ? മനസ്സിരുത്തി ചിന്തിക്കേണ്ടൊരു കാര്യമാണിതു്.


ആണ്ടിൽ രണ്ടോ മൂന്നോ രൂപാ മാത്രം വരിസംഖ്യയുള്ള ഒരു മാസികയ്ക്കുവെറും വരിസംഖ്യയിനത്തിൽ മാത്രം എത്ര സാമ്പത്തികസുസ്ഥിതി ഉണ്ടാകുവാനാണു്! നമ്മുടെ വാരികകളുടേയും നിലമെച്ചമല്ല. അതിനാൽ നമ്മുടെ പലതരം ബിസിനസ്സുകാരും മുതലാളികളും മറ്റും, കത്തോലിക്കപ്രസിദ്ധീകരണങ്ങളോടു് അവശ്യം ഉണ്ടായിരിക്കേണ്ട സ്നേഹംകൊണ്ടെങ്കിലും തങ്ങളുടെ പരസ്യങ്ങൾ കത്തോലിക്കപത്രമാസികകൾക്കു നല്കി അവയുടെ സാമ്പത്തികനിലവാരം കൂടുതൽ ഉയർത്തുവാൻ ശ്രമിച്ചാൽകൊള്ളാം.

ആവശ്യം വേണ്ട പരസ്യങ്ങൾ നേടിയും വായനക്കാർക്കു രസകരമായ രീതിയിൽ വിജ്ഞാനവും വിനോദവും വിതരണം ചെയ്തും നമ്മുടെ വാരികകളേയും മാസികകളേയും അഭിവൃദ്ധിപ്പെടുത്തുവാൻ പത്രാധിപന്മാരും പരമാവധി പരിശ്രമിക്കണം.

പാർസിസമുദായത്തിനൊരു പ്രത്യേകത: അവരുടെ സമുദായത്തിലെ ഒരു വ്യക്തിയോ പത്രമോ ദാരിദ്ര്യമനുഭവിച്ചു അധഃപതിക്കുവാൻ സമുദായം അനുവദിക്കുകയില്ല. എത്ര ത്യാഗം സഹിച്ചും അവർ അവിടെ സഹായ

കുടിയേറ്റ

കോഴിക്കോട്ടു വയനാട്ടുറോഡിൽ 27-ാം മൈലിൽ പുതുപ്പാടി എന്ന സ്ഥലത്തു് ബസ്സു് ഇറങ്ങിയാൽ തെക്കോട്ടു് ഒരു റോഡ് പോകുന്നതു കാണാം. ആ റോഡിൽകൂടി 3 നാഴിക നടക്കുക. വിശാലമായ നെൽപ്പാടങ്ങൾ നിങ്ങൾക്കു സ്വാഗതമരുളും. അവയുടെ ചുറ്റുമുള്ള കരകളിൽ തഴച്ചുവളരുന്ന കുരുമുളകുചെടികൾ തലയാട്ടി പാട്ടുപാടി നിങ്ങളെ ഒരു മൈൽകൂടി മുമ്പോട്ടനടത്തും. അപ്പോൾ ബ്രഹ്മാണ്ഡമായ ഒരു ഹൈസ്കൂൾകെട്ടിടം, നവീനശില്പകലാപാടവം വിളിച്ചറിയിക്കുന്ന ഒരു മനോഹര ദേവാലയം, വിസ്തൃതമായ ഒരു പുൽമൈതാനം, ഇടത്തുഭാഗത്തു് യു. പി. സ്കൂൾ, തൊട്ടടുത്തു് കോൺവെന്റ് എന്നിവയുടെ നടുമുറ്റമായ അങ്ങാടിയിൽ നിങ്ങൾ എത്തിക്കഴിഞ്ഞു.



ലേഖകൻ

ചുറ്റുപാടുമൊന്നു കണ്ണോടിക്കുക. പശ്ചിമപർവതം തികഞ്ഞ ഗാംഭീര്യത്തോടെ തലയുയർത്തി നില്ക്കുന്നു. പടിഞ്ഞാറു് തേവർമല. ഇതിനിടയ്ക്കു മൊട്ടക്കുന്നുകൾ. കുരുകും കുരുമുളകുചെടികളും റബർ മരങ്ങളും അവയെ ഭംഗിപിടിപ്പിക്കുന്നു. കുന്നുകളുടെ താഴ്വരകളിൽ നെൽപ്പാടങ്ങൾ. അവയിലൂടെ തത്തിക്കളിക്കുന്ന കൊച്ചരുവികൾ! പ്രകൃതിപ്രസന്നമായ ഈ കുടിയേറ്റക്കോളനിയാണു കോഴിക്കോട്ടുരൂപത ഓമനിച്ചുവളർത്തിയ കോടഞ്ചേരി.

വേദനയുടെ കഥ

കോടഞ്ചേരിയുടെ ചരിത്രത്തിൽ വേദനയുടെ കഥകൾ അലിഞ്ഞുചേർന്നിട്ടുണ്ട്. കഥാപാത്രങ്ങളിൽ ചിലർ ജീവൻപോലും ബലിയർപ്പിച്ചിട്ടുണ്ട്. ഈ നാടിന്റെ ഉയിർത്തെഴുന്നേല്പിനുവേണ്ടി. ക്രൂരമൃഗങ്ങളുടെ ഉപദ്രവമേറ്റു്, മലമ്പനിയെന്ന മഹാമാരിയുടെ ആക്രമണത്തിനിരയായി കഷ്ടപ്പാടിലൂടെ സമൃദ്ധിയെ സ്വപ്നംകണ്ടുകൊണ്ടു് വിയർപ്പൊഴുക്കി കുരുപ്പിടിപ്പിച്ച ഇന്നത്തെ കോടഞ്ചേരിയുടെ ആദ്യഘട്ടങ്ങളിലേയ്ക്കു നമുക്കൊന്നു തിരിയാം.

തിരുവിതാംകൂറിൽ എരുമേലി സ്വദേശിയായ ശ്രീ. ചെമ്പകത്തുങ്കൽ മത്തായി കോഴിക്കോട്ടെത്തിനെത്തും. വിശ്വോത്തരമായ കത്തോലിക്കസമുദായത്തിലെ അംഗങ്ങൾ എന്നഭിമാനിക്കുന്ന നാം ഇക്കാര്യത്തിൽ പാർസികളെ അനുകരിച്ചെങ്കിൽ!

1942ൽ ശ്രീ. മാമിയൽ കട്ടയിയോട്ടു് തിരുവമ്പാടി അംശത്തിൽ അഞ്ചുനമ്പ്രു് മലവാരം കാണം തീറുവാങ്ങി. കുറെ സ്ഥലങ്ങൾ സ്വന്താവശ്യങ്ങൾക്കായി എടുത്തതിനുശേഷം ബാക്കിയുള്ള വളരെ ഏക്കർ സ്ഥലം ഉത്കൃഷ്ടാശയനായ ആ മാന്യൻ കോഴിക്കോട്ടരൂപതയ്ക്കു് എഴുതിക്കൊടുത്തു. കാലംചെയ്ത അഭിവന്ദ്യപ്രൊസേർപ്പിയൊ തെയ്യാനച്ചന്റെ കാലത്താണു് ഇതു നടന്നതു്. രൂപതയ്ക്കുവേണ്ടി വെരി. റവ. ഫാദർ ബറേറാ S. J. പ്രസ്തുത ഭൂമി ഏറ്റുവാങ്ങി.

രൂപതവകയായി ഒരു കോളനി സ്ഥാപിക്കണമെന്നും ബാക്കിവരുന്ന സ്ഥലത്തിൽ ഒരുഭാഗം ഭൂരഹിതരായ സാധുക്കൾക്കു ദാനമായി നല്കണമെന്നും പിന്നീടു ശേഷിക്കുന്ന ഭൂമി നിസ്സാരവിലയ്ക്കു കുടിയേറ്റക്കാർക്കു നല്കണമെന്നുമായിരുന്നു ബ. ബറേറാ അച്ചന്റെ ആഗ്രഹം. മുളകൾ ലഭ്യമാകയാൽ ഒരു കുടിലാസ്ഥാകൂറി തുടങ്ങണമെന്നുള്ള ആശയും അദ്ദേഹം പ്രകടിപ്പിച്ചിരുന്നു.

60 വീട്ടുകാർ

1943 അവസാനത്തോടുകൂടി കോഴിക്കോട്ടുരൂപതയിൽനിന്നു പ്രസ്തുത സ്ഥലം വില്ക്കുവാനുണ്ടെന്നു കാണിച്ചു് പത്രത്തിൽ പരസ്യംചെയ്തു. അതിനെത്തുടർന്നു് മീനച്ചിൽ, തൊടുപുഴ, മൂവാറ്റുപുഴ എന്നീ സ്ഥലങ്ങളിൽനിന്നു് അറുപതോളം വീട്ടുകാർ ഇവിടെയെത്തി ഭൂമി കച്ചവടംചെയ്തു. ശ്രീ. ഏഴാനിക്കാട്ടു് ഫ്രെഡ്, വടക്കേൽ ദേവസ്യ, കുന്നത്തു മത്തായി, ഫൈക ദേവസ്യ, പേടിക്കാട്ടുകുന്നേൽ ഫ്രെഡ്, പേഴത്തുങ്കൽ ദേവസ്യാ തുടങ്ങിയവർ അവരിൽ പെട്ടവരാണു്. അവരിൽ ചിലർ 8 മൈൽ ദൂരെസ്ഥിതിചെയ്യുന്ന തിരുവാംപാടിയിലും മറ്റുചിലർ 4 മൈൽ ദൂരെയുള്ള പുതുപ്പാടിയിലും താമസിച്ചുകൊണ്ടു് കോടഞ്ചേരിയിൽ ഭൂമി വെട്ടിത്തെളിച്ചു് കൃഷി ആരംഭിച്ചു. നെല്ലും കപ്പയുമായിരുന്നു ആദ്യ കൃഷി. കാട്ടാന, കാട്ടുപന്നി, മലമാൻ തുടങ്ങിയ ക്രൂരമൃഗങ്ങളുടെ ശല്യം കൊണ്ടു് കൃഷി നശിച്ചു. മുപ്പതോളം വീട്ടുകാർ ഏതുത്യാഗവും സഹിക്കുവാൻ തയ്യാറെടുത്തു. ബാക്കി ആളുകൾ സ്ഥലം ഉപേക്ഷിച്ചുപോയി. സ്വന്തം ഭൂമി വിലകൊടുത്തു വാങ്ങുവാൻ ആളില്ലായിരുന്നു. നാട്ടിലെത്തിച്ചേരുവാനുള്ള യാത്രച്ചെലവിനുപോലും മാർഗ്ഗമില്ലാതെ അവർ കഴങ്ങിപ്പോയി.

മഴ ആരംഭിച്ചതോടെ മലമ്പനിയും തലപൊക്കി. ആദ്യകുടിയേറ്റക്കാരിൽ മലമ്പനി പിടിപെടാത്തവർ ആരുംതന്നെയില്ല. വാഴക്കുളത്തുനിന്നു വന്ന ഒരു കുടുംബത്തിൽ 9 അംഗങ്ങൾ ഉണ്ടായിരുന്നു. അതിൽ 7പേർ പനിപിടിച്ചു മരിച്ചു. മറ്റു രണ്ടുപേർ തങ്ങളുടെ പ്രിയപ്പെട്ട മാതാപിതാക്കളും സഹോദരങ്ങളും അന്ത്യവിശ്രമം കൊള്ളുന്ന മണ്ണിൽ തപ്പാശ്രുക്കൾ വീഴ്ത്തിനാട്ടിലേയ്ക്കു മടങ്ങി.

പ്രഥമ ദിവ്യബലി

1943ൽ തന്നെ പൂളവള്ളി എന്ന സ്ഥലത്തുള്ള ശ്രീ. ചെമ്പകത്തുങ്കൽ മത്തായിയുടെ ഭവനത്തിൽ ബ.

ചരിത്രം

ബ്രേറാഅച്ചൻ ആദ്യമായി ദിവ്യബലി അർപ്പിച്ചു. പിന്നീട് കോടഞ്ചേരിനിവാസികളുടെ ആദ്ധ്യാത്മിക കാര്യങ്ങൾ നിറവേറ്റാൻ കോഴിക്കോട്ട രൂപതയിൽ നിന്നു റവ. ഫാദർ മൊൻറനാരി S. J. അവർകളെ നിയമിച്ചു. ആസ്ത്രേലിയ സ്വദേശിയായ അദ്ദേഹം നന്നേ ചെറുപ്പത്തിൽതന്നെ പട്ടാളത്തിൽ ചേരുകയും ദീർഘനാൾ മിലിട്ടറി സേവനം അനുഷ്ഠിക്കുകയും ചെയ്തതു നിമിത്തം പിന്നീട് വൈദികനായപ്പോൾ അചഞ്ചലമായ ആത്മധൈര്യവും അതുല്യമായ സഹനശക്തിയും ഒരുമുതലായി അദ്ദേഹത്തിനുണ്ടായിരുന്നു. തിരുവമ്പാടി, കൂടത്തായി, കോടഞ്ചേരി എന്നീ മൂന്നു ഇടവകകളിൽ അദ്ദേഹം സേവനംചെയ്തു. കോഴിക്കോട്ടരൂപതയുടെ രൂപവൽക്കരണത്തിൽ ബ. മൊന്തിനാരിഅച്ചന്റെ നേതൃത്വത്തിൽ കോടഞ്ചേരി വയലിനക്കരെ പള്ളിയായി ഒരു ഷെഡ്ഡ് പണിചെയ്തു. അതിന്റെ നിർമ്മാണത്തിൽ സ്ഥലവാസികൾ കഴിവതും സഹകരിക്കുകയുണ്ടായി. പള്ളിയുടെ അടുത്തു് സിമിത്തേരിയും സ്ഥാപിച്ചു.

മിതനാക്കുകയും ചെയ്തു. 20 ഏക്കർ സ്ഥലം പള്ളിയുടേയും മറ്റു സ്ഥാപനങ്ങളുടേയും ആവശ്യങ്ങൾക്കായി എടുത്തു. ബാക്കി വയലുകളും മലവാരങ്ങളും റവ. ഫാദർ സെക്യൂറ എസ്. ജെ. വില്പന നടത്തി. അതോടെ കൂടുതൽ കുടുംബങ്ങൾ കുടിയേറിപ്പാർക്കുവാൻ തുടങ്ങി. സ്ഥലംവിട്ടുപോയവരിൽ പലരും തിരിച്ചുവന്നു. ചിലർക്കു തങ്ങൾ നേരത്തെ വാങ്ങിയിരുന്ന സ്ഥലംതന്നെ ലഭിച്ചു. മറ്റു പലർക്കും നഷ്ടപ്പെട്ടു.

കോടഞ്ചേരി ഇടവകയെ സംബന്ധിച്ചിടത്തോളം 1944, 45, 46 എന്നീ വർഷങ്ങൾ കൂടുതൽ കഷ്ടപ്പാടിന്റെ കാലങ്ങളായിരുന്നു. ഒരു പോസ്റ്റുകാർഡൊരണ്ണം ബീഡിയൊ വാങ്ങിക്കണമെങ്കിൽ 8 മൈൽ ദൂരെ പോകണം. മലമ്പനിക്കു അല്പംപോലും ശമനമില്ല. 28 മൈൽ ദൂരെയുള്ള മേരിക്കുന്നു് (കോഴിക്കോട്ടു്) ആസ്പത്രിയാണു് ഏക അവലംബം. കോഴിക്കോട്ട രൂപത നടത്തിവരുന്ന പ്രസ്തുത സ്ഥാപനത്തിൽനിന്നു് കോടഞ്ചേരിനിവാസികൾക്കു ലഭിച്ചുവരുന്ന ശുശ്രൂഷാസൗകര്യങ്ങളെ പ്രത്യേകം എടുത്തുപറയേണ്ടതാണു്.

റവ. ഫാദർ സെക്യൂറ ഈ നാടിന്റെ വികാരി ആയപ്പോൾമുതൽ മാസത്തിൽ രണ്ടു കുർബാന വീതം കോടഞ്ചേരിയിൽ ചൊല്ലിവന്നു. ഇടവകയുടെ വടക്കുഭാഗം വേർതിരിച്ചു് കണ്ണോം ഇടവക അദ്ദേഹം സ്ഥാപിച്ചു. വിദ്യാഭ്യാസസൗകര്യത്തെ ലക്ഷ്യംവച്ചു

IX

സുപ്രസിദ്ധമായ കോടഞ്ചേരി

വിദ്വാൻ ജെ. അബ്രാഹം

മരിച്ചുവംശം ചാക്കിലൊ പായിലൊ പൊതിഞ്ഞുകെട്ടിയാണു് അന്നു പള്ളിയിലേയ്ക്കു കൊണ്ടുവരുന്നതു്. ദൂരെയുള്ള യാത്രയാകയാൽ ശവം വഴിയിൽവച്ചു് ആളുകൾ കരവിശ്രമിച്ചിട്ടേ യാത്ര തുടരുമായിരുന്നുള്ളു. കാടിന്റെ മദ്ധ്യത്തിൽ സ്വന്തമായി കഴി നിന്നിച്ചു്, സംസ്കാരകർമ്മങ്ങളൊന്നും കൂടാതെ ശവം അടക്കംചെയ്തു്, കാട്ടുകമ്പുകൾ ഒടിച്ചു് കുരിശിന്റെ ആകൃതിയിൽ കൂട്ടിക്കെട്ടി നാട്ടിയിട്ടു് ആൾക്കാർ മടങ്ങുന്നു.

പള്ളിയുടെ സമീപമായി ഏതോ പുരാതനക്ഷേത്രത്തിന്റെ അവശിഷ്ടങ്ങൾ കാണുകയാൽ പ്രസ്തുത സ്ഥലം ക്ഷേത്രംവക സ്ഥലമാണെന്ന സംശയത്തിന്മേൽ പള്ളി അവിടെനിന്നും മാറ്റപ്പെട്ടു. ശ്രീ. ഏഴാനിക്കാട്ടു് ഐപ്പിന്റെ വക സ്ഥലത്തു നാട്ടുകാർ ഷെഡ്ഡും കെട്ടി. ഒരു വർഷക്കാലത്തേയ്ക്കു ആ ഷെഡ്ഡു് പള്ളിയായി ഉപയോഗിച്ചു. അതിനെത്തുടർന്നു് ഇന്നു് യു. പി. സ്കൂൾ സ്ഥിതിചെയ്യുന്ന കുന്നിലേയ്ക്കു പള്ളി വീണ്ടും മാറി. അടുത്തു സിമിത്തേരിയും സ്ഥാപിച്ചു.

വീണ്ടും ജനം

കോടഞ്ചേരി ഇടവകയുടെ വികസനത്തിൽ ദൃഢമായി വിശ്വസിച്ചു് ഒട്ടനേകം യാതനകൾ സഹിച്ചു് യത്നിച്ച റവ. ഫാദർ മൊൻറനാരി രണ്ടു വർഷത്തെ സേവനത്തിനുശേഷം മടങ്ങിപ്പോവുകയും തൽസ്ഥാനത്തു് റവ. ഫാദർ ജോൺ സെക്യൂര S. J. നിയമിതനാകുകയും ചെയ്തു. 20 ഏക്കർ സ്ഥലം പള്ളിയുടേയും മറ്റു സ്ഥാപനങ്ങളുടേയും ആവശ്യങ്ങൾക്കായി എടുത്തു. ബാക്കി വയലുകളും മലവാരങ്ങളും റവ. ഫാദർ സെക്യൂറ എസ്. ജെ. വില്പന നടത്തി. അതോടെ കൂടുതൽ കുടുംബങ്ങൾ കുടിയേറിപ്പാർക്കുവാൻ തുടങ്ങി. സ്ഥലംവിട്ടുപോയവരിൽ പലരും തിരിച്ചുവന്നു. ചിലർക്കു തങ്ങൾ നേരത്തെ വാങ്ങിയിരുന്ന സ്ഥലംതന്നെ ലഭിച്ചു. മറ്റു പലർക്കും നഷ്ടപ്പെട്ടു.


കോടഞ്ചേരി ഇടവകയെ സംബന്ധിച്ചിടത്തോളം 1944, 45, 46 എന്നീ വർഷങ്ങൾ കൂടുതൽ കഷ്ടപ്പാടിന്റെ കാലങ്ങളായിരുന്നു. ഒരു പോസ്റ്റുകാർഡൊരണ്ണം ബീഡിയൊ വാങ്ങിക്കണമെങ്കിൽ 8 മൈൽ ദൂരെ പോകണം. മലമ്പനിക്കു അല്പംപോലും ശമനമില്ല. 28 മൈൽ ദൂരെയുള്ള മേരിക്കുന്നു് (കോഴിക്കോട്ടു്) ആസ്പത്രിയാണു് ഏക അവലംബം. കോഴിക്കോട്ട രൂപത നടത്തിവരുന്ന പ്രസ്തുത സ്ഥാപനത്തിൽനിന്നു് കോടഞ്ചേരിനിവാസികൾക്കു ലഭിച്ചുവരുന്ന ശുശ്രൂഷാസൗകര്യങ്ങളെ പ്രത്യേകം എടുത്തുപറയേണ്ടതാണു്.

റവ. ഫാദർ സെക്യൂറ ഈ നാടിന്റെ വികാരി ആയപ്പോൾമുതൽ മാസത്തിൽ രണ്ടു കുർബാന വീതം കോടഞ്ചേരിയിൽ ചൊല്ലിവന്നു. ഇടവകയുടെ വടക്കുഭാഗം വേർതിരിച്ചു് കണ്ണോം ഇടവക അദ്ദേഹം സ്ഥാപിച്ചു. വിദ്യാഭ്യാസസൗകര്യത്തെ ലക്ഷ്യംവച്ചു കൊണ്ടു് ഒരു സ്കൂൾകെട്ടിടം പണികഴിപ്പിച്ചു. അതാണു് ഇന്നത്തെ യു. പി. സ്കൂൾ. കെട്ടിടത്തിനു വേണ്ടവന്ന ഓട്ടം ഇഷ്ടികയും അദ്ദേഹം സംഭാവനചെയ്തു. ഗവണ്മെൻറിൽനിന്നു അംഗീകാരം ലഭിച്ചില്ലെങ്കിലും ഒന്നൊരണ്ടധ്യാപകർ കുട്ടികളെ പഠിപ്പിക്കുവാനാരംഭിച്ചു.

കോടഞ്ചേരി ഇടവകയിൽ ആദ്യമായി ഒരു പൊതുജനധ്യാനം നടത്തപ്പെട്ടു. ധ്യാനപ്രസംഗകൻ ഇന്നത്തെ പുല്ലൂരാംപാറ പള്ളി വികാരി റവ. ഫാദർ ബണ്ടർഡിൻ C. M. I. അവർകളായിരുന്നു. ധ്യാനത്തിന്റെ സമാപനദിനത്തിൽ കോഴിക്കോട്ടരൂപതയുടെ അഭിവന്ദ്യ മെത്രാനച്ചൻ റൈറ്റ് റവ. ഡോക്ടർ മരിയ പത്രോണി എസ്, ജെ. തിരുമനസ്സുകൊണ്ടു് ഇടംപ്രഥമമായി കോടഞ്ചേരിയിൽ ആഗതനായി. ഇടവകാംഗങ്ങൾ ഗംഭീരവും ഹൃദ്യവുമായ ഒരു സ്വീകരണമാണു് വന്ദ്യപിതാവിനു നല്കിയതു്. കുട്ടികൾ മുമ്പിലത്തെപ്പോലെതന്നെ സ്വീകരിച്ചു. പൊതുദിവ്യകാരുണ്യസ്വീകരണവും നടന്നു.

അധികംതാമസിയാതെ റവ. ഫാദർ സെക്യൂറ എസ്. ജെ. അവർകളെ അനാഥശാലയുടെ ചുമതല വഹിക്കാനും കൂടുതൽ പ്രേഷിതജോലി നിർവഹിക്കാനുമായി നിയോഗിച്ചു് കണ്ണൂരിനടുത്തുള്ള മാട്ടൽ എന്ന സ്ഥലത്തേയ്ക്കു മാറി. റവ. ഫാദർ കുര്യാക്കോസ് കുടക്കച്ചിറ കോടഞ്ചേരി ഇടവകയുടെ ഭരണം ഏറെറടു

ആദ്യം. ഇടവകയ്ക്ക് 50 ദിവസം മാത്രമേ അദ്ദേഹത്തിന്റെ സേവനങ്ങൾ ലഭിച്ചുള്ളുവെങ്കിലും, ഗതാഗത സൗകര്യങ്ങൾ തീരെ ഇല്ലാഞ്ഞതുകൊണ്ട് തദ്ദേശവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ മനസ്സിലാക്കി റോഡുപണി ആരംഭിച്ചു. പണി പൂർത്തിയാകുന്നതിനുമുമ്പ് അദ്ദേഹം സ്ഥലംമാറുകയും റവ. ഫാദർ ഫബിയൂസ് സി. എം. ഐ. ആഗതനാവുകയുംചെയ്തു.



മനോഹരമായ പള്ളി

ഇടവകയെ സംബന്ധിച്ചിടത്തോളം, അതിവർഷങ്ങളുടെ കാലത്ത് സ്നേഹമസൃണമായി പെരുമാറുകയും രോഗം പിടിപെട്ട് ക്ഷീണശരീരികളായിരുന്ന കാലങ്ങളിൽപോലും അവയൊന്നും കൂട്ടാക്കാതെ കഠിനാധ്വാനങ്ങൾ ചെയ്യുകയും ചെയ്ത കോഴിക്കോട്ടുരൂപതയിലെ ബ. വൈദികരുമായി വേർതിരിക്കുകയെന്നതു് ഇടവകാംഗങ്ങൾക്കു വളരെ വ്യഥയെയുളവാക്കി. എങ്കിലും സുറിയാനിക്രിസ്ത്യാനികളായ തങ്ങൾക്ക് തങ്ങളുടെ റീത്തിൽ കുർബാശകൾ ലഭിക്കാനിടയായതിൽ അവർ അത്യധികം സന്തോഷിക്കുകയുണ്ടായി.

രണ്ടാംഘട്ടം

പുതിയ ബ. വികാരിയച്ചൻ ഇടവകയെ സംബന്ധിച്ചുള്ള പോരായ്മകൾ തികച്ചും മനസ്സിലാക്കി. അദ്ദേഹത്തിന്റെ ശ്രദ്ധ ആദ്യമായി പതിഞ്ഞതു് സ്കൂൾ കാര്യത്തിലാണു്. കഠിനാധ്വാനത്തിന്റെ ഫലമായി 5-ാംസ്റ്റാന്റാർഡ് വരെയുള്ള ഒരു സ്കൂൾ ഗവണ്മെന്റിൽനിന്നു അനുവദിച്ചുകിട്ടി. ഒരു വർഷംമുമ്പുതന്നെ ഇടവകാതിർത്തിയിൽപെട്ട വേളംകോട്ട എന്ന സ്ഥലത്തു് ശ്രീ എൻ. ജെ. വക്കിക്കു ഒരു പ്രൈമറി സ്കൂൾ നടത്താൻ ഡിപ്പാർട്ടുമെന്റിൽനിന്നും അനുവാദം ലഭിച്ചു. ഈ രണ്ടു സ്കൂളുകളും ലഭിച്ചതു്, അന്നു് താമരശ്ശേരി സീനിയർ ഡപ്യൂട്ടി ഇൻസ്പെക്ടരായിരുന്ന ജനാബ് സി. ഒ. ടി. കുഞ്ഞിപ്പക്കി സാഹേബ് (ഇന്നദ്ദേഹം പബ്ലിക്ക് സർവീസ് കമ്മീഷൻ മെമ്പറാണു്) അവർകളുടെ മഹാമനസ്കത കൊണ്ടാണെന്നുള്ള കാര്യം പ്രത്യേകം പ്രസ്താവ്യമാണു്. 5-ാം സ്റ്റാൻറാർഡിൽനിന്നും ജയിക്കുന്ന കുട്ടികൾ തുടർന്നു പഠിക്കുവാൻ പുറത്തെങ്ങും പോകാനിടവരാതെ അടുത്തവർഷംതന്നെ കോടഞ്ചേരിയിൽ ഫയർ എലിമൻററി ക്ലാസ്സുകൾ ആരംഭിക്കാനും അനുവാദം സിദ്ധിച്ചു. അതിനുമുമ്പു് ഏതാനും വിദ്യാർത്ഥികൾ ഈ ലേഖകൻപ്പെടെ പുഴയും തോട്ടുകളും തരണംചെയ്തു് കാട്ടുവഴികളിലൂടെ അനുദിനം യാത്രചെയ്തു് 9 മൈൽ ദൂരെയുള്ള താമരശ്ശേരി ഗവണ്മെൻറു സ്കൂളിലാണു് പോയി പഠിച്ചിരുന്നതു്.

ഗതാഗത സൗകര്യങ്ങളുടെ അഭാവം കണക്കിലെടുത്തുകൊണ്ട് ഇടവകയുടെ വിവിധ ഭാഗങ്ങളിലേയ്ക്കു റോഡുകൾ വെട്ടുവാൻ ബ. ഫാബിയൂസച്ചൻ നേതൃത്വം നല്കി. യാക്കോബായ സുഹൃത്തുക്കളും ഇക്കാര്യത്തിൽ വളരെയധികം സഹകരിച്ചിട്ടുണ്ട്. തൽഫലമായി താമരശ്ശേരി, പുതുപ്പാടി എന്നീ സ്ഥലങ്ങളിലേയ്ക്കുള്ള റോഡുകൾ പൂർത്തിയായി.

ബ. അച്ചന്റെ പരിശ്രമംകൊണ്ടു കോടഞ്ചേരിയിൽ പോസ്റ്റാഫീസും അനുവദിച്ചുകിട്ടി. റേഷൻ


കാലമായിരുന്നതിനാൽ ഇക്കാലമത്രയും ഇടവകക്കാർ അരി വാങ്ങാൻ കാർഡുമായി തിരുവമ്പാടിയിലുള്ള റേഷൻഷാപ്പിലേയ്ക്കു പോകേണ്ടതുണ്ടായിരുന്നു. പാലമില്ലാത്ത 3 പുഴകളും അനവധി തോടുകളും കടന്ന് കാടും മലയും ചവുട്ടി പൊതിച്ചോറുമായി ശനിയാഴ്ചതോറും മഠം തിരുവമ്പാടിയിലെത്തി അരിവാങ്ങി ഏതെങ്കിലും കടകളുടെ തിണ്ണയിൽ രാത്രി കഴിച്ചുകൂട്ടും. അടുത്തദിവസം ആ അടുത്ത ആഴ്ചയിലെ അരിയുംകൂടി വാങ്ങി മടങ്ങിപ്പോരും. നെല്ലു വിളയുന്ന കാലം ഗവണ്മെൻറിൽനിന്നു ഒരു നെല്ലെടുപ്പുണ്ട്. അധികാരികൾ നിയമം ചൂഷണംചെയ്ത് പാവപ്പെട്ട കൃഷിക്കാരെ ഭയപ്പെടുത്തി വിത്തിനു വെച്ചിരുന്ന നെല്ലുപോലും ബലാൽ വാരിക്കൊണ്ടുപോയ സന്ദർഭങ്ങളുണ്ട്. ഈ പരിവ് അവസാനിപ്പിച്ച് വിളവിൻെറ അടിസ്ഥാനത്തിൽ ഒരു നിശ്ചിത അളവു നെല്ല് പള്ളിയിൽനിന്നു പിരിച്ചെടുത്ത് ഗവണ്മെൻറിലേയ്ക്കു നല്കുക എന്ന സമ്പ്രദായം ആരംഭിച്ചതും ബ. ഫാബിയൂസച്ചൻെറ കാലത്താണ്.



1962ൽ ബ. ഫാബിയൂസച്ചൻ സ്ഥലംമാറിപ്പോയി. ഉടൻതന്നെ വെരി റവ. ഫാദർ ദൊസിത്തേവൂസ് സി. എം. ഐ. അവർകൾ കോടഞ്ചേരിപ്പള്ളി വികാരിയായി നിയമിക്കപ്പെട്ടു.

ഹൈസ്ക്കൂൾ

തങ്ങളുടെ കുട്ടികൾക്കു ഉയർന്ന വിദ്യാഭ്യാസസൗകര്യം ലഭിക്കുന്നതിനു ഒരു ഹൈസ്കൂൾ ഉണ്ടാവണമെന്ന അഭിലാഷം നാട്ടുകാർ അദ്ദേഹത്തെ അറിയിച്ചു. അത്യന്തം ക്ലേശകരമായ ആ സദുദ്യമത്തിനു ബ. ദൊസിത്തേവൂസച്ചൻ തയ്യാറായി. കെട്ടിടനിർമ്മാണത്തിനുള്ള പണം എവിടെനിന്നുണ്ടാവും? ഇടവകക്കാർ എല്ലാംതന്നെ സാധാരണക്കാർ! പറയത്തക്ക ധനശേഷി ആർക്കുമില്ല. എങ്കിലും ഭഗ്നാശയരാകാതെ കെട്ടിടംപണി ആരംഭിച്ചു. സ്ത്രീജനങ്ങൾ വിസമ്മതം പ്രകടിപ്പിക്കാതെ തങ്ങളുടെ സ്വർണ്ണാഭരണങ്ങൾ ഊരിക്കൊടുത്തു. കുറവുപ്പണ്ടങ്ങളെ ലേലംചെയ്തു വിറ്റു. അങ്ങനെ 65000 രൂപായോളം ചെലവുവന്ന ഹൈസ്കൂൾ കെട്ടിടത്തിൻെറ മനോഹരമായ ആദ്യത്തെ ബ്ലോക്കു പണികഴിഞ്ഞു. 1954ജൂണിൽ സ്കൂളിനു അനുവാദം ലഭിച്ചു, പഠിത്തവും ആരംഭിച്ചു. പഴയ ഷെഡ്ഡ് തീരെ അപര്യാപ്തമായതിനാൽ പള്ളിയും പുതിയ കെട്ടിടത്തിലേയ്ക്കു മാറ്റപ്പെട്ടു. പുതുതായി ഒരു സിമിത്തേരിയും പണികഴിപ്പിച്ചു. ഇതിനകം കോഴിക്കോട്ട രൂപതയിൽനിന്നു തലശ്ശേരി രൂപതാഭരണം റെറ്റ്റവ. ഡോക്ടർ സെ



പള്ളി മറെറാരു ദൃശ്യം

ബാസ്റ്റ്യൻ വള്ളോപ്പള്ളി തിരുമനസ്സുകൊണ്ട് എഴുന്നെറ്റെത്തിരുന്നു.


ഗവണ്മെൻറിൽനിന്നു ലഭിച്ച സഹായത്തോടെ 20000 രൂപാ ചെലവുചെയ്ത് ഹൈസ്കൂളിൻെറ രണ്ടാമത്തെ ബ്ലോക്കും ബ. ദൊസിത്തേവൂസച്ചൻെറ നേതൃത്വത്തിൽ നിർമ്മിച്ചു. വായനശാലയ്ക്കുവേണ്ടി ഒരു കെട്ടിടവും ഉണ്ടാക്കി. പള്ളിവക ഒരു ആശുപത്രി തു

ടങ്ങണമെന്ന ഉദ്ദേശത്താൽ ആശുപത്രിക്കുവേണ്ടി ഒരു കെട്ടിടവും പണിചെയ്തു, റോഡുകൾ പരിഷ്കരിച്ചു. ഹൈസ്കൂളിന്റെ മുമ്പിൽ നല്ലൊരു സ്റ്റേഡിയം മാതിരി കാണുന്ന വിശാലമായ മൈതാനം നാട്ടുകാർ തലച്ചുമടായി മണ്ണെടുത്തു മാറ്റി നിരപ്പിച്ചിട്ടുള്ളതാണു്.

തികഞ്ഞ അച്ചടക്കബോധം വിദ്യാർത്ഥികളിൽ ഉണ്ടാകേണ്ടതിലേയ്ക്കു ബ. ദൊസിത്തേവൂസച്ചൻ പ്രത്യേകം ശ്രദ്ധപതിപ്പിച്ചിരുന്നു. തലശ്ശേരിരൂപതയിൽ ഏററവും കൂടുതൽ വിജയശതമാനം നേടുന്ന സ്കൂളിനു വേണ്ടി അഭിവന്ദ്യ മെത്രാനച്ചൻ ഏർപ്പെടുത്തിയിരുന്ന റോളിംഗ്കപ്പു്, തുടർച്ചയായി 3 വർഷവും രൂപതയിൽ പ്രഥമസ്ഥാനം കൈക്കലാക്കി കോടഞ്ചേരി ഹൈസ്കൂൾ കരസ്ഥമാക്കിയതും ഇദ്ദേഹത്തിന്റെ കാലത്താണു്. പല കൊല്ലങ്ങളിലും കോടഞ്ചേരി ഹൈസ്കൂൾ വിജയശതമാനത്തിൽ കോഴിക്കോട്ട ജില്ലയിൽ ഒന്നാംസ്ഥാനം നേടിയിരുന്നതിനുപുറമെ ഒരുവർഷം കേരളാസ്റ്റേററിൽ രണ്ടാംസ്ഥാനത്തിനു് അർഹമായി ഭവിക്കയും ചെയ്തു: ഇപ്പോഴത്തെ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ റവ ഫാദർ ജേക്കബ് ആലുങ്കൽ B. Sc. B. T. അവരകളാണു്.

മലബാർപ്രദേശത്തു്–തലശ്ശേരിരൂപതയിൽ ആദ്യമായി ആരംഭിച്ച ക്ലാരമഠം കോടഞ്ചേരിയിലേതാണു്. ബ. സിസ്റ്റേഴ്സിനു താമസിക്കുവാനുള്ള കെട്ടിടവും അതോടുചേർന്നുള്ള കപ്പേളയും ബ. ദൊസിത്തേവൂസച്ചന്റെ കാലത്താണു് പണികഴിപ്പിച്ചതു;

ആഗസ്റ്റ് 9-ാംനു കോഴിക്കോട്ടരൂപതയുടെ അഭിവന്ദ്യപിതാവിന്റെ സാന്നിദ്ധ്യത്തിൽ തലശ്ശേരിരൂപതാധ്യക്ഷൻ പുതിയ പള്ളിയുടെ വെഞ്ചരിപ്പുകർമ്മം നടത്തി. കോടഞ്ചേരിഇടവകയ്ക്കു ചുരുങ്ങിയ കാലംകൊണ്ടു കൈവന്ന പരിവർത്തനത്തിൽ കോഴിക്കോട്ടപിതാവു വളരെയധികം സന്തോഷിച്ചു. പള്ളിയുടെ പണി പൂർത്തിയായതോടെ ബ. വൈദികർക്കു താമസിക്കുവാനായി ഒരു കോൺക്രീറു കെട്ടിടവും നിർമ്മിച്ചു. ആധുനിക ശില്പകലയുടെ മകുടോദാഹരണമായി പരിലസിക്കുന്നിർവഹിച്ചു. പണപരമായ ബുദ്ധിമുട്ടുകളും കായക്ലേശങ്ങളും സഹിച്ചുകൊണ്ടു് വയോവൃദ്ധനായ ബ. ഗീവറുഗീസച്ചൻ ഒരു യുവാവിന്റെ ധീരതയോടും സാമർത്ഥ്യത്തോടുംകൂടെ പണിയാരംഭിച്ചു് കേവലം 8 മാസംകൊണ്ടു് ദൈവാലയം പൂർത്തിയാക്കി. 1906



ഹൈസ്കൂൾ

ന്ന കോടഞ്ചേരിപ്പള്ളി പൂർത്തിയാക്കുന്നതിനു് ഒരു ലക്ഷത്തോളം രൂപാ ചെലവായിട്ടുണ്ടു്. അനന്യസാധാരണമായ കഴിവുകളോടുകൂടിയ ബ. ഗീവറുഗീസച്ചനെക്കുറിച്ചുള്ള സ്മരണ ഈ ദേവാലയനിർമ്മിതിയിലൂടെ ഈ ഇടവകക്കാരിൽ എന്നെന്നും നിലനിൽക്കും.

മനോഹര ദൈവാലയം

വിശ്രമമെന്നിയെ, നാടിന്റെ നന്മയ്ക്കുവേണ്ടി അക്ഷീണം പ്രയത്നിച്ച ആ യോഗിവര്യൻ 1959 മെയ് മാസത്തിൽ പേരാവൂർ ഫൊറോനായുടെ വികാരിയായി സ്ഥലംമാറ്റപ്പെടുകയും ബ. പുനക്കാട്ട ഗീവർഗീസച്ചൻ തൽസ്ഥാനത്തു നിയമിതനാവുകയും ചെയ്തു. 35 വർഷത്തോളം പ്രശസ്തമായ നിലയിൽ പള്ളിഭരണം നടത്തി പരിചയവും പ്രാപ്തിയും സമാഹരിച്ച അദ്ദേഹമാണു് കോടഞ്ചേരിഇടവകയുടെ ഇപ്പോഴത്തെ വികാരി. അദ്ദേഹം സ്ഥലത്തെത്തി അധികം താമസിയാതെതന്നെ മനോഹരമായ ഒരു ദൈവാലയം കോടഞ്ചേരിക്കു വേണമെന്നു നിശ്ചയിച്ചു. പണിയും ആരംഭിച്ചു. 23-3-1959ൽ തലശ്ശേരിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യനസ്സുകൊണ്ടു പള്ളിയുടെ ശിലാസ്ഥാപനകർമ്മം

"അല്ലലില്ലാതൊഴിലാനന്ദം" എന്ന വാക്യത്തെ അന്വർത്ഥമാക്കുവാൻ തദ്ദേശവാസികൾ ഇനിയും പല കാര്യങ്ങളിലും ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

▲▲▲

ജോർജ്ജ് വാഷിങ്ങ്ടൻ

കെ. ജി.

അമേരിക്കയുടെ കഥ അവിടത്തെ പ്രസിഡണ്ടുമാരുടെ കഥയാണു്. അവരാണു് ആ രാജ്യത്തിന്റെ ഭാഗ്യവിധാതാക്കൾ. കാലമാകുന്ന മണലിൽ മായാത്ത പാദമുദ്രകൾ പതിച്ചവരാണവർ.

ജീവിതത്തിന്റെ എല്ലാ നിലകളിൽ നിന്നും അമേരിക്കയിൽ പ്രസിഡണ്ടന്മാർ ഉയർന്നുവന്നിട്ടുണ്ടു് – ദരിദ്രസങ്കേതങ്ങളിൽനിന്നും പ്രഭുമന്ദിരങ്ങളിൽനിന്നും, അവരിൽ ചിലർ താണനിലയിൽ ജനിച്ചതു് പ്രസിഡണ്ടുപദപ്രാപ്തിക്കു തടസ്സമായില്ല. ചിലർ ധനസമൃദ്ധിയിൽ മുഴുകിയിരുന്നതു് പ്രസിഡണ്ടസ്ഥാനാരോഹണത്തിനു സഹായകവുമായില്ല. എന്നാൽ അവരിലെല്ലാമുണ്ടായിരുന്ന ഒരു ഗുണമുണ്ടു്—സ്വാതന്ത്ര്യസ്നേഹം. വ്യക്തിയുടെസ്വാതന്ത്ര്യവും സ്വരാജ്യത്തിന്റെ സ്വാതന്ത്ര്യവും ലോകത്തിന്റെ സ്വാതന്ത്ര്യവും അവർ അഭിലഷിച്ചു. അമേരിക്കൻ ജാധിപത്യത്തിന്റെ അടിത്തറ അവർ കെട്ടിയുറപ്പിച്ചു. സ്വതന്ത്രമായും സമമായും ജീവിക്കാൻ സകല മനുഷ്യർക്കുമുള്ള അവകാശമാണു് ആ അടിത്തറ.

തോമസ് ജെഫേർസനും ജേംസ് മൺറോയും എബ്രാഹം ലിങ്കനും വുഡ്രോ വിൽസനും ഫ്രാങ്ക്ലിൻ റൂസ്വെൽറ്റും മഹാന്മാരായിരുന്നു സ്വന്തമായ രീതിയിലും അനന്യാപേക്ഷമായും.

ഏറ്റവും മഹാന്മാരായ പ്രസിഡണ്ടുമാരിലൊരാളാണു് ജോർജ്ജ് വാഷിംഗ്ടൻ. അദ്ദേഹം അമേരിക്കയ്ക്കു അമൂല്യങ്ങളായ രണ്ടു സമ്മാനം നല്കി—സ്വാതന്ത്ര്യവും ജനാധിപത്യവും. വിപ്ലവസേനയുടെ കമാണ്ടർ-ഇൻ-ചീഫായി സേവനം ചെയ്തു സ്വാതന്ത്ര്യവും അമേരിക്കയുടെ ഒന്നാമത്തെ പ്രസിഡണ്ടായി സേവനംചെയ്തു ജനാധിപത്യവും അദ്ദേഹം നല്കി.

സ്വാതന്ത്ര്യത്തെപ്പറ്റി ആദ്യം പറയാം: അമേരിക്കൻവിപ്ലവത്തിൽ അദ്ദേഹത്തിന്റെ പങ്കു് എന്തായിരുന്നു? ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു ഗാന്ധിജി നല്കിയ സംഭാവനപോലെ അതു് അതിരറ്റതാണു്. ഈ യോദ്ധ്യരാജ്യതന്ത്രജ്ഞനില്ലായിരുന്നെങ്കിൽ അമേരിക്ക എന്നെങ്കിലും സ്വതന്ത്രമാകുമായിരുന്നോ എന്നു് ആളുകൾ പലപ്പോഴും അത്ഭുതപ്പെടാറുണ്ടു്.

സ്വാതന്ത്ര്യസമരത്തിലെ അദ്ദേഹത്തിന്റെ ധീരകൃത്യങ്ങൾ അമേരിക്കയുടെ പുരാണകഥകളിൽ പതിഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ വിജയാപജയങ്ങളുടെയും വേദനകളുടെയും കഥകളോടൊപ്പം ഈ പുരാണകഥകളും വളർന്നുവന്നു. ഒടുവിൽ അദ്ദേഹം സ്വജനങ്ങളുടെ ദൃഷ്ടിയിൽ രാജ്യസ്നേഹത്തിന്റെ പ്രതീകമായിത്തീർന്നു.

രാഷ്ട്രീയപ്രവർത്തനത്തിലും യുദ്ധത്തിലും മുഴുകുന്നതിനുമുമ്പു് അദ്ദേഹം വെർജീനിയയിലെ മൗണ്ടു് വെർനൊണിലുള്ള കൃഷിഭൂമിയിൽ പ്രശാന്തമായി ജീവിക്കയായിരുന്നു, കുറെക്കാലം അദ്ദേഹം തന്റെ സ്റ്റേററിലെ നിയമനിർമ്മാണസഭയിൽ അംഗമായിരുന്നു.

അക്കാലത്തു് ബ്രിട്ടീഷുകാരുടെ നയത്തിലുള്ള അതൃപ്തിയും തന്നിമിത്തമുള്ള അശാന്തിയും അമേരിക്കൻ കോളണികളിലെങ്ങും അലയടിച്ചുകൊണ്ടിരുന്നു. മുറുക്കം വർദ്ധിച്ചുവർദ്ധിച്ചു് 1774 ആയപ്പോഴേയ്ക്കും പൊട്ടിത്തെറിക്കുമെന്ന നിലയായി. അടുത്തുതന്നെ രണ്ടാലൊന്നു തീരുമാനിച്ചു നീങ്ങേണ്ടിവരുമെന്നു കണ്ട ആളുകൾ അൾശക്തിയും പൊരുൾശക്തിയും സംഭരിച്ചുതുടങ്ങി.

ഏതെന്നാമസിയാതെ 1775ൽ ബ്രിട്ടീഷുകാരും കോളണികൃഷിക്കാരും തമ്മിൽ യുദ്ധമാരംഭിച്ചു, ഈ യുദ്ധമാണു് യഥാകാലം അമേരിക്കയെ സ്വതന്ത്രരാഷ്ട്രമാക്കിയതു്.

കോളണിക്കാരുടെ സേനകളെ നയിക്കാൻ വാഷിംഗ്ടൺ നിയുക്തനായി. അതു് അപ്പോൾ വെറും ആശയറ പണിയായി തോന്നിയിരുന്നു. രണ്ടാമത്തെ കോണ്ടിനെൻറൽ കോൺഗ്രസ്സിൽ അദ്ദേഹത്തെ ജനറലും കമാണ്ടറിൻ ചീഫുമായി ഐകമത്യേന തിരഞ്ഞെടുത്തു.

ക്ഷോഭങ്ങളും പീഡനങ്ങളും നിറഞ്ഞതായിരുന്ന അടുത്ത നൂറുകൊല്ലക്കാലം. വലിയ പോരാട്ടങ്ങളും പരാജയങ്ങളും അവമതികളും നേരിട്ടു. ഒഴിഞ്ഞ വയറോടെ, ചെരുപ്പിടാത്ത കാലുകളോടെ, നിറയൊഴിഞ്ഞ തോക്കുകളുമേന്തി നിണ്ടദൂരം മാർച്ചുചെയ്യേണ്ടിവന്നു.

വാഷിംഗ്ടൺ ഇപ്രകാരം എഴുതി: "യുദ്ധം ചെയ്യാൻ കഴിയില്ലാത്ത 2898ൽഅധികം

ആളുകൾ ഇപ്പോൾ നമുക്കുണ്ട്. എന്തെന്നാൽ അവർ നഗ്നപാദരാണ്, ഉടവസ്ത്രങ്ങളും അവക്കു കമ്മിയാണ്. അവരുടെ കഷ്ടപ്പാട് കണ്ടിട്ട് എന്റെ ആത്മാവു ഉരുകിപ്പോകുന്നു."

നൈരാശ്യപൂർണ്ണമെന്നു തോന്നിയ ഈ ഘട്ടത്തിൽ ജോർജ്ജ് വാഷിംഗ്ടൺ തന്റെ നേതൃത്വത്തിന്റെ മഹത്വം വെളിപ്പെടുത്തി. തികച്ചും അപ്രതീക്ഷിതമായ നേരത്തിൽ അദ്ദേഹം ശത്രുക്കളെ കടന്നാക്രമിച്ചു. ഒടുവിൽ വാഷിംഗ്ടന്റെ സേനകൾ ബ്രിട്ടീഷ് സേനകളെ തോല്പിച്ചു.

യുദ്ധത്തിൽ ജയിച്ചശേഷം അദ്ദേഹം തന്റെ കൃഷിഭൂമിയിലേയ്ക്കു തന്നെ മടങ്ങി, തന്റെ രാഷ്ട്രത്തിനു നേതൃത്വം വഹിക്കാൻ താൻ വേഗം വീണ്ടും ക്ഷണിക്കപ്പെടുമെന്നു് അദ്ദേഹം അപ്പോൾ അറിഞ്ഞിരുന്നില്ല. ചരിത്രവാസനകളോട് പോരാടുന്നതിനും രാഷ്ട്രീയ ജനാധിപത്യത്തിൽ പരീക്ഷണങ്ങൾ ആരംഭിക്കുന്നതിനും അദ്ദേഹത്തിന്റെ സേവനം വീണ്ടും ആവശ്യമായി.

വിജയത്തിന്റെ പിന്നാലെ വന്നിച്ച അരാജകത്വം നടമാടി. പ്രശ്നങ്ങൾ സർവത്ര തലപൊക്കി. ജനങ്ങൾ ലഹളകൾ തുടങ്ങുന്നതായി ശ്രുതികൾ ഉണ്ടായിരുന്നു. സൈനികമായ ഏകാധിപത്യം സ്ഥാപിക്കാൻ ആരൊക്കെയൊ ഉപജാപങ്ങൾ നടത്തുന്നുവെന്നും കേട്ടിരുന്നു. ജനറൽ വാഷിംഗ്ടനെ രാജാവാക്കാൻ പോകുന്നുവെന്നു് പട്ടാളക്കാരുടെയിടയിൽ പറച്ചിലുണ്ടായി.

എന്നാൽ വാഷിംഗ്ടൺ കിരീടം തിരസ്കരിക്കയാണു ചെയ്തതു്. അദ്ദേഹം പറഞ്ഞു: "യുദ്ധത്തിലെ യാതൊരു സംഭവവും എനിക്കിത്ര വേദനയുണ്ടാക്കിയിട്ടില്ല, ഈ അഭിപ്രായം ഞാൻ അറപ്പോടും വെറുപ്പോടുംകൂടി വീക്ഷിക്കുന്നു. ഞാൻ അതിനെ ശക്തിയായി എതിർക്കുന്നു.... എനിക്കീ സ്ഥാനം നല്കണമെന്ന നിർദ്ദേശത്തിനു്, എന്റെ ഏതു നടപടിയാണു് പ്രോത്സാഹകമായിത്തീർന്നതെന്നു് എനിക്കു മനസ്സിലാകുന്നില്ല."

ഏതാനും ദിവസങ്ങൾക്കുശേഷം തോമസ് ജെ ഫേർസൻ പറയുകയുണ്ടായി: "ഈ വിപ്ലവം ഇതോടെ അവസാനിക്കാതിരിക്കാൻ ഒരുവേള ഒറ്റയാളിന്റെ മിതഭാവവും സുകൃതവും ഹേതുവായി എന്നുപറയാം. മറ്റു പല വിപ്ലവങ്ങളും ഇങ്ങനെ അവസാനിച്ചുപോയിട്ടുണ്ടു്. ഏതൊന്നിന്റെ സ്ഥാപനത്തിനായി ആ വിപ്ലവങ്ങൾ ഉണ്ടായൊ ആ സ്വാതന്ത്ര്യത്തെത്തന്നെ അവ തകിടംമറിച്ചുകളഞ്ഞതുകൊണ്ടാണു് അവ അങ്ങനെ സമാപിച്ചുപോയതു്."

വാഷിംഗ്ടനു് അധികകാലം വിശ്രമജീവിതം അനുഭവിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം വീണ്ടും ഊർജ്ജിതമായ രാഷ്ട്രീയപ്രവർത്തനങ്ങളിൽ മുഴുകി. സുശക്തമായ കേന്ദ്രഭരണകൂടം സ്ഥാപിക്കാൻ അദ്ദേഹം ഉറ്റപ്രയത്നിച്ചു. അമേരിക്കയുടെ ഭരണഘടന എഴുതിയുണ്ടാക്കാൻ 1787 മെയ് 25-ാംനു അദ്ദേഹം മറ്റു പ്രതിനിധികളോടുകൂടി ഫിലാഡെൽഫ്യയിൽ സമ്മേളിച്ചു,

എന്നാൽ, അമേരിക്കയുടെ പ്രസിഡണ്ടാവണമെന്നു് അഭ്യർത്ഥിക്കുന്ന അനേകം കത്തുകൾ, യൂണിയൻ സ്ഥാപിതമാവുന്നതിനു മുമ്പുതന്നെ അദ്ദേഹത്തിനു കിട്ടിക്കൊണ്ടിരുന്നു. ഒടുക്കം അദ്ദേഹം കർത്തവ്യബോധത്തിനു വഴങ്ങി. പ്രസിഡണ്ടുപദം സ്വീകരിക്കാമെന്നു് 1789 ഫെബ്രുവരിയിൽ അദ്ദേഹം മനസ്സില്ലാമനസ്സോടെ സമ്മതിച്ചു.

നാലുവർഷം വീതം രണ്ടുപ്രാവശ്യം അദ്ദേഹം പ്രസിഡണ്ടായിരുന്നു. മൂന്നാമത്തെ കുറി അദ്ദേഹം ആ സ്ഥാനം നിരസിക്കയാണുചെയ്തതു്. അദ്ദേഹത്തിന്റെ വിടവാങ്ങൽ പ്രസംഗം ഒരു ക്ലാസ്സിക്കായിത്തീർന്നിട്ടുണ്ടു്. അമേരിക്കൻ രാഷ്ട്രത്തിന്റെ അടിസ്ഥാനപ്രമാണങ്ങൾ അദ്ദേഹം അതിൽ വിവരിച്ചിരിക്കുന്നു. കൊല്ലംതോറും അദ്ദേഹത്തിന്റെ ജന്മദിനത്തിൽ ആ പ്രസംഗം സെനറ്റിലും പ്രതിനിധിസഭയിലും വായിക്കാറുണ്ടു്. കഴിഞ്ഞ 50 കൊല്ലമായി ഈ പതിവു നിലവിലുണ്ടു്.

ഗവണ്മെൻറിന്റെ ഐക്യം എത്രകണ്ടു് ആവശ്യമാണെന്നു് ആ വിടവാങ്ങൽ പ്രസംഗത്തിൽ ഊന്നിപ്പറഞ്ഞിരുന്നു. സ്വാതന്ത്ര്യശില്പത്തിന്റെ മൂലത്തൂണാണു് ഐക്യമെന്ന അദ്ദേഹം ഉദ്ബോധിപ്പിച്ചു, സ്വരാജ്യത്തും വിദേശങ്ങളിലും സമാധാനവും ഭദ്രതയും പുലരുന്നതിനും, അമേരിക്കക്കാർ ഏറ്റവും അധികം വിലമതിക്കുന്ന സ്വാതന്ത്ര്യം നിലനിർത്തുന്നതിനും ഗവണ്മെൻറിന്റെ ഐക്യം അത്യന്താപേക്ഷിതമാണെന്നു് അദ്ദേഹം പറഞ്ഞു.

ഈ ഐക്യം ഒരു ഭരണഘടനയിലൂടെ സാധിക്കയും പ്രകടിതമാവുകയും വേണ്ടതാ

ണെന്നും ജനങ്ങളുടെ ഹിതമനുസരിച്ചു മാത്രമെ അതിൽ മാറ്റം ചെയ്യാവു എന്നും വാഷിങ്ടനു് ബോധ്യമായിരുന്നു.

സ്വരാജ്യത്തിനു മാത്രമല്ല, സകലലോകത്തിനും പ്രചോദനമരുളുന്ന ഒരു വ്യക്തിയാണു വാഷിംഗ്ടൻ. സ്വതന്ത്രഭരണകൂടത്തിന്റെ മണ്ഡലത്തിൽ പല രാഷ്ട്രങ്ങളും അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ സ്വീകരിച്ചുകാണുന്നു. സ്വാതന്ത്ര്യത്തിന്റെയും നീതിയുടെയും പ്രമാണങ്ങളിൽ സ്ഥാപിതമായ ഭരണകൂടം സാക്ഷാൽകരണീയമായ ഒരു ലക്ഷ്യമാക്കാൻ അദ്ദേഹം ചെയ്ത പരീക്ഷണങ്ങൾ സകല ലോകത്തിനും ധൈര്യം നല്കുന്നു.

അദ്ദേഹത്തിന്റെ ത്യാഗങ്ങൾ അപ്രതിമങ്ങളായിരുന്നു. അദ്ദേഹത്തിന്റെ നേട്ടങ്ങൾ ഐതിഹാസികങ്ങളും. ലോകം അദ്ദേഹത്തെ മറന്നില്ല. ലോകത്തിൽ പലയിടങ്ങളിലും പലവിധത്തിലും അദ്ദേഹത്തിനു് സ്മാരകങ്ങൾ ഉണ്ടായിട്ടുണ്ടു്, അമേരിക്കയിൽ പലയിടങ്ങളിൽ മാത്രമല്ല, റിയോഡെ ജാനൈറൊ, ബ്വെനോസ് ഐറേസ്, ലണ്ടൻ, പാരീസ്, ബുഡാപെസ്റ്റ് ടോക്യോ എന്നിവിടങ്ങളിലും അദ്ദേഹത്തിന്റെ പ്രതിമ സ്ഥാപിച്ചിട്ടുണ്ടു്.

വാഷിംഗ്ടന്റെ കാലത്തു് ജീവിച്ചിരുന്ന ഷത്തോബ്രിയാങ്ങ് എന്ന സുപ്രസിദ്ധ ഫ്രഞ്ചു് നയതന്ത്രജ്ഞൻ അമേരിക്കയിലെ ഒന്നാമത്തെ പ്രസിഡണ്ടിനെപ്പറ്റി പ്രവചനാത്മകമായ ഭാഷയിൽ ഇപ്രകാരം പറയുകയുണ്ടായി: "യാതൊന്നിൽ ഉന്നം വയ്ക്കുക തന്റെ കർത്തവ്യമായിരുന്നൊ അതിൽതന്നെ അദ്ദേഹം ഉന്നംവച്ചു... തന്റെ നിലനില്പു സ്വരാജ്യത്തിന്റെ നിലനില്പുമായി സമ്മേളിപ്പിച്ചു... യുഗങ്ങൾതോറും സ്വാതന്ത്ര്യത്തോടൊപ്പം വാഷിംഗ്ടന്റെ പേരും പ്രചരിക്കും."

കൂടിയേറ്റചരിത്രം: അടുത്തതിൽ: വയനാടിന്റെ ആദ്യപുത്രി: പയ്യംപള്ളി

Phone: 245

എൻ. സദാനന്ദ പൈ & കമ്പനി

★ HARDWARE & PAINT MERCHANTS ★

ത ല ശ്ശേ രി

ഞങ്ങളുടെവശം എട്ടപ്പു് നിർമ്മാണങ്ങൾക്കാവശ്യമുള്ള എല്ലാത്തരം ഇരുമ്പു്, ഉരുക്കു് സാമാനങ്ങളും വളരെ ആദായത്തിൽ വില്പാനുണ്ടു്.

-വിജാവരി, സ്ക്രൂ, നട്ടു്, ബോൾട്ടു്, എല്ലാത്തരം പെയിന്റു്, വാർണിഷ് ആസ്"ബെസ്റ്റോസ് പലക, പൈപ്പു്, G. I. പൈപ്പു് മുതലായവയും-

പാത്രങ്ങൾ നിർമ്മിക്കുവാനുള്ള ചെമ്പുപലകയും എപ്പോഴും സ്റ്റോക്കുണ്ടു്.

ഞങ്ങൾ ഗവണ്മെൻറിനാൽ ഇരുമ്പിനും ഉരുക്കിനും റജിസ്റ്റർ ചെയ്യപ്പെട്ട സ്റ്റോക്കിസ്റ്റുമാരുംകൂടിയാകുന്നു.

FOR ALL YOUR REQUIREMENTS IN

Printing such as

Question papers, annual reports, Souvenir etc.

And also for

Educational Forms and Books etc.

Please Contact:

AMALA PRINTING WORKS

AMALAPURI. KOZHIKODE-1

തയ്യാറായിരിക്കുന്നു

പുതിയ കുർബാനക്രമം (പരിഷ്കരിച്ച രണ്ടാംപതിപ്പ്)

നല്ല വെള്ളക്കടലാസ്—കൂട്ടിൽ പേജുകൾ—മനോഹരമായ പുറംചട്ട!
ആകർഷകമായ കമ്മീഷൻ വില 18 നപ.

പുതിയ തക്സാ

പുതിയ തക്സാ പലതരത്തിൽ മനോഹരമായി ബയൻറുചെയ്തു
തയാറാക്കിയിട്ടുണ്ട്

ഉടനെ സമീപിക്കുക!

മെത്രസനമന്ദിരം
തലശ്ശേരി.

അല്ലെങ്കിൽ

സെൻറ് ജോസഫ്സ് പ്രസ്സ്
മാനന്തവാടി P. O.
വയനാട്.

Printed and published by Fr. Narikuzhy at The St. Joseph's Press Manantoddy. P. o. Wynad: Kerala State for the Diocese of Tellicherry, Cum Permissu . Editor-Very Rev. Fr. G Kazhikachalil.